2009 ജൂൺ
ഹി.ശ 1388 - എഹ്സാൻ
1430 ജ: ഉൽ ആഖിർ -
റജബ്
പുസ്തകം 81 ലക്കം 6
വരിസംഖ്യ 150 ക.
ഒറ്റപ്രതി 15 ക.

സ്ഥാപിതം
1925

# സത്യദൂതൻ

മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്ലാമിക പ്രസിദ്ധീകരണം

## ഉള്ളടക്കം

4 യുഗശബ്ദം
5 മുഖക്കുറിപ്പ്

ലേഖനം

6 അക്രമം പ്രബോധനം ചെയ്യുന്നവർ
ഹദ്റത്ത് അഹ്മദ് (അ)
7 സ്നേഹം
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)
9 ഖുർആനും ഭൂമിയുടെ ചലനവും
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്
11 മതരാഷ്ട്രവാദം വിമർശിക്കപ്പെടുന്നു
ഏ.എം. മുഹമ്മദ് സലിം
16 ഞാനെന്തുകൊണ്ട് അഹ്മദിയായി
ഫാഇസുർറസൂൽ
18 ബൈബിളിലില്ലാത്ത ക്രൈസ്തവ വിശ്വാസം
കലീം
20 ഉഥ്മാനിയാ ഖിലാഫത്തും അസ്തമിക്കുന്നു
ഏ.എം. മുഹമ്മദ് സലിം
24 റസൂൽ തിരുമേനി(സ) 'അന്ത്യപ്രവാചക'നോ?
ഐ.കെ. അഹ്മദ് കുട്ടി
27 മുഹമ്മദ് നബി(സ) ഒരു പരിപൂർണ്ണ മനുഷ്യൻ; ഇസ്ലാം ആത്മീയ പരിണാമത്തിന്റെ സമ്പൂർണ്ണത
ഏ.ക്യു. മഹ്ദി
29 വിശുദ്ധരുടെ നായകത്വം
ഫരീദ് അഹ്മദ്. യു.കെ.

കുറിപ്പുകൾ

33 ഇസ്രായേലിനോട് അമേരിക്ക അകലുമോ?
36 യു.പി.എ. സർക്കാറിന് അഭിനന്ദനങ്ങൾ
38 കമലാസുരയ്യ ഓർമ്മയായി
39 വാർത്തകൾ

മുഖചിത്രം :
**ഇറാനിലെ ഒരു ജുമാ മസ്ജിദ്**

**ചീഫ് എഡിറ്റർ** : മുഹമ്മദ് അയ്യൂബ് Mob: 9895308227
**എഡിറ്റർ** : ഏ. എം. മുഹമ്മദ് സലിം Mob: 9895263384
**മാനേജർ** : അഹ്മദ് ഹസ്സൻ Mob: 9446482108

**അസി. മാനേജർ**
കെ.എം. അഹ്മദ് കോയ
**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
കെ.വി. ഈസക്കോയ
കെ.വി. ഹസ്സൻകോയ
പി.എം. ബഷീർ അഹ്മദ്
ഐ.കെ. അഹ്മദ് കുട്ടി

*വിലാസം*
**സത്യദൂതൻ, ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫാക്സ് : 0495 - 2721609**
e-mail: sathyadoothan@ahmadiyya.com

Printed & Published by M.A. Muhammed, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, Calicut - 1.

**2009 June** Regd. No. 3337/75, Postal Regn. No. KL/CT/108/2009-11. Estd. 1925 **Vol. L XXXI No. 6**
Licensed to post without pre-payment, Licence No : KL/PMG/NR/WPP/16/KKD/09-11 **Price Rs. 15/-**
**THE SATHYADOOTHAN MONTHLY**

## ഖുർആനിൽ നിന്ന്

അല്ലാഹുവിന്റെ മഹത്തായ കാരുണ്യം കൊണ്ടു തന്നെയാണ് നീ അവരോട് സൗമ്യമായി വർത്തിക്കുന്നത്. നീ പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ അവർ നിന്റെ ചുറ്റുനിന്നും ചിതറിപ്പിരിഞ്ഞു പോയ്ക്കളയുമായിരുന്നു. അതിനാൽ അവർക്ക് നീ മാപ്പു നൽകുകയും അവർക്കായി പാപമോചനത്തിന് വേണ്ടി നീ പ്രാർത്ഥിക്കുകയും പ്രധാനകാര്യങ്ങളിൽ അവരുമായി കൂടിയാലോചിക്കുകയും ചെയ്യുക. അങ്ങനെ കാര്യം തീരുമാനിച്ചു കഴിഞ്ഞാൽ അല്ലാഹുവിങ്കൽ ഭരമേൽപ്പിക്കുക. തീർച്ചയായും അല്ലാഹു ഭരമേൽപ്പിക്കുന്നവരെ ഇഷ്ടപ്പെടുന്നു. ***(3:160)***

## നബിവചനം


അനസ് (റ)വിൽ നിന്നും നിവേദനം: ഒരിക്കൽ റസൂൽ തിരുമേനി (സ)യുടെ അരികെ ഒരു അനുചരൻ നിൽക്കുകയായിരുന്നു. അപ്പോൾ മറ്റൊരാൾ അത് വഴി കടന്നുപോയി. 'ആ കടന്നുപോയ മനുഷ്യനെ ഞാൻ സ്നേഹിക്കുന്നു' എന്ന് അനുചരൻ റസൂൽ തിരുമേനി(സ)യോട് പറഞ്ഞു. റസൂൽ തിരുമേനി(സ) അദ്ദേഹത്തോട് ചോദിച്ചു: 'അക്കാര്യം താങ്കൾ അയാളോടു പറഞ്ഞുവോ?' അനുചരൻ പറഞ്ഞു: 'ഇല്ല', 'എങ്കിൽ അക്കാര്യം അയാളോട് പോയി പറയുക' എന്ന് തിരുമേനി(സ) പറഞ്ഞു. അനുചരൻ എഴുന്നേറ്റുപോയി 'അല്ലാഹുവിനുവേണ്ടി ഞാൻ താങ്കളെ സ്നേഹിക്കുന്നു' എന്ന് പറഞ്ഞു. അയാൾ മറുപടിയായി: 'അല്ലാഹുവിന് വേണ്ടി താങ്കൾ എന്നെ സ്നേഹിക്കുന്നത് പോലെ താങ്കളെ അല്ലാഹുവും സ്നേഹിക്കട്ടെ' എന്ന് പറഞ്ഞു

(അബൂ ദാവൂദ്)

**യുഗശബ്ദം**

# പൂർണ്ണ മനുഷ്യന്റെ ഗുണം

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**



ധർമ്മ ശാസ്ത്രത്തിനു മനുഷ്യന്റെ മേലുള്ള സ്വാധീന ശക്തി അവന്റെ ജീവിതത്തെ നിയന്ത്രിക്കുകയെന്നതാണ്. ഈ നിയന്ത്രണത്തിന്റെ പരിണിതഫലമായി അവൻ സമസൃഷ്ടികളുടെ അവകാശങ്ങൾ യഥാക്രമം തിരിച്ചറിയുകയും അവരോടുള്ള പെരുമാറ്റത്തിൽ നീതി, പരോപകാരത, സഹതാപം എന്നീ ധർമ്മങ്ങളെ യഥാക്രമം അനുവർത്തിക്കുകയും ചെയ്യുന്നു. തനിക്ക് ദൈവം നൽകിയ ജ്ഞാനവിജ്ഞാനങ്ങളിലും സുഖഐശ്വര്യങ്ങളിലും മറ്റനുഗ്രങ്ങളിലും അന്യരേയും യഥായോഗ്യം പങ്കാളികളാക്കിത്തീർക്കുന്ന സൂര്യനെ പോലെ അവൻ തന്റെ പ്രകാശ സമ്പത്ത് എല്ലാവർക്കും പകർന്നു കൊടുക്കുകയും ചന്ദ്രനെപ്പോലെ അവൻ സർവ്വപ്രകാശ കേന്ദ്രമായ ദൈവത്തിൽ നിന്നും സ്വീകരിക്കുന്ന പ്രഭാപൂരം അന്യർക്ക് ചൊരിഞ്ഞു കൊടുക്കുകയും ചെയ്യുന്നു. പകലിനെ പോലെ അവൻ പ്രകാശവാനായി സത്യത്തിന്റെയും സൽഗതിയുടേയും മാർഗ്ഗങ്ങൾ ലോകർക്ക് കാണിച്ചു കൊടുക്കുന്നു. രാവിനെപ്പോലെ ബലഹീനതകളേയും ദൗർബല്യങ്ങളേയും ചാപല്യങ്ങളേയും മറച്ചുവെക്കുകയും ക്ഷീണിതർക്കും ദുഃഖിതർക്കും വിശ്രമം നൽകുകയും അവൻ ആകാശത്തെപ്പോലെ പരവശർക്കും അഭയയാർത്ഥികൾക്കും ശരണം നല്കുകയും അവസരോചിതം തന്റെ കൃപാവർഷം അവരിൽ ചൊരിയുമാറാക്കുകയും ചെയ്യുന്നു.

***(ഇസ്ലാംമത തത്വജ്ഞാനം)***

**മുഖക്കുറിപ്പ്**

# കൂടിയാലോചന

രാജ്യഭരണം മുതൽ വ്യക്തിപരമായ പ്രശ്നങ്ങൾക്ക് വരെ പരിഹാരത്തിനുള്ള ഏറ്റവും ഉചിതമായ മാർഗ്ഗമാണ് കൂടിയാലോചന. പാർലിമെന്ററി ജനാധിപത്യത്തിന്റെ അനുപേക്ഷണീയ ഘടകമാണിത്. നിയമനിർമ്മാണസഭ എന്ന കൂടിയാലോചനാ സമിതിയാണ് അതിന്റെ ഗർഭഗൃഹം. ജനാധിപത്യത്തിൽ അഭിപ്രായ വ്യത്യാസങ്ങൾ ചർച്ചയിലൂടെയും കൂടിയാലോചനയിലൂടെയും ഏറ്റവും സംഘർഷരഹിതമായി പരിഹരിക്കപ്പെടുന്നു. അധികാരികൾ തീരുമാനമെടുക്കുന്നതിന് മുമ്പായി നടത്തുന്ന കൂടിയാലോചനകളാണ് വിയോജിപ്പുകളെ പരമാവധി പരിഹരിച്ച് രമ്യമനോഹരമായി കോർത്തിണക്കാൻ സഹായിക്കുന്നത്. ഇത് ആത്മാർത്ഥമായി അധികാരികൾ നടത്തുന്നുണ്ടോ എന്നതാണ് പ്രശ്നം. എടുക്കാൻ പോകുന്ന തീരുമാനങ്ങൾക്ക് കൂടിയാലോചനകൾ വ്യക്തമായ മിഴിവും തെളിവും നൽകുന്നു. ജ്ഞാനത്തിന്റെ സമ്പൂർണ്ണതികവാർന്ന വ്യക്തിയാണ് മുഹമ്മദ് നബി (സ). മാത്രമല്ല പ്രവാചകന്മാരിൽ വെച്ചേറ്റവും ശ്രേഷ്ഠനുമാണ്. അവിടുത്തോളം കൂടിയാലോചന നടത്തുന്ന ഒരു വ്യക്തിയെ തങ്ങൾ കണ്ടിട്ടില്ല എന്ന് അനുചരന്മാർ റസൂൽ തിരുമേനി (സ)യെ പറ്റി സാക്ഷ്യം പറയുമ്പോൾ മനുഷ്യന്റെ സാമൂഹിക ജീവിതത്തിൽ കൂടിയാലോചനക്ക് ഇസ്ലാം നൽകിയ പ്രാധാന്യം സുവിദമാണല്ലോ.

ഇത് സംബന്ധിച്ച് ഖുർആനിൽ വന്ന പരാമർശം **'വ അംറൂഹും ശൂറാ ബൈനഹും'** (അവരുടെ കാര്യങ്ങൾ കൂടിയാലോചനയിലൂടെ തീരുമാനത്തിലെത്തുന്നവർ) എന്നാണ് - അതായത് ഖുർആൻ പറയുന്നു.

***തങ്ങളുടെ നാഥന്റെ വിളിക്ക് ഉത്തരം നൽകുകയും നിസ്കാരം നിലനിർത്തുകയും തങ്ങളുടെ കാര്യങ്ങൾ പരസ്പരം കൂടിയാലോചിച്ച് തീരുമാനിക്കുകയും നാം അവർക്ക് നൽകിയതിൽ നിന്ന് ചിലവഴിക്കുകയും ചെയ്യുന്നവരും' (42:39)***

ഒരു തീരുമാനമെടുക്കുന്നതിന് മുമ്പായുള്ള കൂടിയാലോചനകൾ ആ തീരുമാനത്തെ ഏറ്റവും കുറ്റമറ്റതാക്കി മാറ്റുന്നു. തീരുമാനമെടുക്കുന്ന അധികാരിയോ സമിതിയോ വിളിച്ചുചേർക്കുന്ന കൂടിയാലോചന സമിതി കൊണ്ടുള്ള പ്രയോജനം. (1) തീരുമാനമെടുക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ടവരുടെ അഭിപ്രായങ്ങൾ അറിയാൻ സാധിക്കുന്നു. (2) വിവിധ വ്യക്തികൾ പ്രശ്നങ്ങളെ വിശകലനം ചെയ്ത് അവരുടെ യുക്തിക്കും ബുദ്ധിക്കുമനുസരിച്ച അതിലെ ഗുണദോഷങ്ങൾ വ്യക്തമാക്കുമ്പോൾ അധികൃതർക്ക് അത് സംബന്ധിച്ച് വ്യക്തമായ ധാരണകളുണ്ടാകുന്നു. (3) കൂടിയാലോചനാസമിതിയിലെ വ്യക്തികളുടെ വിലയേറിയ അനുഭവങ്ങളും അഭിപ്രായങ്ങളും അറിയാൻ കഴിയുന്നു. (4) അംഗങ്ങൾ തമ്മിൽ അഭിപ്രായവ്യത്യാസങ്ങളുണ്ടെങ്കിൽ അത് വാദമുഖങ്ങളിലൂടെ പരസ്പരം അവതരിപ്പിക്കുമ്പോൾ അധികൃതർക്ക് പ്രശ്നത്തിന്റെ നാനാവശങ്ങളിലേക്ക് വ്യക്തമായ ഉൾക്കാഴ്ച ലഭിക്കുന്നു. (5) വിയോജിപ്പുകളെ ഇല്ലാതാക്കാനും തീവ്രത കുറക്കാനും കൂടിയാലോചനകൾ സഹായിക്കുന്നു. ഇങ്ങനെ നിരവധി ഗുണങ്ങൾ കൂടിയാലോചനകൾക്കുണ്ട് എന്നത് കൊണ്ടാണ് ഇസ്ലാമിൽ കൂടിയാലോചനകൾക്ക് അതീവ പ്രാധാന്യം നൽകിയിരിക്കുന്നത്.

ജനാധിപത്യസംവിധാനങ്ങൾ വളരെയേറെ ഗൗരവപൂർവ്വം ശ്രദ്ധിക്കേണ്ട ഖുർആന്റെ ഉപദേശമാണ് കൂടിയാലോചിക്കുക എന്നത്. പ്രതിപക്ഷത്തുള്ളവരുടെ അഭിപ്രായങ്ങൾ ആരാഞ്ഞുകൊണ്ടും വിയോജിപ്പുകളെ പരമാവധി അനുരഞ്ജനത്തിലൂടെ പരിഹരിച്ചുകൊണ്ടും മാത്രമേ സൽഭരണം കാഴ്ചവെക്കാൻ സാധിക്കുകയുള്ളൂ എന്ന തത്വം ഭരണാധികാരികൾ പാലിക്കണമെന്നാണ് ഖുർആന്റെ താൽപര്യം.

ലേഖനം

ഹദ്റത്ത് അഹ്മദ് (അ)

# അക്രമം പ്രബോധനം ചെയ്യുന്നവർ

ഇസ്ലാമിന് അതിന്റെ ആരംഭഘട്ടത്തിൽ യുദ്ധങ്ങൾ ചെയ്യേണ്ടിവന്നത് എന്തിനാണെന്നും എന്ത് കാരണങ്ങളാലായിരുന്നുവെന്നും ഉള്ള രഹസ്യം അറിയാത്തവരാണ് അവിവേകികളും സ്വാർത്ഥംഭരികളുമായ ആ കൂട്ടർ. അവരാണ് അന്യായമായ കൊലകൾ നടത്തപ്പെട്ടതിന് കാരണക്കാരെന്ന് എനിയ്ക്ക് നല്ലപോലെ അറിയാം. ഇതിന്റെയെല്ലാം പാപഭാരം, അത്തരം സംഗതികൾ ഗൂഢമായി പഠിപ്പിച്ചുപോന്ന മൗലവിമാരുടെ ചുമലിലാണ് ഉള്ളത്. അതിന്റെ ഫലമായിട്ടാണ് ഈ വേദനാപൂർണമായ രക്തച്ചൊരിച്ചിലുകൾ സംഭവിച്ചത്. ഇവർ ഭരണാധികാരികളുടെ മുമ്പിലെത്തുമ്പോൾ അവർക്ക് കുമ്പിടാൻ പോലും തയ്യാറായ നിലയിൽ അവ രെ അഭിവാദ്യം ചെയ്യാൻ കുനിയുന്നു. എന്നാലവർ തങ്ങളുടെ കൂട്ടുകാരുടെ സദസ്സുകളിലിരിക്കുമ്പോൾ ഈ രാജ്യം 'ദാറുൽ ഹർബ്' ആണെന്നും ഇവർക്കെതിരായി ജിഹാദ് ചെയ്യേണ്ടത് നമ്മുടെ കർത്തവ്യമാണെന്നുമുള്ള കാര്യമാണ് അടിക്കടി ഊന്നിപ്പറയുന്നത്. ഇത്തരത്തിൽ ചിന്തിക്കാത്തവർ വളരെ കുറച്ചേ ഉള്ളൂ. അടിമുടി തെറ്റായിട്ടുള്ളതും വിശുദ്ധ ഖുർആന്റേയും ഹദീസുകളുടെയും പാഠങ്ങൾക്ക് വിരുദ്ധമായിട്ടുള്ളതും അത്രെ ഇത്. ഈ വിശ്വാസത്തെ അംഗീകരിക്കാത്തവരും ഇതിനെതിരായിട്ടുള്ളവരും ആരോ അവരെ ദജ്ജാൽ എന്ന് വിളിക്കുകയും അവർ വധാർഹരാണെന്ന് വിധിക്കുകയും ചെയ്യുന്നു. അങ്ങനെ ഏറെക്കാലമായി ഈയുള്ളവനും ഈ ഫത്വയ്ക്ക് കുറിയായിരിക്കുകയാണ്. എന്നെ ഈ രാജ്യത്തിലെ ചില മൗലവിമാർ ദജ്ജാലെന്നും കാഫിർ എന്നും പ്രഖ്യാപിച്ചിരിക്കുന്നു. ബ്രിട്ടീഷ് ഗവൺമെന്റിന്റെ നിയമങ്ങളെപ്പോലും ഭയപ്പെടാതെ എന്നെക്കുറിച്ച് ഒരു ഫത്വ ഗൂഢമായി തയ്യാറാക്കുകയും ഈ മനുഷ്യൻ വധാർഹനാണ് എന്നും ഇവന്റെ മുതലുകൾ കൊള്ളയടിക്കപ്പെടുകയും ഇവന്റെ പെണ്ണുങ്ങളെ തട്ടിക്കൊണ്ടുപോകയും ചെയ്യുന്നത് വലിയ പുണ്യമുള്ള കാര്യമാണെന്നും മറ്റും ഇതിൽ പ്രഖ്യാപിക്കയും ചെയ്തിരിക്കുന്നു. ഇതിന് കാരണമെന്താണ്? ഞാൻ വാഗ്ദത്ത മസീഹ് ആയിരിക്കുന്നതും അവരുടെ ജിഹാദ് തത്വത്തിന്നെതിരായി ഉൽബോധനങ്ങൾ നൽകുന്നതും അവരുടെ രക്തദാഹി മഹ്ദിയുടെയും രക്തദാഹി മസീഹിന്റെയും ആവിർഭാവം – അവർ വെളിപ്പെട്ടാൽ തങ്ങൾക്ക് കൊള്ളയും കൊലയും യഥേഷ്ടം നടത്താമെന്ന വലിയ വ്യാമോഹങ്ങൾ ഇക്കൂട്ടർ പുലർത്തിപ്പോന്നിരുന്നു – അയഥാർത്ഥമാണെന്ന് ഘോഷിക്കുന്നതും തന്നെ. ഇതുകാരണം അവരുടെ ക്രോധത്തിനും ശത്രുതയ്ക്കും ഞാൻ ഇരയായിരിക്കുന്നു. എന്നാൽ, അവർ കരുതുന്ന പ്രകാരമുള്ള ജിഹാദ് യഥാർത്ഥത്തിൽ ശരിയല്ലെന്ന് അവർ ഓർത്തുകൊള്ളേണ്ടതാണ്. മാനുഷികമായ അനുകമ്പാഭാവങ്ങളാണ് അത് മുഖേന ആദ്യമായി കൊലചെയ്യപ്പെടുന്നത്. പണ്ട് ജിഹാദ് നടത്തി വന്നിരുന്നെങ്കിൽ ഇപ്പോൾ അത് ഹറാമായിരിക്കുന്നത് എങ്ങനെ എന്നവർ ചോദിക്കുന്നു. ഇതിന് നമ്മുടെ പക്കൽ രണ്ട് മറുപടികളാണുള്ളത്. ഒന്ന് 'ഖിയാസ് മഅൽ ഫാരിഖ്' ആണ്. ആദ്യം വാളെടുത്തവർക്കെതിരായിട്ടു മാത്രമല്ലാതെ നമ്മുടെ നബി നായകർ (സ) വാളെടുത്തിട്ടില്ല. വളരെ നിർദ്ദയവും നിഷ്ഠൂരവുമായ രീതിയിലാണ് നിരപരാധികളും നിർദ്ദോഷികളും ആയ പുരുഷന്മാരും സ്ത്രീകളും കുട്ടികളും അവരാൽ നിഗ്രഹിക്കപ്പെട്ടത്. ഇന്നും ആ ദുരന്തകഥകൾ കേൾക്കുമ്പോൾ കരച്ചിൽ വരുന്നു. അത്രയും വേദനാജനകമായ വിധത്തിലാണ് ആ കൊലപാതകങ്ങൾ നടന്നത്. ഇനി ഇസ്ലാമിൽ കല്പിച്ചത് ഈ മൗലവിമാർ പറയുന്ന തരത്തിലുള്ള ജിഹാദ് തന്നെയായിരുന്നുവെന്ന് വാദത്തിനുവേണ്ടി സമ്മതിച്ചാൽ തന്നെ. ആ കൽപന ഈ കാലത്ത് നിലനിൽക്കുന്നില്ല. എന്തുകൊണ്ടെന്നാൽ, വാഗ്ദത്ത മസീഹ് വെളിപ്പെട്ടാൽ വാളു കൊണ്ടുള്ള ജിഹാദും മതപരമായ യുദ്ധങ്ങളും അവസാനിപ്പിക്കപ്പെടുമെന്നു എഴുതപ്പെട്ടിരിക്കുന്നു.

***(ജിഹാദ്)***

ലേഖനം

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)
ഖലീഫത്തുൽ മസീഹ് രണ്ടാമൻ

# സ്നേഹം

## കടിഞ്ഞാണില്ലാത്ത കേവല സ്നേഹം ഒരു ധാർമ്മിക ഗുണമല്ല. വിവേകബോധത്തോടെയുള്ള സ്നേഹമാണ് യഥാർത്ഥ ധാർമ്മിക ഗുണമായി മാറുന്നത്.

സ്നേഹം ആണ് മനുഷ്യർക്കും മറ്റുള്ള ജന്തുക്കൾക്കും പൊതുവായുള്ളതാണ്. സ്നേഹത്തിന്റെ എതിരായുള്ളത് വെറുപ്പാണല്ലോ. പ്രകൃതിദത്തമായ ഈ രണ്ടു വികാരങ്ങളെയും ധാർമികഗുണങ്ങളാക്കി മാറ്റുകയാണ് ആവശ്യം. നമുക്ക് എല്ലാറ്റിനേയും സ്നേഹിക്കുവാനും എല്ലാറ്റിനേയും വെറുക്കാനും സാദ്ധ്യമല്ല. എന്നാൽ, ഈ വികാരങ്ങൾ പ്രകടിപ്പിക്കുന്നതിൽ നിയന്ത്രണങ്ങളും പരിധിനിശ്ചയങ്ങളും ആവശ്യമാണ്.

നമുക്ക് ആവശ്യമായിട്ടുള്ള വസ്തുക്കളെ, അല്ലെങ്കിൽ നമുക്ക് ആശ്വാസം നൽകുകയോ, നമ്മുടെ ഇന്ദ്രിയങ്ങൾക്ക് ആനന്ദമേകുകയോ ചെയ്യുന്ന വസ്തുക്കളെ നാം സ്നേഹിക്കുന്നു. ഇതു ഒരു നൻമയൊന്നുമല്ല. എന്തെന്നാൽ, ഈ സ്നേഹവികാരം ജന്തുക്കൾക്കും, സഹജമായിട്ടുള്ളതാണ്. സ്നേഹം ഒരു ധാർമ്മികഗുണമായി മാറുന്നത് മൂന്നുപ്രകാരത്തിലാണ്. ഒന്ന്, ശരിയായ അനുപാതത്തിൽ പ്രകടിപ്പിക്കപ്പെടുമ്പോൾ, അതായത്, ഒരാൾ മറ്റൊരാളെക്കാൾ കൂടുതൽ സ്നേഹിക്കപ്പെടുന്നതിനു അർഹനാണെങ്കിൽ അയാൾക്കതു ലഭിക്കുമാറാകണം. രണ്ട്, ഭാവിയിൽ ലഭിക്കാനിരിക്കുന്ന ഗുണഫലങ്ങളിലുള്ള പ്രത്യാശയുടെ അടിസ്ഥാനത്തിൽ പ്രകടിപ്പിക്കപ്പെടുന്നതിനേക്കാൾ മുമ്പ് ലഭിച്ചിട്ടുള്ള ഗുണഫലങ്ങൾക്കുള്ള നന്ദിഭാവത്തെ അടിസ്ഥാനപ്പെടുത്തിയാകുമ്പോൾ ആദ്യത്തേതു സ്വാർത്ഥലാഭേച്ഛയുടെ അടിസ്ഥാനത്തിലുള്ളതാണെങ്കിൽ, രണ്ടാമത്തേത് ബാദ്ധ്യതയുടെ അടിസ്ഥാനത്തിലുള്ളതാണ്. മൂന്ന്, ഉടൻ ലഭിക്കുന്ന ഗുണഫലത്തെയല്ലാതെ വിദൂരഭാവിയിൽ ലഭിക്കാനിരിക്കുന്ന ഗുണഫലത്തെ അടിസ്ഥാനമാക്കിയുള്ളതാകുമ്പോൾ, ഈ നിലകളിൽ സ്നേഹം ഒരു ധാർമ്മികഗുണമായി മാറുന്നു. ഈ മൂന്നു നിയന്ത്രണങ്ങൾക്കും വിധേയമായ സ്നേഹവികാരം ഒരു സഹജവികാരം മാത്രമല്ലാതെ ഒരു ഉത്തമധാർമ്മിക ഗുണമായിമാറുന്നു.

ഈ മൂന്നു നിബന്ധനകളും വിശുദ്ധഖുർആൻ നിർദ്ദേശിച്ചിട്ടുള്ളതാണ് അതു പറയുന്നു:

***"പറയുക നിങ്ങളുടെ മാതാപിതാക്കളും നിങ്ങളുടെ മക്കളും നിങ്ങളുടെ സഹോദരന്മാരും നിങ്ങളുടെ ഭാര്യന്മാരും നിങ്ങളുടെ ഭർത്താക്കന്മാരും നിങ്ങളുടെ ഉറ്റവരും നിങ്ങൾ സമ്പാദിച്ച മുതലുകളും, മാന്ദ്യം സംഭവിക്കുമെന്നു നിങ്ങൾ പേടിച്ചുകഴിയുന്ന നിങ്ങളുടെ കച്ചവടവും, വാസസ്ഥാനങ്ങളും നിങ്ങൾ ഇഷ്ടപ്പെടുന്ന ഹർമ്മ്യങ്ങളും അല്ലാഹുവിനെക്കാളും അവനെ റസൂലിനെക്കാളും ദൈവമാർഗ്ഗത്തിലുള്ള പ്രയത്നങ്ങളെക്കാളും നി ങ്ങൾക്ക് പ്രിയങ്കരമായിട്ടുള്ളതാണെങ്കിൽ നിങ്ങളെക്കുറിച്ചുള്ള ഒരു ദൈവവിധിയെ കാത്തിരുന്നുകൊൾക! തങ്ങളുടെ ഉത്തരവാദിത്തങ്ങൾ വിസ്മരിക്കുന്നവരെ അല്ലാഹു നേർവഴിയിലാക്കുന്നില്ല (9:24).***

നമ്മുടെ സ്നേഹം അർഹിക്കുന്നവരോട് പുലർത്തേണ്ട സ്നേഹം എന്ന സഹജവികാരത്തെ ഒരു ധാർമ്മികഗുണമാക്കിമാറ്റണമെങ്കിൽ നമ്മുടെ സ്നേഹം നിശ്ചിതമായ അനുപാതത്തിലുള്ളതായിരിക്കണം. ഓരോരുത്തരുടെയും പദവിയ്ക്കും നിലയ്ക്കും അനുസരിച്ചുള്ളതായിരിക്കണം, അവരോടുള്ള സ്നേഹം പ്രകടിപ്പിക്കേണ്ടത്. ദൈവത്തെ അർഹിക്കുന്ന അളവിലും രീതിയിലും സ്നേഹിക്കണം. മാതാപിതാക്കളെയും, ഭാര്യമാരേയും, ഭർത്താക്കന്മാരേയും, അവരുടെ നിലക്കൊത്തും സ്നേഹിക്കേണ്ടതാണ്.

അപ്രകാരമല്ലാത്തപക്ഷം സ്നേഹം വെറുമൊരു വികാരപ്രകടനം മാത്രമായിതീരും. ഉദാഹരണമായി, ഭാര്യക്കുവേണ്ടി മാതാപിതാക്കളെ ഒരാൾ കൈവിടുകയാണെങ്കിൽ, സ്വന്തം മുതലുകൾ സംരക്ഷിക്കാനായി മാതൃരാജ്യത്തിന്റെ വിളി കേൾക്കാതിരിക്കുകയാണെങ്കിൽ അത്തരമൊരാൾ സ്നേഹിക്കുന്നു എന്നതുകൊണ്ടുമാത്രം നല്ലവനായി കരുതാവുന്നതല്ലതന്നെ. എന്നാൽ, അതു യുക്തിയും വിവേകവും മൂലവും, നിയന്ത്രിച്ചിട്ടില്ലാത്തതിനാൽ നല്ല ധാർമ്മികഗുണമാകുന്നില്ല.

രണ്ടാമത്തെ നിബന്ധന, ഒരാൾ ഇപ്പോൾ അനുഭവിക്കുന്ന ഗുണഫലങ്ങളെയോ, ഭാവിയിൽ അനുഭവിക്കാനിരിക്കുന്ന ഗുണഫലങ്ങളെയോ പരിഗണിച്ചുകൊണ്ടിരിക്കുന്ന സ്നേഹമാണ്. അനുഭവിച്ചുകൊണ്ടിരിക്കുന്ന ഗുണഫലങ്ങളെ അപേക്ഷിച്ച് അനുഭവപ്പെട്ടുകഴിഞ്ഞ ഗുണഫലങ്ങളുടെ അടിസ്ഥാനത്തിലുള്ള സ്നേപ്രകടനാണ് ഉത്തമധർമ്മം. ഈ നിബന്ധന വച്ചുനോക്കിയാൽ മക്കളോടുള്ള സ്നേഹം ഒരു ധാർമ്മിക ഗുണവും ആണെന്നുകാണാം. മാതാപിതാക്കൾക്ക് മക്കളോടുള്ള സ്നേഹം തലമുറ നിലനിർത്താനുള്ള സഹജപ്രേരണയുടെ പ്രകടനമാകുന്നു. മാതാപിതാക്കൾ മക്കളോട് അനുവർത്തിക്കാൻ പ്രകൃതി നിശ്ചയിച്ച ധർമ്മങ്ങൾ അവ മുമ്പു തന്നെ നിർവ്വഹിച്ചുകഴിഞ്ഞിരിക്കയാൽ അവരുടെ ആ വികാരം പ്രയോജനമില്ലാത്തതാണ്. എന്നാൽ, മാതാപിതാക്കളോട് ഒരു പുത്രൻ കാണിക്കുന്ന സ്നേഹാദരം ഒരു ധാർമ്മികഗുണമാകുന്നു. മാതാപിതാക്കളിൽനിന്ന് തന്റെ ശൈശവത്തിലും ബാല്യത്തിലും ലഭിച്ചുകഴിഞ്ഞ ഉപകാരത്തിന്റെ സ്മരണ എന്ന നിലയിൽ, അവർ കാണിച്ച സ്നേഹവായ്പിന് പകരമായി അവരോടും സ്നേഹാദരങ്ങൾ കാണിക്കുകയും തന്റേതായ എല്ലാം സംത്യജിച്ചും അവർക്ക് എല്ലാ സുഖങ്ങളും ആശ്വാസവും ഒരുക്കുവാൻ ഒരുങ്ങുകയും ആണ് അവൻ അപ്രകാരം ചെയ്യുന്നത്. അതുകൊണ്ട് തന്നെയാണ് ***"സ്വർഗ്ഗം മാതാവിന്റെ പാദങ്ങൾക്കിടയിലാണ്"*** എന്ന് ഇസ്ലാം പറയുന്നത്. സ്വർഗ്ഗം മക്കളുടെ കാലിന്നടിയിലാണെന്നു പറഞ്ഞില്ല. ബുദ്ധിയുള്ള ഏതൊരാളും തങ്ങളുടെ മാതാപിതാക്കളെ സ്വാഭാവികമായും സ്നേഹിക്കും. എന്നാൽ, എല്ലാവരും തങ്ങളുടെ മാതാപിതാക്കളെ സ്വാഭാവികമായും സ്നേഹിക്കണമെന്നില്ല. മറിച്ച്, സ്വന്തം മക്കളുടെ നിസ്സാരകാര്യങ്ങളെ മുൻനിറുത്തി മാതാപിതാക്കളെ കയ്യൊഴിച്ചതിലേക്കുള്ള എത്രയോ ഉദാഹരണങ്ങൾ എടുത്തുകാണിക്കാനാവും. ഇതു ഉത്തമധാർമ്മികഗുണമാണെന്നും ആരെങ്കിലും പറയുമോ?

സ്നേഹം ഒരു സഹജവികാരമെന്നനിലയിൽ ധാർമ്മിക ഗുണമായി മാറുന്നതിന്നാവശ്യമായ മൂന്നാമത്ത ഉപാധി ഉടനെ ലഭിക്കുന്ന ഗുണഫലത്തെയും, സുഖാനുഭൂതിയേയും മാത്രമല്ലാതെ വിദൂരഭാവിയിലെ ഗുണഫലങ്ങളെ പരിഗണിച്ചായിരിക്കണം അതെന്നതാണ്. ഒരാൾ ഒരു വസ്തുവെ സ്നേഹിക്കുന്നു എന്നു കരുതുക. ആ സ്നേഹം അയാളുടെ മതവിശ്വാസത്തെയോ ധാർമ്മികതയേയോ പ്രത്യക്ഷത്തിൽ അപകടപ്പെടുത്തുന്നതുമാണ്. അങ്ങനെ വരുമ്പോൾ ആ സ്നേഹം വെറുമൊരു സ്വാഭാവികവികാരം മാത്രമല്ലാതെ ധാർമ്മിക ഗുണമാകുന്നില്ല.എന്തെന്നാൽ, അങ്ങനെയുള്ള സ്നേഹത്തിന്റെ അനിവാര്യഫലം നല്ലതല്ല ചീത്തതന്നെയായിരിക്കും. മറ്റൊരുദാഹരണം ഒരുമാതാവ് തന്റെ കുട്ടിയെ അവന്റെ തെറ്റുകുറ്റങ്ങളെ ആസ്പദമാക്കി ശാസിക്കാൻ ഒരുങ്ങുന്നില്ലെന്നു വിചാരിക്കുക. അത് അവനോടുള്ള സ്നേഹം കൊണ്ടാണെങ്കിൽ ഈ സ്നേഹം വെറുമൊരു വികാരപ്രകടനമല്ലാതെ ധാർമ്മികഗുണമാകുന്നില്ല. ധാർമ്മികഗുണമാകണമെങ്കിൽ കുട്ടിയെ ശാസിക്കുകയും തെറ്റുതിരുത്താൻ പ്രേരിപ്പിക്കുകയും ആണ് ചെയ്യേണ്ടിയിരുന്നത്. കാരണം, കുട്ടിയുടെ യഥാർത്ഥമായ നന്മ ആ ഘട്ടത്തിൽ അവനെ ശാസിക്കുന്നതിലാണ്, തലോലിക്കുന്നതിലല്ല. ഇതു സംബന്ധിച്ചു വിശുദ്ധഖുർആൻ നൽകുന്ന പാഠം ഇതാണ് :

***"അല്ലയോ വിശ്വാസികളേ, യഥാർത്ഥമായ സ്നേഹം ഇതാണ്: നിങ്ങൾ നിങ്ങളെതന്നെയും, നിങ്ങളുടെ ഭാര്യാമക്കളെയും, നാശത്തിൽനിന്ന് രക്ഷിക്കുവിൻ !" (66 : 7)*** ◆

## ഗൃഹാന്തർഭാഗത്തേക്ക് എത്തിനോക്കരുത്

നഹ്ല് (റ) നിന്നു നിവേദനം: ഒരിക്കൽ ഒരാൾ തിരുമേനി(സ)യുടെ വീട്ടിലേക്ക് ചുമരിലെ ഒരു പൊത്തിലൂടെ എത്തിനോക്കി. തിരുമേനി (സ) ഇരുമ്പിന്റെ ഒരു ചീർപ്പു കൊണ്ട് തല ചീകുകയായിരുന്നു. തിരുമേനി (സ) അരുളി: 'നീ എത്തിനോക്കുകയാണെന്ന് ഗ്രഹിച്ചെങ്കിൽ ഇത് കൊണ്ട് നിന്റെ കണ്ണിൽ ഞാൻ കുത്തുമായിരുന്നു. വീട്ടിനകത്തേക്ക് നോക്കിക്കാണാതിരിക്കാൻ വേണ്ടിയാണ് അന്യർ വീട്ടിൽ വരുമ്പോൾ സമ്മതം ചോദിക്കണമെന്ന് നിശ്ചയിച്ചിരിക്കുന്നത്.' ***(ബുഖാരി)***

ലേഖനം

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

# ഖുർആനും ഭൂമിയുടെ ചലനവും

## മലകൾ ചലിക്കുകയാണെന്ന പ്രസ്താവനയിലൂടെ ഭൂമി ചലിക്കുകയാണെന്ന സത്യമാണ് യുക്തിഭംഗമില്ലാതെ നൂറ്റാണ്ടുകൾക്ക് മുമ്പ് ഖുർആൻ പ്രഖ്യാപിച്ചത്.

ആകാശഗോളങ്ങളുടെ ചലനങ്ങളുമായി ബന്ധപ്പെട്ട പ്രപഞ്ചത്തെ പറ്റിയുള്ള ഈ വിവരണത്തിലെ ഏറ്റവും ശ്രദ്ധേയമായ പ്രത്യേകത ഭൂമിയുടെ ചലനത്തെ വിവരിച്ചിരിക്കുന്ന രീതിയാണ്. അക്കാലത്ത് നിലവിലുണ്ടായിരുന്ന പ്രചുര പ്രചാരം സിദ്ധിച്ച വീക്ഷണവുമായി പ്രത്യക്ഷത്തിൽ യാതൊരു വിധ വൈരുദ്ധ്യങ്ങളുമില്ലാതെയാണ് ഖുർആൻ അത് വിവരിച്ചിരിക്കുന്നത്. അക്കാലത്തെ എല്ലാ പണ്ഡിതൻമാരും ജ്ഞാനികളും ഒന്നടങ്കം വിശ്വസിച്ചിരുന്നത് ഭൂമിസ്ഥിരമായി നിൽക്കുകയാണെന്നും സൂര്യൻ ചന്ദ്രൻ മുതലായ മറ്റു ആകാശഗോളങ്ങൾ ഭൂമിക്കു ചുറ്റും ചലിക്കുകയാണെന്നുമായിരുന്നു. ഈ വീക്ഷണ പ്രകാരം ഭൂമിയുടെ ചലനത്തെ പറ്റിയ ഖുർആനിലെ പ്രതിപാദ്യം ഒരു സാധാരണ ഖുർആൻ വായനക്കാരന് പ്രത്യക്ഷമായി ശ്രദ്ധയിൽപ്പെട്ടില്ല എന്നു വന്നേക്കാം. പക്ഷേ ശ്രദ്ധാപൂർവ്വം വായിക്കുന്ന ഒരു പഠിതാവിനെ സംബന്ധിച്ചിടത്തോളം അതിലടങ്ങിയ സന്ദേശം സുവ്യക്തവും വാചാലവുമാണ്. ഭൂമി സ്ഥിരമായി നിൽക്കുന്നതായും മറ്റു ആകാശഗോളങ്ങൾ അതിനെ ചുറ്റിസഞ്ചരിക്കുന്നതായും ഖുർആൻ വിവരിച്ചിട്ടുണ്ടായിരുന്നെങ്കിൽ അക്കാലത്തെ ജനത അതുകൊണ്ട് തൃപ്തിപ്പെടുമായിരിക്കാം. ഖുർആന്റെ കർത്താവിന്റെ അജ്ഞതയുടെ തെളിവായി ആ പ്രസ്താവനെ പിൽക്കാലത്ത് വരുന്ന ജനത തെളിവായി കണക്കാക്കുകയും ചെയ്യും. അത്തരത്തിലുള്ള ഒരു പ്രസ്താവന സർവ്വജ്ഞാനിയും പരമോന്നതനുമായ ഒരുവനിൽ നിന്നാവാൻ വഴിയില്ലെന്ന് അവർ ഉറപ്പിച്ചു പറയുകയും ചെയ്യും.

ഭൂമിയുടെ ചലനത്തെ മറ്റു ആകാശഗോളങ്ങളുടെ ചലനവുമായി താരതമ്യം ചെയ്യുന്നതിനു പകരം ഖുർആൻ താഴെ കാണുന്ന വചനം രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്.

***'നീ കാണുന്ന പർവ്വതങ്ങൾ, ഉറച്ചുനിൽക്കുന്നതായി നീ കരുതുന്നു. അതേസമയം അവ മേഘങ്ങൾ ചലിക്കുന്നത് പോലെ നിരന്തരം ചലിച്ചുകൊണ്ടിരിക്കുന്നു. എല്ലാ സൃഷ്ടികളേയും സൃഷ്ടിച്ചു ബലപ്പെടുത്തിയിരിക്കുന്ന അല്ലാഹുവിന്റെ പ്രവർത്തനമാണിത് (27:89)***

പർവ്വതങ്ങൾ നിരന്തരം ചലിക്കുകയാണെന്ന് പ്രഖ്യാപിക്കുകയാണെങ്കിൽ ഇതിൽ നിന്ന് ലഭിക്കുന്ന യുക്തിപരമായ നിഗമനം ഭൂമിയും കൂടെ ചലിക്കുന്നു എന്നാണ്. എന്നാൽ ഇത്തരമൊരു നിരീക്ഷണം ശ്രദ്ധിക്കപ്പെടാതെ പോയതിന് ഖുർആന്റെ മഹിതമായ ഭാഷാപ്രയോഗത്തിന് നന്ദി പറയാം. ഭൂമി സ്ഥിരമായി നിൽക്കുകയാണെന്ന് മറ്റു മനുഷ്യസമൂഹത്തെപോലെ ഖുർആന്റെ അനുയായികളും ധരിക്കുകയാണുണ്ടായത്. അവരുടെ ഈ തെറ്റിദ്ധാരണ പ്രത്യക്ഷത്തിൽ വെല്ലുവിളിക്കപ്പെട്ടിരുന്നില്ല. അവർ ഈ വചനത്തിന്റെ അവസാന ഭാഗം സൂക്ഷ്മമായി വായിച്ചിരുന്നെങ്കിൽ അവർക്ക് യാതൊരുവിധ തെറ്റിദ്ധാരണയും ഉണ്ടാകുമായിരുന്നില്ല. അവർക്ക് ബലം പ്രയോഗിച്ച് ഇളക്കുവാൻ കഴിയാത്ത വിധത്തിൽ അത്രയും ഉറച്ച നിലയിൽ എല്ലാറ്റിനേയും സൃഷ്ടിച്ച ദൈവത്തിന്റെ കഴിവുകളെ വാഴ്ത്തിക്കൊണ്ടാണ് ആ വചനം അവസാനിക്കുന്നത്. ഇളക്കാൻ കഴിയാത്ത ഒന്നിനെയും ഭൂമിക്ക് വെളിയിലേക്ക് തള്ളുവാൻ സാധ്യമല്ല. ഭൂമിയെ വിട്ടുകൊണ്ട് അതിന് ഒറ്റക്ക് പറക്കുവാനും സാധ്യമല്ല.

പർവ്വതത്തെക്കുറിച്ച് പല ഖുർആൻ വചനങ്ങളിലും, ***'ഉറപ്പിച്ച വിധത്തിൽ രൂഢമൂലമായത്' അഥവാ 'റവാസിയ'*** എന്ന് കാണാം. ഖുർആൻ പറയുന്നു:

***'നിങ്ങൾക്ക് കാണാവുന്ന തൂണുകൾ കൂടാതെ അവൻ ആകാശങ്ങളെ സൃഷ്ടിച്ചിരിക്കുന്നു. ഭൂമി നിങ്ങളേയും കൊണ്ട് ഇളകാതിരിക്കുന്നതിന് അവ***

***നതിൽ പർവ്വതങ്ങളെ സ്ഥാപിച്ചിരിക്കുന്നു. എല്ലാതരം ജീവികളേയും അവനതിൽ വ്യാപിപ്പിച്ചിരിക്കുന്നു. നാം ആകാശത്ത് നിന്ന് വെള്ളമിറക്കി എന്നിട്ട് അതിൽ മെച്ചപ്പെട്ട എല്ലാ ഇനവും നാം മുളപ്പിച്ചു.'*** (31:11)

***'നാം ഭൂമിയിൽ ഉറച്ച പർവ്വതങ്ങളെ സ്ഥാപിച്ചു. അവ (മനുഷ്യന്) ഭക്ഷണം നൽകാൻ വേണ്ടി. ശരിയായ ലക്ഷ്യത്തിലെത്തുന്നതിന് വേണ്ടി നാം അതിൽ വിശാലമായ മാർഗ്ഗങ്ങൾ ഉണ്ടാക്കുകയും ചെയ്തു.' (21:32)***

***അവൻ ഭൂമിയിൽ ഉറച്ച മലകൾ സ്ഥാപിച്ചിരിക്കുന്നു; നിങ്ങൾക്ക് ഭക്ഷണം നൽകുന്നതിന് വേണ്ടി, നദികളും വഴികളും നിങ്ങളുടെ ലക്ഷ്യപ്രാപ്തിക്കായി ഉണ്ടാക്കി (16:16)***

അക്കാലത്ത് നിലനിന്നിരുന്ന വിജ്ഞാനത്തെ ഉറക്കെ വെല്ലുവിളിക്കാതെ തന്നെ ഈ വെളിപാടു അവതരിപ്പിക്കുന്നതിൽ വിശുദ്ധ ഖുർആൻ അസാമാന്യമാം വിധം വിജയിച്ചിരിക്കുന്നു. സൂറഃ നംലിലെ 89-ാം വചനം ***'നീ കാണുന്ന പർവ്വതങ്ങൾ, ഉറച്ചുനിൽക്കുന്നതായി നീ കരുതുന്നു. അതേസമയം അവ മേഘങ്ങൾ ചലിക്കുന്നത് പോലെ നിരന്തരം ചലിച്ചുകൊണ്ടിരിക്കുന്നു. എല്ലാ സൃഷ്ടികളേയും സൃഷ്ടിച്ചു ബലപ്പെടുത്തിയിരിക്കുന്ന അല്ലാഹുവിന്റെ പ്രവർത്തനമാണിത് (27:89)*** നോക്കുക ഈ വചനം ഭാവികാലത്ത് സംഭവിക്കുന്ന ഖിയാമം നാളുമായി (അവസാന നാൾ) ബന്ധപ്പെട്ടതാണെന്ന് ആളുകൾ ധരിച്ചേക്കാം. പക്ഷേ, താഴെ പറയുന്ന കാരണങ്ങളാൽ ഈ തെറ്റായ ധാരണ അംഗീകരിക്കാൻ സാധ്യമല്ല.

1. ആ വചനം വ്യക്തമായും വർത്തമാനകാലത്തിലാണ് പ്രതിപാദിച്ചിരിക്കുന്നത് ഭാവികാലത്തിലല്ല. 'വാവ്' ( ) എന്ന അക്ഷരം 'ഉം' (And) എന്നതിന് പകരമായി 'അതേസമയം' (While) എന്ന് തർജ്ജമ ചെയ്യാവുന്നതാണ്. അങ്ങനെയാവുമ്പോൾ അതിന്റെ അർത്ഥം ***'പർവ്വതങ്ങൾ ഉറച്ചു നിൽക്കുന്നതായി നീ കരുതുന്നു. അതേ സമയം അവ ചലിച്ചുകൊണ്ടിരിക്കുകയാണ്.'*** ഈ ഭാഗം ഭാവികാലവുമായി ബന്ധപ്പെടുത്തുക എന്നത് അനുവദനീയമല്ലാത്തതാണ്.

2. പർവ്വതങ്ങൾ ഭാവിയിൽ പറക്കുകയാണെങ്കിൽ എങ്ങനെയാണ് മനുഷ്യന് അതിൽ പാർക്കുവാൻ കഴിയുക. പർവ്വതങ്ങളുടെ ഈ പറക്കൽ കാണാൻ വേണ്ടി സുരക്ഷിതമായ ഒരകലത്തിൽ അന്യഗ്രഹങ്ങളിൽ ചെന്ന് വീക്ഷിക്കുകയാണെങ്കിൽ തന്നെ അന്തരീക്ഷത്തിൽ അവ പാറിക്കളിച്ചുകൊണ്ടിരിക്കെ അത് നിശ്ചലമായി നിൽക്കുന്നു എന്നത് വിശ്വസിക്കാൻ കഴിയുമോ? അതുകൊണ്ട് അത്തരത്തിലുള്ള ഒരു തർജ്ജമയുടെ പ്രശ്നം ഉദിക്കുന്നില്ല. മാത്രമല്ല ഇക്കാലത്തെ മനുഷ്യർ പർവ്വതങ്ങൾ നിശ്ചലമായി നിൽക്കുന്നതായും, ഭാവിയിൽ അവ അങ്ങനെ നിശ്ചലമായി നിൽക്കാതെ പറക്കുന്നതായി സൂചിപ്പിക്കുകയും ചെയ്യുന്ന വിധത്തിൽ തർജ്ജമ ചെയ്യുന്നത് വ്യക്തമായ തെറ്റായിരിക്കും. പർവ്വതങ്ങൾ ഉറച്ചു നിൽക്കുന്നവയാണെങ്കിൽ മനുഷ്യന് അവ ഉറച്ചു നിൽക്കുന്നതായിട്ടു തന്നെ കാണാം. അല്ലാതെ അവ ഉറച്ചു നിൽക്കുന്നതായി കരുതുന്നു എന്ന് പറയേണ്ടതില്ല. ***'അത് ഉറച്ചു നിൽക്കുന്നതായി നിങ്ങൾക്കറിയാം. അതങ്ങനെ തന്നെയാണ്. എന്നാൽ, ഭാവിയിൽ അത് അങ്ങനെയായിരിക്കില്ല'*** എന്നായിരുന്നു ഖുർആൻ പറയേണ്ടിയിരുന്നത്. എന്നാൽ, ഖുർആൻ പറഞ്ഞത് അപ്രകാരമല്ല.

3. അതേ വചനത്തിന്റെ ഒടുവിൽ, പറക്കുന്നതായിരിക്കെ തന്നെ അവ ശക്തമായി ബലപ്പെടുത്തിയിരിക്കുന്നു എന്ന പരാമർശം ദൈവസൃഷ്ടിയുടെ ഉറച്ചു നിൽപ്പിനെ ദൃഢീകരിക്കുകയും വാഴ്ത്തുകയും ചെയ്യുന്നതാണ്.

പുരാതന കാലത്തെ ഖുർആൻ വ്യാഖ്യാതാക്കൾ ഈ വചനം വ്യാഖ്യാനിക്കാൻ കൂടുതൽ വിഷമകരമാണെന്ന് പറഞ്ഞുകൊണ്ട് മൗനം പാലിക്കുകയുണ്ടായി.

എല്ലാ ആകാശഗോളങ്ങളും നിരന്തരം ചലിച്ചുകൊണ്ടിരിക്കുകയാണെന്നും അവയൊന്നും തന്നെ നിശ്ചലമല്ലെന്ന് കൂടി വിശുദ്ധ ഖുർആൻ പ്രസ്താവിക്കുന്നു.

***ഓരോന്നും ഓരോ ഭ്രമണപഥത്തിൽ അനായാസം ചരിച്ചുകൊണ്ടിരിക്കുന്നു.(21:34)***

എല്ലാറ്റിനും ബാധകമായ ഈ പ്രസ്താവന പ്രപഞ്ചത്തെയാകെ സംബന്ധിച്ചുള്ളതാണ്. നമ്മുടെ സൗരയൂഥ വ്യവസ്ഥയും അതിൽ നിന്ന് വിട്ട് മാറി നിൽക്കുന്നില്ല. ഇത് കൂടാതെ ആകാശഗോളങ്ങളുടെ ദീർഘവൃത്തചലനത്തെ സംബന്ധിച്ച് (Elliptical movement) ഖുർആൻ പല സ്ഥലങ്ങളിലും പ്രതിപാദിക്കുന്നു. അതോടൊപ്പം അതിന്റെ (സൗരയൂഥ വ്യവസ്ഥയുടെ) വിധിക്കപ്പെട്ട മരണനാളിലേക്കുള്ള ചലനത്തെപ്പറ്റിയും പരാമർശിക്കുന്നു. താഴെ കൊടുത്ത വചനങ്ങൾ ഈ രണ്ട് വിഷയങ്ങളുൾക്കൊള്ളുന്നു.

***'നിങ്ങൾക്ക് കാണുവാൻ കഴിയുന്ന തൂണുകൾ കൂടാതെ ആകാശങ്ങളെ ഉയർത്തിയവനാണ് അല്ലാഹു. പിന്നീട് അവൻ സ്വയം സിംഹാസനത്തിന്മേൽ ആസനസ്ഥനായി. സൂര്യനേയും ചന്ദ്രനേയും അവൻ സേവനത്തിനായി നിയോഗിച്ചു. ഒരു നിശ്ചിത സമയം വരെ അവ ചരിക്കുന്നു. അവൻ അതിനെയെല്ലാം ക്രമ***

*(ശേഷം 15-ൽ)*

ലേഖനം

എ.എം. മുഹമ്മദ് സലിം

# മതരാഷ്ട്രവാദം വിമർശിക്കപ്പെടുന്നു

## ഇസ്‌ലാമിന്റെ പേരിൽ ഉയർന്നുവരുന്ന മതരാഷ്ട്രവാദത്തിന്റെ വിവിധ വശങ്ങളെ പരിശോധിക്കുന്ന ലേഖനപരമ്പര ആരംഭിക്കുന്നു

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങൾ മുതൽ ലോകരാഷ്ട്രീയം പ്രക്ഷുബ്ധമായിരുന്നു. ദശലക്ഷക്കണക്കിന് ആളുകൾക്ക് ജീവഹാനി സംഭവിച്ച ഒന്നും രണ്ടും ലോകമഹായുദ്ധങ്ങൾ, ആറ്റംബോംബിന്റെ പ്രയോഗം, രക്തരൂക്ഷിതമായ കമ്യൂണിസ്റ്റ് വിപ്ലവങ്ങൾ, വംശീയ ദേശീയതയുടെ ഹീന സിദ്ധാന്തങ്ങളുമായി ഫാസിസത്തിന്റേയും നാസിസത്തിന്റേയും അരങ്ങേറ്റം, ദേശീയ സ്വാതന്ത്രപ്രസ്ഥാനങ്ങളുടെ വിമോചന സമരങ്ങൾക്കെതിരെ കൊളോണിയൽ ശക്തികളുടെ അടിച്ചമർത്തൽ തുടങ്ങി ഇരുപതാം നൂറ്റാണ്ടിലെ മനുഷ്യകൃത ദുരന്തങ്ങൾ ചരിത്രത്തെ കിടിലം കൊള്ളിക്കുന്നതായിരുന്നു. കലുഷിതവും അസ്വസ്ഥവുമായിരുന്ന ആ കാലഘട്ടത്തിലെ ലോകസമൂഹം പലവിധ ചിന്താപ്രവാഹങ്ങൾക്കും വേദിയായി. പതിനാല് മുതൽ പതിനഞ്ച് വരെ നൂറ്റാണ്ടുകളിൽ സംഭവിച്ച യൂറോപ്യൻ നവോത്ഥാനത്തിനുശേഷം നിലവിൽ വന്ന ദേശീയ രാഷ്ട്രങ്ങൾ വിനാശകരമായ ആശയങ്ങൾ സ്വീകരിച്ച് ഇരുപതാം നൂറ്റാണ്ടിൽ രക്തദാഹികളായ ഭീകരസ്ഥാപനങ്ങളായി മാറി. വംശീയവാദത്തിന്റേയും, തീവ്രദേശീയ ഭ്രാന്തിന്റേയും കമ്യൂണിസ്റ്റ് വിപ്ലവത്തിന്റേയും ആത്യന്തിക സിദ്ധാന്ത സ്വരൂപങ്ങളിൽ സർവ്വാധികാരിയായ രാഷ്ട്രങ്ങൾ ഭീതിജനകമാംവിധം എഴുന്നേറ്റുനിന്നു. ഭീകരങ്ങളായിരുന്നു അവയുടെ വിളയാട്ടങ്ങൾ. മതംപോലെ വികാരവായ്പോടെ ഇത്തരം പ്രതിലോമ രാഷ്ട്രീയ സിദ്ധാന്തങ്ങൾ സ്വീകരിച്ച് പരമാധികാരിയായ രാഷ്ട്രങ്ങൾ പരിണമിച്ച ഉദ്വേഗജനകമായ ഒരു കാലഘട്ടമായിരുന്നു അത്. മതരാഷ്ട്രവാദം പോലെയുള്ള അസുരവിത്തുകൾ രൂപപ്പെടാനും കിളിർക്കാനുമുള്ള ഭൂമികയായി സംഭവബഹുലമായ ഇരുപതാം നൂറ്റാണ്ട് മാറുകയായിരുന്നു.

ഇരുപതാം നൂറ്റാണ്ടിൽ മുസ്‌ലിം ലോകം എത്തിയത് നിരാശയുടേയും ശൈഥില്യത്തിന്റേയും ഭാരിച്ച ദുഃഖവുമായാണ്. പ്രതാപമുഗ്ദ്ധമായ ഭൂതകാലസ്മരണകൾ അന്തരാളത്തിൽ താലോലിച്ചിരുന്ന അവർ, മദ്ധ്യകാലഘട്ടത്തിന്റെ തടവുകാരായിരുന്നു. ജീവിക്കുന്ന ലോകത്തിന്റെ സമസ്ത ജീർണ്ണതയും ദൈന്യതയും അവർ ഏറ്റുവാങ്ങി. ശോകപാരവശ്യങ്ങളുടെ ദുരിതക്കയത്തിൽ ഇച്ഛാഭംഗം ഗ്രസിച്ച മുസ്‌ലിം സമുദായം ഇരുപതാം നൂറ്റാണ്ടിലെ പ്രാന്തവത്കരിക്കപ്പെട്ട ഒരു സമൂഹമായി അധഃപതിച്ചു. അന്തർദേശീയ സമൂഹത്തിന്റെ മുഖ്യധാരയിൽ മുസ്‌ലിംകൾ എവിടെയുമുണ്ടായിരുന്നില്ല. ഇരുപതാം നൂറ്റാണ്ടിലെ മുസ്‌ലിംകളുടെ ഏറ്റവും വലിയ നഷ്ടം ഖിലാഫത്തിന്റെ നഷ്ടം തന്നെയായിരുന്നു. യൂറോപ്യൻ നവോത്ഥാനത്തിനുശേഷം ഊർജ്ജസ്വലമായ പാശ്ചാത്യ നാഗരികത കൊളോണിയലിസത്തിന്റെ രൂപത്തിൽ ഏഷ്യനാഫ്രിക്കയിലെ മുസ്‌ലിം രാജ്യങ്ങളിലേക്ക് ഇരമ്പിക്കയറിയത് പ്രതിരോധിക്കാൻ ഇസ്‌ലാമിക ഖിലാഫത്തിന്റെ പ്രാതിനിധ്യം വഹിച്ച തുർക്കി സമ്രാജ്യത്തിന്നായില്ല.

തുർക്കി ഖിലാഫത്തിന്റെ ഈ പ്രതിസന്ധിഘട്ടത്തെ തരണം ചെയ്യാൻ ഖിലാഫത്ത് നേതൃത്വത്തിന്റെ അനുഗ്രഹാശിസ്സുകളോടെ ഉയർന്നുവന്ന ആഗോള ഇസ്‌ലാമിക പ്രസ്ഥാനമായിരുന്നു പാൻ ഇസ്‌ലാമിസം. മുസ് ലിംകൾ ഒരു ഉമ്മത്താണെന്നും രാഷ്ട്രീയൈക്യം എന്നത് അവരുടെ മതപരമായ ബാദ്ധ്യതയാണെന്നുമായിരുന്നു പാൻ ഇസ്‌ലാമിസത്തിന്റെ സന്ദേശം. മുങ്ങിക്കൊണ്ടിരിക്കുന്ന ഖിലാഫത്ത് നേതൃത്വത്തിനോട് കൂറുള്ള ഒരു അന്തർദ്ദേശീയ സമൂഹത്തിന്റെ ഏകീകരണമായിരുന്നു പാൻ ഇസ്‌ലാമിസം കൊണ്ട് ഉദ്ദേശിച്ച

ത്. മതരാഷ്ട്രം പോലെ അധികാരത്തിന്റെ അസ്ഥിവാരങ്ങളും ഘടനയുമുള്ള ഒരു സ്ഥാപനമായിരുന്നില്ല പാൻ ഇസ്‌ലാമിസ്റ്റുകൾ ഉദ്ദേശിച്ചത്. പിൽക്കാലത്തെ ഫാസിസ്റ്റ് ഇറ്റലിയും നാസി ജർമ്മനിയും അവരുടെ മുന്നിലില്ലായിരുന്നു. പ്രഗത്ഭചിന്തകനും അസാമാന്യ വ്യക്തിത്വത്തിനുടമയുമായ ജമാലുദ്ദീൻ അഫ്ഗാനി (1838–1897) യായിരുന്നു പാൻ ഇസ്‌ലാമിസത്തിന്റെ ശക്തനായ വക്താവ്. ജൂതരുടെ ആഭിമുഖ്യത്തിലുള്ള ഫ്രീമേസൻ പ്രസ്ഥാനത്തിലെ അംഗമായിരുന്നു ജമാലുദ്ദീൻ അഫ്ഗാനി എന്ന് പിന്നീട് വെളിപ്പെടുകയുണ്ടായി. തുർക്കിയെ സഹായിക്കാനുള്ള അന്തർദേശീയ മുസ്‌ലിം രാഷ്ട്രീയൈക്യത്തിന്റെ വക്താവായ ജമാലുദ്ദീൻ അഫ്ഗാനിയുമായി ഉഥ്മാനിയാ ഖലീഫ അബ്ദുൾ ഹമീദ് പിന്നീട് തെറ്റിപിരിയുകയാണുണ്ടായത്. ഉസ്മാനിയാ ഖിലാഫത്തിന്റെ പതനവും, ഖിലാഫത്ത് ഭരണമുണ്ടായിരുന്ന മുസ്‌ലിം പ്രദേശങ്ങളിൽ ദേശീയത വളർന്നുവന്നതും സർവ്വോപരി മുസ്‌ലിം ലോകത്തിലെ അനൈക്യവും പാൻ ഇസ്‌ലാമിസത്തിന്റെ പ്രതീക്ഷകളെ നിഷ്ഫലമാക്കി.

ആസ്ട്രോ ഹംങ്കേറിയൻ സാമ്രാജ്യവും ബ്രിട്ടനും സാറിസ്റ്റ് റഷ്യയും കിട്ടാവുന്ന അവസരങ്ങളിലൊക്കെ തുർക്കി ഖിലാഫത്തിനെതിരെ ആഞ്ഞടിക്കുകയുണ്ടായി. ഗ്രീസ്, മൊൾഡേവിയ, ക്രീമിയ, അർമീനിയ, ബൽഗ്രേഡ്, സെർബിയ, ബോസ്നിയ തുടങ്ങിയ പ്രദേശങ്ങളെല്ലാം യുദ്ധത്തിൽ തുർക്കിക്ക് നഷ്ടപ്പെട്ടു. തുർക്കി ഖിലാഫത്തിനു കീഴിലുണ്ടായിരുന്ന ഇസ്‌ലാമിന്റെ ഹൃദയഭൂമിയായ അറബ് മുസ്‌ലിം ഭരണപ്രദേശങ്ങളിൽ ദേശീയത വളർത്തി ഉസ്മാനിയാ ഖിലാഫത്തിൽ നിന്നും അടർത്തിമാറ്റാൻ പാശ്ചാത്യശക്തികൾ സഹായിച്ചു. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ തുർക്കി ഖിലാഫത്തിന്റെ രാഷ്ട്രീയ ഭരണം തുർക്കിയിലും അറബ് പ്രദേശങ്ങളിലും ചുരുങ്ങിയിരുന്നു. 1914ൽ ഒന്നേകാൽ കോടി തുർക്കികളും 35 ലക്ഷം അറബികളുമടങ്ങുന്നതായിരുന്നു തുർക്കി ഖിലാഫത്ത് ഭൂപ്രദേശത്തിന്റെ ജനസംഖ്യ. 259 അംഗ പാർലമെന്റിൽ 144 തുർക്കികളും 84 അറബികളുമുണ്ടായിരുന്നു. ജനസംഖ്യാനുപാതികമായി അറബ് പ്രാതിനിധ്യം വളരെ കൂടുതലായിരുന്നിട്ടും അറബ് ദേശീയതയിൽ പ്രചോദിതരായ അറബികൾ തുർക്കി ഖിലാഫത്തിനു കീഴിലുള്ള ഭരണത്തിൽ തൃപ്തരാകാതെ ഖിലാഫത്തിനെതിരെ പ്രക്ഷോഭണം ആരംഭിച്ചു. പതിനെട്ടാം നൂറ്റാണ്ടു മുതൽ അറബ് ദേശീയ വാദത്തിന്റെ പശ്ചാത്തലത്തിൽ ഉയർന്നുവന്ന വഹാബി തീവ്രവാദപ്രസ്ഥാനത്തിൽ ആകൃഷ്ടരായ അറബികൾ തുർക്കി ഖിലാഫത്തിനെതിരെ കലാപകൊടി ഉയർത്തി. കുവൈത്തിൽ പ്രവാസിയായി കഴിഞ്ഞിരുന്നു അബ്ദുൽ അസീസ് ഇബ്നു സുഊദ്, രശീദി സുൽത്താന്റെ ആസ്ഥാനമായ റിയാദിൽ 40 പേരുടെ സംഘവുമായി ചെന്ന് 1902ൽ നാടകീയമായാണ് കൊട്ടാരം കീഴടക്കി ഭരണം പിടിച്ചെടുത്തത്. തുർക്കി ഖിലാഫത്തിനെതിരെ യുദ്ധം ചെയ്യാൻ മാസം തോറും 25,000 ഡോളർ വീതം പ്രതിഫലം പറ്റുന്ന ഒരു കരാറിൽ ബ്രിട്ടീഷുകാരുമായി ഒപ്പുവച്ചാണ് ഇബ്നു സുഊദ് തുർക്കികളിൽ നിന്നും അറേബ്യ സുരക്ഷിതമായി കൈക്കലാക്കിയത്. ഇന്ത്യയിൽ ഖിലാഫത്ത് പുനഃസ്ഥാപന പ്രക്ഷോഭണവുമായി മൗലാന മുഹമ്മദലിയുടെ നേതൃത്വത്തിൽ ശക്തമായ സമരം നടക്കുമ്പോൾ ബ്രിട്ടീഷുകാരോട് അച്ചാരം വാങ്ങി തുർക്കി ഖിലാഫത്തിനെ ഇബ്നു സഊദ് ഒറ്റിക്കൊടുക്കുകയായിരുന്നു. മുസ്‌ലിം ലോകത്ത് ഇരുപതാം നൂറ്റാണ്ടിൽ കണ്ട പ്രകടമായ വൈരുദ്ധ്യമായിരുന്നു ഇത്. മുസ്‌ലിം ലോകത്ത് നിന്നുള്ള തിരിച്ചടികളും യൂറോപ്യൻ ശക്തികളുടെ ആക്രമണങ്ങളിലും ശിഥിലമായ തുർക്കി ഖിലാഫത്ത് അവസാനം ഒന്നാം ലോകമഹായുദ്ധത്തിനുശേഷം സ്വന്തം തട്ടകമായ തുർക്കിയിൽ വെച്ച് തന്നെ നിഷ്കാസിതമായി. പതിമൂന്ന് നൂറ്റാണ്ടുകാലം ലോക മുസ്‌ലിം ജനതയെ നയിക്കുകയും അവർക്ക് വെളിച്ചം നൽകുകയും ചെയ്ത തുർക്കി ഖിലാഫത്ത് പടുതിരി കത്തിയണഞ്ഞു. ആഗോള മുസ്‌ലിം സമൂഹത്തിൽ ഖിലാഫത്തിന്റെ തിരോധാനം സൃഷ്ടിച്ച വേദനയും ദുഃഖവും വിവരണാതീതമായിരുന്നു. പിൽക്കാലത്ത് ഖിലാഫത്ത് പുനസ്ഥാപനശ്രമങ്ങളുടെ നേതാവായിരുന്ന ധീരനായ മൗലാനാ മുഹമ്മദലിയെ പോലെയുള്ളവർ പോലും ഈ വേദനയിൽ വ്രണിതചിത്തരായി ആത്മഹത്യക്കൊരുങ്ങി എന്ന കാര്യം തന്നെ ഈ നൈരാശ്യത്തിന്റെ ആഴം വ്യക്തമാക്കുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ നോക്കുക:

***'വിനാശകരമായ ബാൽക്കൻസ് യുദ്ധകാലത്തെ എന്റെ വികാരങ്ങൾ വളരെയധികം നിരാശജനകമായിരുന്നു. ആ നൈരാശ്യത്തിൽ ഒരിക്കൽ ഞാൻ ആത്മഹത്യ ചെയ്യാൻ പോലും ശ്രമിക്കുകയുണ്ടായി....***

***എല്ലാ പ്രതീക്ഷകളുടേയും കേന്ദ്രമെന്ന നിലയിൽ അഞ്ചു നൂറ്റാണ്ടിലധികം കാലമായി മുസൽമാൻമാർ പരമ പരിപാവനമെന്ന് കരുതിപ്പോന്നിരുന്ന കോൺസ്റ്റാന്റിനോപ്പിൾ തകരാൻ പോകുകയാണെന്ന് കേട്ടപ്പോൾ ഞാൻ അത്യധികം ദുഃഖപരവശനായി. ഭാരിച്ച നിരാശ കാരണം ഞാൻ എന്റെ ജീവിതത്തിനു പൂർണ്ണവിരാമമിടാൻ തുനിഞ്ഞെന്ന പരമാർത്ഥം ഇപ്പോൾ മാത്രമാണ് ഞാൻ തുറന്നുപറയുന്നു.' (മൗലാനാ മുഹമ്മദലിയുടെ ആത്മകഥ - ആത്മഹത്യാ***

*ശ്രമം - പേ. 58. വിവ: യു.എ. ബീരാൻ).*

ഭൂതകാലത്തിന്റെ നിറപ്പകിട്ടുള്ള സ്മരണങ്ങളും ജീവിക്കുന്ന ലോകത്തിന്റെ തിക്തയാഥാർത്ഥ്യങ്ങളുമായുള്ള വൈരുദ്ധ്യമാണ് മതരാഷ്ട്ര മൗലികവാദത്തിന്റെ ആധാരശിലയായി വർത്തിച്ചത്.

## മൗലാനാ സയ്യിദ് അബുൽ അഅ്ലാ മൗദൂദി

ഇസ്ലാമിലെ മതരാഷ്ട്രവാദത്തിന്റെ വക്താവും ഉപജ്ഞാതാവും പ്രഥമസംഘാടകനും മൗലാനാ സയ്യിദ് അബുൽ അഅ്ലാ മൗദൂദിയായിരുന്നു. ഔറംഗബാദിൽ 1903-ലാണ് മൗലാനാ മൗദൂദി സാഹിബ് ജനിച്ചത്.

വളരെയേറെ കർമ്മശേഷിയും തന്റെ വാദമുഖങ്ങൾ എഴുത്തിലൂടെ അവതരിക്കാനുള്ള കഴിവുള്ള പണ്ഡിത നേതാവായിരുന്നു. മൗലാനാ സയ്യിദ് അബുൽ അഅ്ലാ മൗദൂദി. ഇരുപതാം നൂറ്റാണ്ടിന്റെ കലങ്ങിമറിയലുകൾ മുസ്ലിം ലോകത്തിന്റെ ദാരുണാവസ്ഥയും കമ്മ്യൂണിസം, ഫാസിസം, നാസിസം പോലെയുള്ള രാഷ്ട്രീയ ശക്തികളുടെ ഉജ്ജ്വലതീവ്രങ്ങളായ മുന്നേറ്റങ്ങളും മൗലാനാ അബുൽ അഅ്ലാ മൗദൂദിയുടെ സംവേദനക്ഷമതയുള്ള മനസ്സിനെ ഹഠാദാകർഷിച്ചിട്ടുണ്ടാവാം. മൗദൂദി സാഹിബ് ജനിച്ച ഔറാംഗാബാദ് പഴയ മുഗള പ്രതാപത്തിന്റെ നഷ്ടസ്മൃതികളുയർത്തുന്ന ഹൈദരാബാദിന്റെ ഭാഗമായിരുന്നു. ഈ ജീവിതപരിസരം അധികാരശക്തിയിൽ ആരൂഢിതമായ മുസ്ലിം ഭരണത്തിന്റെ ഭൂതകാലത്തെ പ്രത്യാനയിക്കാനുള്ള അദമ്യമായ വാസനയും മൗലാന മൗദൂദിയെ സ്വാധീനിച്ചിട്ടുണ്ടായിരിക്കും. ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് മൗലാനാ മൗദൂദി വളർന്നുവന്ന ഈ പശ്ചാത്തലം വിവരിക്കുന്നത് കാണുക.

***'സയ്യിദ് അബുൽ അഅ്ലാ മൗദൂദി തന്റെ കൗമാരവും യൗവ്വനവും നിസാം ഭരിച്ചിരുന്ന ഹൈദരാബാദിലായിരുന്നു കഴിച്ചുകൂട്ടിയത്. പോയ കാലത്തെ മുഗില പ്രതാപത്തെ പുനരുജ്ജീവിപ്പിച്ചുകൊണ്ടായിരുന്നു നിസാം ഹൈദരാബാദ് ഭരിച്ചിരുന്നത്. ഭാരതത്തിൽ പ്രവിശാലമായിരുന്ന മുഗൾ സംസ്കാരത്തിന്റെ അവസാന ഭൂമികയായിരുന്നു ഹൈദരാബാദ്. ഹിന്ദു ഭൂരിപക്ഷമുള്ള (80%) ഈ നാട്ടുരാജ്യത്ത് മുസ്ലിം ജനസംഖ്യ നിസ്സാരമായിരുന്നു (10%) ബലഹീനമായ അധികാരശക്തിയുണ്ടായിരുന്ന നിസാം ഗതകാലസസ്മൃതികളുടെ തടവുകാരനായിരുന്നു. അതൊരു അയഥാർത്ഥ ലോകമായിരുന്നു. അദ്ദേഹത്തിന്റെ ഗംഭീരങ്ങളായ രാജധാനികളും പ്രഭുക്കന്മാരും അരമനപാലകരും കൊട്ടാരസൈന്യവും ചിത്രവേല ചെയ്ത പരവതാനികളും ഷെർവാനികളും അലംകൃതമായ തലപ്പാവുകളും 1739-ൽ നാദിഷാ തകർത്തു തരിപ്പണമാക്കുന്നതിന് മുമ്പുള്ള ദൽഹി രാജധാനിയെ ഓർമ്മിപ്പിച്ചു. അലംകൃതമായ കരവാലും, നീണ്ട കുഴലുള്ള തോക്കും മറ്റു ആധുനിക യുദ്ധക്കോപ്പുകളുമണിഞ്ഞ അറബിക്കൂലിപ്പട്ടാളത്തിന്റെ സാന്നിദ്ധ്യം അവിടെയുണ്ടായിരുന്നു. (മതത്തിന്റെ പേരിൽ മനുഷ്യഹത്യ - ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് പേ. 83)***

ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ മൗലാനാ മൗദൂദി, മൗലവി പരീക്ഷയും പാസായി. അദ്ദേഹത്തിന്റെ ഔപചാരിക വിദ്യാഭ്യാസം ഇതോടെ കഴിഞ്ഞു. 1920ൽ ഡൽഹിയിലെത്തിയ മൗദൂദി ***ജംഇയ്യത്തുൽ ഉലമായെ ഹിന്ദിന്റെ 'അൽ മുസ്ലിം' പത്രത്തിന്റെ എഡിറ്ററായി.*** ഖിലാഫത്ത് പുനഃസ്ഥാപന പ്രസ്ഥാനത്തിൽ അദ്ദേഹം അണിനിരന്നുവെങ്കിലും ഇസ്ലാമിൽ പാരമ്പര്യമായുണ്ടായിരുന്ന ഖിലാഫത്ത് വ്യവസ്ഥക്ക് പകരം അധികാരത്തിലധിഷ്ഠിതമായ ഒരു ആധുനിക രാഷ്ട്രഭരണവ്യവസ്ഥയായിരുന്നു അദ്ദേഹത്തിന്റെ മനസ്സുനിറയെ. ഫാസിസത്തോടും, നാസിസത്തോടും പ്രായോഗിക രൂപത്തിൽ കമ്യൂണിസത്തോടും സാമ്യമുള്ളതായിരുന്നു ആ രാഷ്ട്രകേന്ദ്രിത സിദ്ധാന്തം. ഫാസിസ്റ്റ് രാഷ്ട്രങ്ങൾ സ്ഥാപിച്ചതിനു ശേഷം അതിന്റെ യുദ്ധോത്സുകതയുടെ ബലത്തിൽ അന്യരാജ്യങ്ങളെക്കൂടി കീഴ്പ്പെടുത്തണമെന്ന ശക്തിയിലധിഷ്ഠിതമായ വികസന നയത്തിന്റെ സ്വാധീനം മൗലാനാ മൗദൂദിയുടെ ആശയങ്ങളിൽ പ്രകടമാണ് അദ്ദേഹം എഴുതുന്നു:

***'മനുഷ്യബന്ധങ്ങൾ പരസ്പരം ബന്ധിതമാണ്. ഒരു രാഷ്ട്രത്തിനും തങ്ങളുടെ രാജ്യങ്ങളുടെ അതേ ആദർശങ്ങൾ ബലത്തിൽ വരാത്തിടത്തോളം കാലം പൂർണ്ണമായും പ്രവർത്തന സ്വാതന്ത്ര്യമുണ്ടായിരിക്കയില്ല. ആയതിനാൽ ഇസ്ലാമിക രാഷ്ട്രത്തിന്റെ സുരക്ഷക്കും പൊതുവായ പരിഷ്കരണത്തിനുംവേണ്ടി മുസ്ലിം പാർട്ടി ഒരു പ്രദേശത്ത് മാത്രം ഇസ്ലാമിക രാഷ്ട്രം സ്ഥാപിച്ചുകൊണ്ട് സംതൃപ്തരായിരിക്കാൻ പാടില്ല. ഇസ്ലാം രാഷ്ട്രത്തെ നാനാഭാഗങ്ങളിലേക്കും വ്യാപിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്. മോക്ഷദായകമായ ഏകമതം എന്ന നിലക്ക് ഒരുവശത്ത് അതിന്റെ തത്വശാസ്ത്രം പ്രചരിപ്പിക്കുകയും മറുവശത്ത് ലോകജനതയെ അതിന്റെ വിശ്വാസത്തിലേക്ക് വരുവാൻ ക്ഷണിക്കുകയും ചെയ്യേണ്ടതാണ്. ഈ ഇസ്ലാമികരാഷ്ട്രത്തിന് ശക്തിയും വിഭവവുമുണ്ടെങ്കിൽ അത് ഇസ്ലാമിക ഭരണകൂടങ്ങളെ യുദ്ധം***

***ചെയ്ത് നശിപ്പിക്കുകയും അതിന്റെ സ്ഥാനത്ത് ഇസ്ലാമിക രാഷ്ട്രങ്ങൾ സ്ഥാപിക്കുകയും വേണം.'*** (മൗലാനാ മൗദൂദി – ഹഖീഖത്തെ ജിഹാദ് – ലാഹോർ താജ് കമ്പനി ലിമിറ്റഡ് – 1964 പേ. 64)

ഖായിദെ അഅ്സം മുഹമ്മദലി ജിന്നയുടെ പാകിസ്താൻ വാദത്തെ മൗദൂദി സാഹിബ് നഖശിഖാന്തം എതിർത്തു. അത് സാമുദായിക വാദത്തിന്റെ പേരിൽ അഖണ്ഡഭാരതത്തെ വിഭജിക്കും എന്നതിന്റെ പേരിലോ ദേശീയ പ്രസ്ഥാനത്തിന്റെ ഐക്യത്തെ തകർക്കും എന്നതുകൊണ്ടോ ആയിരുന്നില്ല. പാകിസ്താൻ വാദം മൗലാന വിഭാവനം ചെയ്ത മതരാഷ്ട്രവാദത്തിന്റെ സങ്കല്പങ്ങൾക്കനുസൃതമായിട്ടായിരുന്നില്ല എന്നത് കൊണ്ടാണ്. ഇത് സംബന്ധിച്ച് അദ്ദേഹം എഴുതി:

***'മനുഷ്യന്റെ മേൽ അല്ലാഹുവിന്റേതല്ലാത്ത മറ്റൊരാധിപത്യവും നടക്കാതിരിക്കുന്ന ഒരു ചതുരശ്രമൈൽ ഭൂമി ലഭിക്കുകയാണെങ്കിൽ ആ ഒരു പിടി മണ്ണിനായിരിക്കും മുഴുവൻ ഇന്ത്യയേക്കാൾ ഞാൻ വിലമതിക്കുക' (തഹ്രീകെ ആസാദീ ഹിന്ദ് ഔർ മുസൽമാൻ ഭാഗം – 1).*** സ്വാതന്ത്ര്യസമരം മുഖേന നേടിയെടുക്കുന്നത് സത്യനിഷേധത്തിന്റെ ഭരണക്കൂടമായിരിക്കുമെന്ന് ധരിച്ച അദ്ദേഹം സ്വതന്ത്ര ഇന്ത്യയിൽ മുസ്ലിംകൾക്ക് നിലനില്പുണ്ടാവില്ല എന്ന് വിശ്വസിച്ചു. ഇന്ത്യൻ സ്വാതന്ത്ര്യസമരമല്ല അതിനുപകരം ഹുക്കുമത്തെ ഇലാഹിക്ക് വേണ്ടിയുള്ള ജിഹാദാണ് വേണ്ടതെന്നും മൗദൂദി വിശ്വസിച്ചു. അദ്ദേഹം 'എഴുതി'

***നാം മുസ്ലിംകളായി നിലകൊള്ളാൻ ഉദ്ദേശിക്കുന്നുവെങ്കിൽ ഇസ്ലാമിന് സ്പെയിനിലും സിസിയിലും നേരിട്ട പരിണാമം ഇന്ത്യയിൽ നേരിടരുതെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ നമുക്ക് ഒരേയൊരു മാർഗ്ഗമാണ് അവശേഷിക്കുന്നത്. ഇന്ത്യാസ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ ഗതിമാറ്റുക. പ്രസ്ഥാനത്തിന്റെ സത്യനിഷേധത്തിന്റെ ഗവൺമെന്റ് രൂപീകരിക്കുന്നതിൽ നിന്നും സത്യമാർഗത്തിലേക്ക് തിരിച്ചുവിടാൻ യത്നിക്കുക തദാവശ്യാർത്ഥം ഒരു പുതിയ സമരരംഗം തുടരുക*** – അതിന്റെ പരിണാമം ഒന്നുകിൽ വിജയമാകും – അല്ലെങ്കിൽ മരണമാകും (അബുൽ അഅ്ലാ – തഹ്രീക്കെ ആസാദിയെ ഹിന്ദ് ഓർ ഹമാരി ഖൗമി നസ്ബുൽ ഐൻ)

മൗലാനായുടെ പ്രവചനം. ഒരു കാര്യം ശരിയാണെന്നു ഇക്കാലത്ത് തെളിയിച്ചിരിക്കുന്നു. പാകിസ്താനിൽ ഇസ്ലാമിക ഭരണം സ്ഥാപിക്കാനൊരുങ്ങിയ താലിബാന് മരണമാണ് മുസ്ലിം രാജ്യം കൂടിയായ പാകിസ്താനിൽ ലഭിച്ചുകൊണ്ടിരിക്കുന്നത്. സ്വതന്ത്ര ഇന്ത്യയിലാകട്ടെ മുസ്ലിംകൾ ജനാധിപത്യത്തിന്റെ ബലത്തിൽ സ്വതന്ത്രരായി കഴിയുകയും ഇസ്ലാമിക ഭരണത്തിനുവേണ്ടി നിലകൊള്ളുന്ന ജമാഅത്തെ ഇസ്ലാമിക്ക് പോലും പ്രവർത്തിക്കാനും കഴിയുന്നു. മൗദൂദി സാഹിബ് ആശങ്കപ്പെട്ടത് പോലെ സ്പെയിനിന്റെ ഗതി മുസ്ലിംകൾക്ക് ഇവിടെ ഉണ്ടായില്ല. പരാജയപ്പെട്ടത് പാകിസ്താനിലെ മൗദൂദിയുടെ മോഡൽ പരീക്ഷണമാണ്.

1933–ൽ തർജുമാനുൽ ഖുർആൻ എന്ന പ്രസിദ്ധീകരണം മൗലാനയുടെ പത്രാധിപത്യത്തിൽ പുറത്തിറക്കാൻ തുടങ്ങി. ഈ പ്രസിദ്ധീകരണത്തിലൂടെയാണ് അദ്ദേഹത്തിന്റെ പല ആശയങ്ങളും വെളിച്ചം കണ്ടത്. 1938ൽ അദ്ദേഹം ഹൈദരാബാദിൽ നിന്നും മഹാകവി ഇക്ബാലിന്റെ ക്ഷണപ്രകാരം പഞ്ചാബിലെ ഗുരുദാസ്പൂർ ജില്ലയിൽ പഠാൻകോട്ടിനടുത്തെ ജമാൽപൂരിലേക്ക് താമസം മാറ്റുകയും അവിടെ 'ദാറുൽ ഇസ്ലാം' എന്ന പേരിൽ അദ്ദേഹത്തിന്റെ ആശയഗതിക്കനുസരിച്ചുള്ള ഒരു മാതൃകാ ഇസ്ലാമിക ഗ്രാമം സ്ഥാപിക്കുകയുമുണ്ടായി. പിന്നീട് ആ സ്ഥലത്തിന്റെ ഉടമയുമായി തെറ്റിപിരിഞ്ഞു. മൗലാനാ മൗദൂദി ലാഹോറിലേക്ക് പോയി. അവിടെവെച്ചാണ് 1941 ആഗസ്റ്റ് 25–ാം തിയ്യതി തന്റെ ആശയങ്ങൾ പ്രചരിപ്പിക്കാൻ ജമാഅത്തെ ഇസ്ലാമി എന്ന സംഘടനക്ക് രൂപം നൽകിയത്. ഇന്ത്യൻ സ്വാതന്ത്ര്യസമരം കൊടുമ്പിരികൊള്ളുമ്പോൾ 1943ൽ മൗദൂദി വീണ്ടും ദാറുൽ ഇസ്ലാമിൽ മടങ്ങിവന്നു. ഇന്ത്യാവിഭജനം ഏതാണ്ട് ഉറപ്പായപ്പോൾ ഇന്തോപാക് അതിർത്തിയിലുള്ള ദാറുൽ ഇസ്ലാമിൽ ഒരു മാതൃകാ ഇസ്ലാമിക ഭരണം സ്ഥാപിച്ച് അവിടെ പിടിച്ചുനിൽക്കാൻ മൗദൂദി സാഹിബ് ശ്രമിച്ചു. താൻ ശക്തമായി എതിർത്ത പാകിസ്താനിലേക്ക് പലായനം ചെയ്യാനുള്ള വിമുഖത കൊണ്ടുകൂടിയായിരിക്കാം അദ്ദേഹം ദാറുൽ ഇസ്ലാമിൽ തങ്ങിയത്. പക്ഷേ ഗുരുദാസ്പൂർ ജില്ല ഇന്ത്യയോട് ചേർക്കപ്പെടുകയും ഇന്ത്യൻ പട്ടാളം ദാറുൽ ഇസ്ലാം ക്യാമ്പിനടുത്തെത്തുകയും ചെയ്തപ്പോൾ മറ്റു ഗതിയില്ലാതെ മൗലാനാ പാകിസ്താനിലേക്ക് തന്നെ അഭയം തേടി. അവിടെ അദ്ദേഹം ഭരണകൂടത്തെ ഇസ്ലാമികവത്കരിക്കുക എന്ന ആവശ്യവുമായി നാനാവിധത്തിലുള്ള പ്രസ്താവനകൾ നടത്തുകയും സമരപരിപാടികൾക്ക് രൂപം കൊടുക്കുകയും ചെയ്തുകൊണ്ട് അവസാനം വരെ ഭരണകൂടങ്ങളുമായി സംഘർഷത്തിൽ കഴിഞ്ഞുകൂടി. 1953–ൽ അഹ്മദികളെ അമുസ്ലിം ന്യൂനപക്ഷമായി പ്രഖ്യാപിക്കുക, അഹ്മദിയായതിനാൽ സർ സഫറുല്ലാഹ്ഖാനെ പാക് വിദേശകാര്യമന്ത്രി സ്ഥാനത്തു നിന്നും പുറത്താക്കുക,

അഹ്മദികളെ സർക്കാറുദ്യോഗങ്ങളിൽ നിന്നും പുറത്താക്കുക. അഹ്മദിയ്യാ ആസ്ഥാനമായ റബ്‌വ പിടിച്ചടക്കുക എന്നീ ആവശ്യങ്ങളുന്നയിച്ചു രക്തരൂക്ഷിതമായ ഒരു സമരത്തിന് നേതൃത്വം നൽകി. പ്രക്ഷോഭകാലത്ത് **'ഖാദിയാനി മസ്അല'** (ഖാദിയാനി പ്രശ്നം) **'മുർതദ് കീ ശസാ ഇസ്‌ലാമീ കാനൂൻ മെ'** (മതപരിത്യാഗിക്ക് ഇസ്‌ലാമിക നിയമത്തിലെ ശിക്ഷ) എന്നീ രണ്ടു പുസ്തകങ്ങൾ അദ്ദേഹം എഴുതി പ്രക്ഷോഭണത്തെ ആളികത്തിച്ചു. അഹ്മദികളെ വധിക്കാനുള്ള പരോക്ഷമായ ആഹ്വാനമായിരുന്നു ആ പുസ്തകങ്ങളുടെ സന്ദേശം. പട്ടാളത്തിൽവരെ അരാജകത്വം സൃഷ്ടിച്ചും സിവിലിയൻ ജീവിതത്തെ താറുമാറാക്കിയും നടന്ന ഈ അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭണത്തെ പറ്റി അന്വേഷിക്കാൻ ജസ്റ്റീസ് മുനീർ അദ്ധ്യക്ഷനായി ഒരു കമ്മീഷനെ പാകിസ്താൻ ഗവൺമെന്റ് നിശ്ചയിച്ചു. മൗലാനാ മൗദൂദിയടക്കം നിരവധി മുസ്‌ലിം പണ്ഡിതന്മാരെ കമ്മീഷൻ വിചാരണ ചെയ്തു. ഇസ്‌ലാമിക മതരാഷ്ട്രവാദത്തിന്റെ അയുക്തികതയും, കാപട്യവും, ഹീനത്വവും തുറന്നു കാട്ടുകയുണ്ടായി. വിശ്വപ്രസിദ്ധമായ ഈ റിപ്പോർട്ട് ജമാഅത്തെ ഇസ്‌ലാമി തമസ്കരിക്കാൻ ശ്രമിക്കാറുണ്ട്. കലാപം നയിച്ച മൗലാനാ മൗദൂദിക്ക് പാകിസ്താൻ പട്ടാളക്കോടതി വധശിക്ഷ വിധിക്കുകയുണ്ടായി. പിന്നീട് ശിക്ഷ ലഘൂകരിക്കുകയാണുണ്ടായത്. 'ഖാദിയാനി മസ്അല' എന്ന പുസ്തകമെഴുതിയതിന്റെ പേരിലാണ് മൗദൂദി സാഹിബിനെ വധശിക്ഷക്ക് വിധിച്ചത് എന്ന് ജമാഅത്തെ ഇസ്‌ലാമിയുടെ പ്രചാരണം കലാപത്തിൽ മൗദൂദി സാഹിബിന്റെ പങ്കിനെ കുറച്ചുകാട്ടാനാണ്. പുസ്തകം എഴുതിയതാണ് ശിക്ഷാവിധിക്ക് കാരണമെങ്കിൽ അത് ഗവൺമെന്റ് നിരോധിക്കുമായിരുന്നു. ആ കൃതി ഇന്നത്തെപോലെ അന്നും പാകിസ്താനിൽ പ്രചരിച്ചിരിക്കുന്നു. വാസ്തവത്തിൽ വധശിക്ഷ അദ്ദേഹം നയിച്ച കലാപത്തിനും രാജ്യദ്രോഹത്തിനുമായിരുന്നു. തന്റെ ഇസ്‌ലാം മതരാഷ്ട്രവാദം സ്ഥാപിക്കാനുള്ള ഒരു രാഷ്ട്രീയ പരീക്ഷണമായിരുന്നു മൗലാനാ മൗദൂദി പാകിസ്താനിൽ നടത്തിയത്. 1974ലും 1984ലും അഹ്മദിയ്യാ കലാപതരംഗങ്ങൾ അലയടിച്ചുയർന്നു. 1974ലെ കലാപത്തെ തുടർന്ന് 1974 സെപ്തംബർ 7-ാം തിയ്യതി പാകിസ്താൻ നാഷനൽ അസംബ്ലി അഹ്മദികളെ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിച്ചു.

മൗദൂദിയുടെ സ്വാധീനം മൂലം പാകിസ്താനിൽ മതമൗലിക വാദത്തിന് വേരോട്ടമുണ്ടായി. സിവിലിയൻ ഭരണവും മതപൗരോഹിത്യവും തമ്മിൽ അവിശുദ്ധ ബന്ധമാരംഭിച്ചു. ഫലം ജനാധിപത്യത്തിന്റെ ക്ഷയമായിരുന്നു. സിവിലിയൻ ഭരണത്തേക്കാൾ ദീർഘകാലം പാകിസ്താൻ പട്ടാള ബൂട്ടുകൾക്കടിയിലായി. പാകിസ്താൻ ഭരണഘടനാപരമായും രാഷ്ട്രീയമായും കൂടുതൽ മതപരമായ അസഹിഷ്ണുതയിലേക്കും ഫാസിസ്റ്റുവത്കരണത്തിലേക്കും അവസാനം താലിബാനിസത്തിലേക്കും ഗതിമാറുകയുണ്ടായി. മൗലാനാമൗദൂദിയുടെ അഹ്മദിയ്യാ വിരുദ്ധ ഇസ്‌ലാമിക വത്കരണ സമരങ്ങളുടെ ദൂരവ്യാപകഫലങ്ങളായിരുന്നു ഇവ.

1957ൽ ജമാഅത്തെ ഇസ്‌ലാമിയിൽ നിന്നുതന്നെയുള്ള ചില ആഭ്യന്തരപ്രശ്നങ്ങളെയും ആരോപണത്തേയും തുടർന്ന് മൗലാനാ മൗദൂദി ജമാഅത്തെ ഇസ്‌ലാമിയുടെ അമീർസ്ഥാനം രാജിവെക്കുകയുണ്ടായി. 1979 സെപ്തമ്പർ 22ന് അദ്ദേഹം അമേരിക്കയിൽ വെച്ച് മരിച്ചു. (തുടരും) ⬣

---

*(10-ൽ നിന്ന് തുടർച്ച)*

***പ്പെടുത്തി നിയന്ത്രിക്കുന്നു. നിങ്ങളുടെ നാഥനുമായുള്ള കൂടിക്കാഴ്ചയിൽ നിങ്ങൾക്ക് ദൃഢവിശ്വാസമുണ്ടാകുന്നതിന് വേണ്ടി അവൻ ദൃഷ്ടാന്തങ്ങൾ വ്യക്തമായി വിവരിക്കുന്നു. (13:3)***

***അല്ലാഹു രാവിനെ പകലിലേക്കും പകലിനെ രാവിലേക്കും പ്രവേശിപ്പിക്കുന്നതും സൂര്യനേയും ചന്ദ്രനേയും സേവനാർത്ഥം അവൻ നിയോഗിച്ചതും നീ കണ്ടില്ലേ? ഒരു നിശ്ചിത അവധി വരെ അവ ചരിക്കുന്നു. അല്ലാഹു നിങ്ങൾ പ്രവൃത്തിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മജ്ഞനാകുന്നു. (31:30)***

***അവൻ രാവിനെ പകലിലും പകലിനെ രാവിലും ലയിപ്പിക്കുന്നു. സൂര്യനേയും ചന്ദ്രനേയും സേവനത്തിനായി അവൻ നിയോഗിച്ചിരിക്കുകയും ചെയ്തിരിക്കുന്നു. അവയോരോന്നും അവക്ക് നിശ്ചയിക്കപ്പെട്ട സമയം വരെ ചരിക്കുന്നു. അങ്ങനെയുള്ളവനാണ് നിങ്ങളുടെ നാഥനായ അല്ലാഹു. ആധിപത്യം അവന്റേതാണ്. അവന് പുറമെ നിങ്ങൾ ആരെ വിളിച്ചു പ്രാർത്ഥിക്കുന്നുവോ അവൻ ഒരു തരിമ്പും അധീനപ്പെടുത്തുകയില്ല. (35:14)***

***അവൻ ആകാശങ്ങളേയും ഭൂമിയേയും യുക്തിപൂർണ്ണമായ നിലയിൽ സൃഷ്ടിച്ചിരിക്കുന്നു. അവൻ രാവിനെ പകലിൻ മേൽ പൊതിയുന്നു. പകലിനെ രാവിന്റെ മേലും അവൻ പൊതിയുന്നു. അവൻ സൂര്യനേയും ചന്ദ്രനേയും സേവനത്തിന് ഏർപ്പെടുത്തിയിരിക്കുന്നു. ഓരോന്നും ഓരോ നിശ്ചിത സമയം വരെ അതിന്റെ ഗതി തുടരുന്നു. അറിയുക അവൻ മാത്രമാണ് പ്രതാപവാനും സർവ്വഥാ പൊറുക്കുന്നവനും. (39:6)*** ⬣

ലേഖനം

ഫാഇസുർ റസൂൽ

# ഞാനെന്തുകൊണ്ട് അഹ്മദിയായി

## മതരഹിതനായി ജീവിച്ച ഒരു ബംഗാളി മുസ്‌ലിം, അഹ്മദിയായ കഥ വിവരിക്കുന്നു

**തൊ**ള്ളായിരത്തി ഇരുപതുകളിൽ പശ്ചിമബംഗാളിൽ നിന്നും ബ്രിട്ടനിലേക്ക് കുടിയേറിയശേഷം ഞാൻ ഇവിടെ താമസിച്ചുവരികയാണ്. മുപ്പത്തഞ്ച് വർഷമായി ഞാനൊരു ഷാവിയൻ സോഷ്യലിസ്റ്റാണ്, അഥവാ കമ്യൂണിസത്തോട് അടുത്തു നില്ക്കുന്ന ബർണാഡ് ഷായുടെ ഒരനുയായി. കഴിഞ്ഞ പതിനഞ്ച് വർഷങ്ങളായി ഞാൻ പതുക്കെ ഇസ്‌ലാമിലേക്ക് മടങ്ങുകയായിരുന്നു. പെൻഗ്വിൻ ബുക്സ് പ്രസാധനം ചെയ്ത എൻ.ജെ. ദാവൂദിന്റെ ഖുർആന്റെ ഇംഗ്ലീഷ് പരിഭാഷയിൽ നിന്നാണ് തുടക്കം. വളരെ യാദൃശ്ചികമായി ഒരു പുസ്തകശാലയിൽ വെച്ചാണ് ഞാൻ ആ പുസ്തകം ആദ്യമായി കാണുന്നത്. ഖുർആന്റെ മറ്റു വിവർത്തനങ്ങളും ഹദീസുകളും ഇസ്‌ലാമിക സാഹിത്യങ്ങളും ഞാൻ കൂടുതൽ പഠിച്ചുകൊണ്ടേയിരുന്നു. ഇതിനിടയിൽ ഏഴ് മാസം മുമ്പ് ബ്രിമിംങ്ങ് ഹാം സെൻട്രൽ ലൈബ്രറിയിൽ വെച്ച് 'തദ്ക്കിറ' എന്ന പുസ്തകം ഇത് പോലെ ആകസ്മികമായി എനിക്ക് കാണാനിടയായി. ആ പുസ്തകമാണ് എന്നെ അഹ്മദിയത്തിലേക്കെത്തിച്ചത്.

ഷാവിയൻ സോഷ്യലിസ്റ്റായി കൊണ്ടുള്ള എന്റെ ജീവിതം *'Bengal to Brimingham'* (ആൻഡ്രു ഡസ്ച്ചു പ്രസിദ്ധീകരിച്ചത് 1967) എന്ന കൃതിയിൽ വിവരിച്ചിട്ടുണ്ട്. അത് ഇവിടെ ആവർത്തിക്കാനുദ്ദേശിക്കുന്നില്ല.

ഖുർആന്റെ പരിഭാഷയിലൂടെ ഞാൻ കടന്നുപോയപ്പോൾ അതൊരിക്കലും തന്നെ ഏഴാം നൂറ്റാണ്ടിലെ നിരക്ഷരനായ ഒരു അറബിയിൽ നിന്നും ആവിർഭവിച്ചതാകാൻ വഴിയില്ല എന്ന വിചാരം എന്നെ വായനയിലുടനീളം പിടികൂടിയിരുന്നു. അപ്രകാരം ഷായെപോലെയോ, എച്ച്.ജി. വെൽസിനെപോലെയോ, ആർനോൾഡ് ടോയൽബിയെപോലെയോ ഭൗതികജ്ഞാനം ആർജിച്ചവരുടെ ഒരു രചനയല്ല അതെന്നും എനിക്ക് ബോദ്ധ്യമായി.

ദൈവം ഖുർആനിലൂടെ വെല്ലുവിളികൾ നടത്തുന്നു. പക്ഷേ കഴിഞ്ഞ പതിനാല് നൂറ്റാണ്ടുകളായി മഹാപണ്ഡിതനായ ഒരു അറബി പ്രൊഫസർക്ക് പോലും ഖുർആനിലെ കൊച്ചു അദ്ധ്യായം പോലെയുള്ള ഒരു രചന നിർവ്വഹിക്കുവാൻ സാധ്യമായിട്ടില്ല. 1649ൽ ആദ്യത്തെ ഖുർആൻ പരിഭാഷകൻ അദ്ദേഹത്തിന്റെ ക്രിസ്ത്യൻ വായനക്കാരോടു പറഞ്ഞത് ഇപ്രകാരമായിരുന്നു. *'അൽ ഖുർആൻ ഒരു വിഷമാണ്. അത് വമ്പിച്ച തോതിൽ വായനക്കാരനെ ബാധിക്കുന്നു. പക്ഷേ അത് ചിത്തഭ്രമമുള്ള ആളിലാണ് ബാധിക്കുക എന്ന് മാത്രം'* തുടർന്ന് വന്നുള്ള ഖുർആൻ വിവർത്തകന്മാർ ഈ പൂർവ്വസൂരിയുടെ അഭിപ്രായത്തെ തിരുത്തുകയുണ്ടായി. 1962 ൽ ഖുർആന്റെ ഇംഗ്ലീഷ് വിവർത്തകനായ എ.ജെ. ആർബറി നന്ദിപൂർവ്വം ഇപ്രകാരം സ്മരിക്കുന്നു: *'ഈ ഗ്രന്ഥം ആദ്യമായി വായിക്കുമ്പോൾ മനുഷ്യനാകട്ടെ പ്രവാചകനാകട്ടെ വല്ലാത്തൊരു ശക്തിയാലോ ശക്തികളാലോ പ്രചോദിതരാവുന്നു. തീർച്ചയായും ഇത് ഉത്സാഹഭരിതമാക്കുന്ന ഒരനുഭവമാണ് കുറച്ച് കൂടി നാം കാത്തുനിൽക്കുകയാണെങ്കിൽ ദൈവം മനുഷ്യനുവേണ്ടി വെളിപ്പെടുത്തിയ അവന്റെ അവസാനത്തെ ഇച്ഛയും ഉദ്ദേശവുമാണ് ഖുർആൻ എന്ന് അംഗീകരിക്കപ്പെടുന്നതായിരിക്കും* (Quran Interepted Oxford U.P. World's Classes 596)

ഞാൻ ആറ് ഖുർആൻ പരിഭാഷകരുടെ ഖുർആൻ വായിച്ചു പഠിച്ചിട്ടുണ്ട്. ഞാനിപ്പോൾ രണ്ടുപേരുടെ ഖുർആൻ മാത്രമാണ് വായനക്കുപയോഗിക്കുന്നത്. അതിൽ ഒന്ന് എ.ജെ. ആർബറിയുടേതാണ്. മറ്റേത് മുഹമ്മദ് സഫറുല്ലാഹ് ഖാന്റേതും. ആദ്യത്തെയാളുടെ ഇംഗ്ലീഷ് പരിഭാഷ ഗദ്യത്തിന്റേയും പദ്യത്തി

ന്റെയും ശൈലിയിലുള്ളതാണ്. ഭാഷയാവട്ടെ അതിമനോഹരവും പക്ഷേ ആലങ്കാരിക വചനങ്ങൾ അവ്യക്തമാണ്. സഫറുല്ലാഹ്ഖാന്റെ പരിഭാഷാ ഭാഷ്യം ഹ്രസ്വാത്മകവും അർത്ഥപൂർണ്ണവുമാണ്. പ്രചുരപ്രചാരം സിദ്ധിച്ച കൂടുതൽ ഉചിതമായ പദങ്ങൾ ചില സ്ഥലങ്ങളിൽ പ്രയോഗിക്കാൻ പാരമ്പര്യ പരിഭാഷാശൈലി അദ്ദേഹത്തെ തടയുന്നു എന്ന് എനിക്ക് തോന്നിയിട്ടുണ്ട്.

നമ്മുടെ കാലത്തെ മിക്ക മുസ്ലിംകളും ജീവിക്കുന്നത് പോലെ ഞാനും മതരഹിതമായ ഒരു ജീവിതമായിരുന്നു നയിച്ചത്. 60-ാം വയസ്സിലാണ് ഞാൻ ആദ്യമായി ഖുർആൻ വായിക്കുന്നത്. അത് വരെ എനിക്ക് മതവിശ്വാസമില്ലായിരുന്നു. ബുദ്ധിപരമായി ഒരു മതകീയ ജീവിതം നയിക്കണമെന്നായിരുന്നു ഞാൻ വിചാരിച്ചത്. പക്ഷേ പ്രായോഗികമായി അതൊരു ഭാരമായിട്ടാണ് എനിക്കനുഭവപ്പെട്ടത്. ഖുർആൻ വിവരിച്ചത് പോലെ എന്റെ 'കഴുത്തിൽ വിലങ്ങ് വെച്ച്' അനുഭവം. ഭാഗ്യവശാൽ ഞാൻ ദിനേന ഖുർആൻ വായിക്കാൻ ഇഷ്ടപ്പെട്ടു. അതിലെ ചില വസ്തുതകളും അർത്ഥങ്ങളും എന്റെ മനസ്സിലേക്ക് കുത്തിക്കയറി. അങ്ങനെ ഞാൻ ആരാധന അനുഷ്ഠിക്കാൻ നിർബന്ധിതനായി. പക്ഷേ ഫർള് മാത്രമേ ഞാൻ നിർവ്വഹിച്ചുള്ളൂ. സുന്നത്ത് ഒഴിവാക്കി. അതും നിശ്ചിത സമയങ്ങളിലല്ലായിരുന്നു അവ നിർവ്വഹിച്ചത്. രാവിലെ 8നോ 9നോ ഉണർന്നാലാണ് സുബ്ഹ് നമസ്കാരം ഞാൻ നിർവ്വഹിച്ചത്. ഖുർആനിലെ മറ്റൊരു കാര്യം എന്റെ മനസ്സിൽ ആഞ്ഞുതറച്ചപ്പോൾ ഞാൻ സുന്നത്ത് നമസ്കാരം നിർവ്വഹിക്കാനാരംഭിച്ചു. ഖുർആനിലെ മറ്റൊരു വസ്തുത എന്റെ മനസ്സിൽ തട്ടിയപ്പോൾ ഞാൻ സുബ്ഹി നമസ്കാരം ഉൾപ്പെടെ കൃത്യസമയത്ത് നമസ്കരിക്കാൻ തുടങ്ങി. സുബഹിക്ക് എഴുന്നേൽക്കുക എന്നത് വളരെ കഠിനതരമായിരുന്നു. അങ്ങനെ വർഷങ്ങളോളമുള്ള ശീലത്തിന്റെ ഫലമായി പ്രാർത്ഥിക്കുമ്പോൾ അനുഭവപ്പെടുന്ന ഭാരം എന്നിൽ നിന്നും പൂർണ്ണമായും നീക്കപ്പെട്ടു. അങ്ങനെ രാത്രിയുടെ അന്ത്യയാമങ്ങളിൽ ഏത് നേരവും പ്രാർത്ഥിക്കാൻ വേണ്ടി എനിക്ക് എഴുന്നേൽക്കാമെന്നായി. ഇത് പോലെ തന്നെയാണ് സക്കാത്തും മറ്റ് കല്പനകളുടെ കാര്യവും. ഞാൻ എപ്രകാരമായിരുന്നു എന്റെ സമ്പത്തുമായി കെട്ടുപിണഞ്ഞു കഴിഞ്ഞത് എന്ന കാര്യം ഞാനോർക്കാറുണ്ട്. അത് പങ്കുവെക്കുന്നത് ഒരിക്കലും ഞാൻ ഇഷ്ടപ്പെട്ടിരുന്നില്ല. ഖുർആൻ ആ ബന്ധനങ്ങളിൽ നിന്നെല്ലാം എന്നെ മോചിപ്പിച്ചു. ഓക്സ്ഫനിലും വിദേശത്തും പ്രവർത്തിക്കുന്ന ബ്രിട്ടീഷ് ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഞാൻ എന്റെ സക്കാത്ത് നൽകി. അങ്ങനെ ദാനം നൽകുന്നതിന് തടസ്സമായി നിന്ന ബന്ധനത്തിൽ നിന്നും മോചിതനായ ഞാൻ ഇപ്പോൾ പണത്തിന്റെ ശോഷണത്തെ കുറിച്ച് വ്യാകുലപ്പെടാറില്ല. ഈ ലോകത്തിലെ ആഗ്രഹങ്ങളെല്ലാം ഞാൻ വളരെ പരിമിതമാക്കി. ആഗ്രഹമില്ലായ്മ മനസ്സിന് സമാധാനവും ശാന്തിയും നൽകുമെന്ന് ഖുർആൻ പറയുന്നു. പക്ഷേ അത് ഹിന്ദു സന്യാസിമാർ പറയുന്നത് പോലെ സർവ്വസംഗപരിത്യാഗമല്ല. ഈ വഴിയിൽ ഖുർആനിൽ പറഞ്ഞ രീതിയിൽ ദൈവത്തിന്റെ ആജ്ഞകൾ ക്കനുസരിച്ച് ഞാൻ എന്റെ ജീവിതം ക്രമപ്പെടുത്തി. ഇസ്ലാമിലെ അഞ്ച് പ്രാമാണിക കാര്യങ്ങൾ ഞാൻ കൃത്യമായി പാലിച്ചു.

ഖുർആൻ ഞാൻ കൂടുതലായി വായിക്കുന്തോറും എന്നിൽ കൂടുതൽ വിവേകം അത് നിറക്കുകയായിരുന്നു. പക്ഷേ മുസ്ലിം ലോകത്ത് ആചരിക്കപ്പെടുന്ന ഇസ്ലാം എന്നെ നിരാശപ്പെടുത്തുകയാണുണ്ടായത്. ഇസ്ലാമിൽ നിന്നും മുസ്ലിംകൾ സ്വയം വേർപ്പെട്ടതായി ഞാൻ കണ്ടു. ഖുർആൻ പറഞ്ഞ കാര്യങ്ങളിൽ ആരും ശ്രദ്ധിക്കുന്നില്ല. മുസ്ലിം ലോകം ഖുർആൻ വിരുദ്ധരെ പോലെയാണ് എനിക്കനുഭവപ്പെട്ടത്. ഇസ്ലാം മതത്തിന്റെ സാരം ദൈവത്തോടുള്ള അനുസരണയാണ്. അതായത് ദൈവത്തിലുള്ള വിശ്വാസവും, പരലോകത്തിലുള്ള വിശ്വാസവും അതുപോലെ ലോകത്ത് സാത്വികജീവിതം നയിക്കലുമാണ്. അഥവാ ശരീഅത്തിനനുസരിച്ചുള്ള ജീവിതം. മുസ്ലിംകൾ ഇതിൽ നിന്നെ ല്ലാം എത്രയോ അകലെയാണ്. അവർ ശരീഅത്തിനാൽ ഭരിക്കപ്പെടുന്നില്ല. അവർ അമുസ്ലിംകളെപോലെ ജീവിക്കുന്നു. സ്വാഭാവികമായും അവരുടെ അവസ്ഥ ഇന്ന് മറ്റെന്നെത്തേക്കാൾ വളരെ മോശമാണ്. അവരിൽ വലിയൊരു വിഭാഗം ആളുകൾ അവരുടെ ഇസ്ലാമിക രാജ്യത്തിന് പുറത്ത് വന്ന് അവരുടെ ആഗ്രഹങ്ങൾ ശമിപ്പിക്കുകയാണ്. ചിലർ അനിസ്ലാമിക രാജ്യത്ത് തന്നെയാണ് സ്ഥിരതാമസം. അവിടെ അവർ പാശ്ചാത്യരെ അനുകരിച്ച് ജീവിക്കുന്നു. ഇന്ന് 40 മുസ്ലിം രാജ്യങ്ങളുണ്ട്. അവരാകട്ടെ ആധുനിക രാജ്യമാവാനും, കമ്യൂണിസ്റ്റ് രാജ്യമാവാനും, സോഷ്യലിസ്റ്റാവാനും, ജനാധിപത്യ, സെക്കൂലറിസ്റ്റ് രാജ്യമാവാനും മത്സരിക്കുകയാണ്. ഇസ്ലാ മാകാൻ മാത്രം അവർ ശ്രമിക്കുന്നില്ല. ഇത് മുസ്ലിംകൾക്കിടയിൽ അനൈക്യം ഉണ്ടാക്കിയിരിക്കുന്നു. മുസ്ലിം വ്യക്തികൾ മറ്റൊരു മുസ്ലിമിന്റെ കണ്ണിലെ കരടായി മാറിയിരിക്കുന്നു. ഒരു മുസ്ലിം

*(ശേഷം 32 - ൽ)*

ലേഖനം

കലീം

# ബൈബിളിലില്ലാത്ത ക്രൈസ്തവ വിശ്വാസം

**യഹൂദന്മാർ കഠിനമായി പരിശ്രമിച്ചിട്ടും ക്രിസ്തു തങ്ങളുടെ പാരമ്പര്യ ഏകദൈവ വിശ്വാസത്തിനെതിരായി എന്തെങ്കിലും പറഞ്ഞുവെന്നത് തെളിയിക്കാനായില്ല എന്ന് ബൈബിൾ വ്യക്തമായും സാക്ഷ്യം വഹിക്കുന്നു. ക്രിസ്ത്യാനികൾ വിശ്വസിക്കുന്ന ത്രിത്വവാദം യേശു പ്രബോധിച്ചു എന്നതിന് ബൈബിളിൽ തെളിവില്ല.**

ക്രിസ്തുമതത്തിന്റെ കേന്ദ്ര തത്ത്വം ത്രിത്വമാണ്. ത്രിത്വമാണ് ക്രിസ്തുമതത്തിന്റെ കേന്ദ്ര തത്ത്വമെങ്കിൽ അത് ബൈബിളിൽ ആവർത്തിച്ചുറപ്പിക്കുകയും വ്യക്തമായി പ്രതിപാദിച്ചിരിക്കുകയും വേണം. ചരിത്രപരമായി ത്രിത്വവാദം പണ്ടു കാലം മുതൽ തന്നെ നിലനിന്നുവെന്ന് ക്രിസ്ത്യാനികൾ തെളിയിക്കേണ്ടതുമുണ്ട്. എന്നാൽ അത്ഭുതകരമെന്ന് പറയട്ടെ ക്രിസ്തുമതത്തിന്റെ എല്ലാമെല്ലാമായ ത്രിത്വവാദം ഈ രണ്ടു രീതിയിലും സ്ഥിരീകരിക്കപ്പെട്ടിട്ടില്ല. യേശു ത്രിത്വം ഒരിക്കൽ പോലും പ്രബോധിച്ചിരുന്നതായി ബൈബിൾ രേഖപ്പെടുത്തിയിട്ടില്ല. ത്രിത്വത്തെ സ്ഥാപിക്കാൻ വേണ്ടി ക്രിസ്ത്യാനികൾ ബൈബിളിലെ ചില വാക്യങ്ങൾ (മത്തായി 28:19) എടുത്തുദ്ധരിക്കാറുണ്ട്. പക്ഷേ മൂന്ന് വ്യക്തിത്ത്വങ്ങളുടെ കേവലമായ വിവരണമാണ് ആ വചനത്തിലുള്ളത്. ത്രിത്വം സ്ഥാപിക്കാൻ ആ ബൈബിൾ വചനം കൊണ്ടാവില്ല. യഥാർത്ഥത്തിൽ ത്രിത്വവിശ്വാസം ശരിയായിരുന്നുവെങ്കിൽ യേശു ശക്തമായി അത് പ്രതിപാദിക്കുമായിരുന്നു. പക്ഷേ ത്രിത്വ സിദ്ധാന്തത്തിന് വിരുദ്ധമായി ദൈവത്തിന്റെ ഏകത്വ സിദ്ധാന്തവും അവനോടുള്ള ആരാധനയെപറ്റിയുമായിരുന്നു യേശു എല്ലായ്പ്പോഴും പ്രബോധിച്ചിരുന്നത്. ഇതിന് ഉപോൽബലകമായ ചില ബൈബിൾ വചനങ്ങളിപ്രകാരമാണ്.

***''ഏക സത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശു ക്രിസ്തുവിനെയും അറിയുന്നതു തന്നെ നിത്യജീവൻ ആകുന്നു" (യോഹന്നാൻ 17:3)***

***എന്നെ നല്ലവൻ എന്നു പറയുന്നതെന്ത്, ദൈവം ഒരുവനല്ലാതെ നല്ലവൻ ഇല്ല (ലൂക്കോസ് 18:19)***

***അതിനു യേശു: എല്ലാറ്റിനും മുഖ്യകല്പനയോ: യിസ്രായേലേ കേൾക്ക; നമ്മുടെ ദൈവമായ കർത്താവു ഏകകർത്താവു നിന്റെ ദൈവമായ കർത്താവിനെ നീ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണമനസ്സോടും പൂർണ ശക്തിയോടും കൂടെ സ്നേഹിക്കണം (മർക്കോസ് 12:29)***

യേശുവിന്റെ ചരിത്രം കൂലങ്കഷമായി നാം പരിശോധിച്ചാൽ യേശു ത്രിത്വം പ്രസംഗിച്ചതായി ഏതെങ്കിലും ഒരു സംഭവം ചൂണ്ടിക്കാട്ടുവാൻ ആർക്കും സാധ്യമല്ല. യേശു ദൈവത്തിന്റെ ഏകത്വത്തിലായിരുന്നു വിശ്വസിച്ചിരുന്നത് എന്ന വസ്തുത തെളിയിക്കാൻ ബൈബിളിൽ ചില സംഭവങ്ങൾ പരാമർശിക്കപ്പെട്ടിട്ടുണ്ട്. ഇതിൽ നിന്നും അദ്ദേഹം ദൈവത്തിന്റെ ഏകത്വത്തിൽ വിശ്വസിച്ചിരുന്നു എന്ന് മാത്രമല്ല അതിന്റെ ശക്തമായ പ്രചാരകനും കൂടിയായിരുന്നു എന്ന് മനസ്സിലാക്കാം. ക്രൂശീകരണത്തിനു മുമ്പുള്ള യേശുവിന്റെ കോടതി വിചാരണയിൽ നിന്നും ഈ വസ്തുത അനിഷേധ്യമാംവിധം തെളിയുന്നു.

യഹൂദികൾ യേശുവിനെ അറസ്റ്റ് ചെയ്യുകയും ന്യായവിചാരണക്ക് ഹാജരാക്കുകയും ചെയ്തു. പിന്നീട് യഹൂദികൾ തന്നെ അദ്ദേഹത്തെ ക്രൂശിക്കുകയാണുണ്ടായത് എന്നതാണ് വാസ്തവം. യേശുവിൽ ആരോപിക്കപ്പെട്ട കുറ്റം യേശു സ്വയം തന്നെ ദൈവികതയുടെ ഭാഗമാണെന്ന് അവകാശപ്പെടുന്നു എന്നായിരുന്നു. (മറ്റൊരുവിധത്തിൽ പറഞ്ഞാൽ ത്രിത്വത്തിൽ വിശ്വസിക്കുന്നു എന്നായിരുന്നു ആരോപണം) വിചാരണവേളയിൽ യേശു ഇപ്രകാരം പറഞ്ഞതായി ബൈബിൾ രേഖപ്പെടുത്തുന്നു.

***"മഹാപുരോഹിതൻ യേശുവിനോട് അവന്റെ ശിഷ്യന്മാരേയും ഉപദേശത്തേയും കുറിച്ചു ചോദിച്ചു. അതിനു യേശു ഞാൻ ലോകത്തു പരസ്യമായി സംസാരിച്ചിരുന്നു. പള്ളിയിലും എല്ലാ യഹൂദന്മാരും കൂടുന്ന ദേവാലയത്തിലും ഞാൻ എപ്പോഴും ഉപദേശിച്ചു. രഹസ്യമായി ഒന്നും സംസാരിച്ചില്ല. ഞാൻ സംസാരിച്ചത് എന്തെന്ന് കേട്ടവരോട് ചോദിക്ക. ഞാൻ പറഞ്ഞതു അവർ അറിയുന്നു."*** (യോഹന്നാൻ 18:19–21).

"യേശു പറഞ്ഞതെല്ലാം വളരെ പരസ്യമായിട്ടായിരുന്നു എന്ന് ഈ പരാമർശം വ്യക്തമാക്കുന്നു. അദ്ദേഹം പ്രവാചകന്മാരുടെ പാരമ്പര്യം അനുധാവനം ചെയ്യുകയും വളച്ചുകെട്ടില്ലാതെ സത്യം പ്രബോധനം ചെയ്യുകയും ചെയ്തു. ഇത്തരമൊരു സാഹചര്യത്തിൽ യേശു വേദ വിപരീതം പ്രബോധിച്ചിരുന്നുവെങ്കിൽ യഹൂദ പുരോഹിതന്മാർക്ക് ആയിരക്കണക്കിന് സാക്ഷികളെ ലഭിക്കാൻ യാതൊരു പ്രയാസവുമുണ്ടാകുമായിരുന്നില്ല. എന്നാൽ സംഭവം അങ്ങനെയായിരുന്നില്ല. യേശുവിന്റെ അവിശ്വാസം സ്ഥിരീകരിക്കാൻ വേണ്ടി കിണഞ്ഞു പരിശ്രമിച്ച യഹൂദികൾക്ക് ഒരു സാക്ഷിയെ പോലും ഹാജരാക്കാൻ സാധിച്ചില്ല. യഹൂദ പുരോഹിതർ യേശുവിനെതിരെയുള്ള തന്റെ വ്യാജാരോപണം സ്ഥാപിക്കാൻ ഒരു കള്ളസാക്ഷിയെ ഹാജരാക്കുകയാണുണ്ടായത്. എന്നിട്ടും അവർക്ക് ഒരു തെളിവ് ഹാജരാക്കാനായില്ല. അത് ബൈബിളിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

***"മഹാ പുരോഹിതന്മാരും ന്യായാധിപസംഘം ഒക്കെയും യേശുവിനെ കൊല്ലണമെന്നതിന് അവന്റെ നേരെ കള്ളസാക്ഷ്യം അന്വേഷിച്ചു. കള്ളസാക്ഷ്യം പലരും വന്നിട്ടും പറ്റിയില്ല."*** (മത്തായി: 26;59, 60)

"മഹാപുരോഹിതന്മാരും ന്യായാധിപസംഘം ഒക്കെയും യേശുവിനെ കൊല്ലേണ്ടതിനു അവന്റെ നേരെ സാക്ഷ്യം അന്വേഷിച്ചു; കണ്ടില്ലതാനും. അനേകർ അവന്റെ നേരെ കള്ളസാക്ഷ്യം പറഞ്ഞിട്ടും സാക്ഷ്യം ഒത്തുവന്നില്ല. ചിലർ എഴുന്നേറ്റു അവന്റെ നേരെ ഞാൻ കൈപ്പണിയായ ഈ മന്ദിരം പൊളിച്ചു മൂന്നു ദിവസം കൊണ്ടു കൈപ്പണിയില്ലാത്ത മറ്റൊന്നു പണിയും എന്നും ഇവൻ പറഞ്ഞതു ഞങ്ങൾ കേട്ടു എന്ന കള്ളസാക്ഷ്യം ഒത്തുവന്നില്ല." (മാർക്കോസ് 14:55,59)

ഈ ബൈബിൾ പരാമർശങ്ങളിൽ നിന്നു നമുക്ക് വ്യക്തമായി മനസ്സിലാവുന്നത് യേശുവിനെക്കുറിച്ചുള്ള യഹൂദികളുടെ വ്യാജാരോപണം തെളിയിക്കാൻ അവർക്ക് സാക്ഷികളെ ലഭിച്ചില്ലെന്നാണ്. അവർ കുറെയധികം കള്ളസാക്ഷികളെ ഹാജരാക്കിയെങ്കിലും അവർക്കാർക്കും കുറ്റം തെളിയിക്കാൻ സാധ്യമായില്ല. ന്യായാധിപൻ ഇക്കാര്യത്തിൽ അതൃപ്തി രേഖപ്പെടുത്തിയതായി ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

"പീലാത്തോസ് മഹാപുരോഹിതന്മാരോടും പുരുഷാരത്തോടും ഞാൻ ഈ മനുഷ്യനിൽ കുറ്റം ഒന്നും കാണുന്നില്ല എന്നു പറഞ്ഞു." (ലൂക്കോസ് 23:4).

"പീലാത്തോസ് മഹാപുരോഹിതന്മാരെയും പ്രമാണികളെയും ജനത്തെയും വിളിച്ചുകൂട്ടി. അവരോടു ഈ മനുഷ്യൻ ജനത്തെ മത്സരിപ്പിക്കുന്നു എന്നു പറഞ്ഞു. നിങ്ങൾ അവനെ എന്റെ അടുക്കൽ കൊണ്ടുവന്നുവല്ലോ. ഞാനോ നിങ്ങളുടെ മുമ്പാകെ വിസ്തരിച്ചിട്ടും നിങ്ങൾ ചുമത്തിയ കുറ്റം ഒന്നും ഇവനിൽ കണ്ടില്ല. ഹെരോദാവും കണ്ടില്ല. അവൻ അവനെ നമ്മുടെ അടുക്കൽ മടക്കി അയച്ചുവല്ലോ; ഇവൻ മരണയോഗ്യമായതു ഒന്നും പ്രവർത്തിച്ചിട്ടില്ല സ്പഷ്ടം (ലൂക്കോസ് 23:13–16)

"ആരാവാരം അധികമാകുന്നതല്ലാതെ ഒന്നും സാധിക്കുന്നില്ല എന്നു പീലാത്തോസ് കണ്ടിട്ടു വെള്ളം എടുത്ത് പുരുഷാരം കാൺകെ കൈ കഴുകി ഈ നീതിമാന്റെ രക്തത്തിൽ എനിക്ക് കുറ്റം ഇല്ല." (മത്തായി 27:24)

ത്രിത്വത്തിനെതിരായ നമ്മുടെ വാദമിതാണ്. യേശുവിനെ കോടതിയിൽ ഹാജരാക്കിയ യഹൂദികൾ ഏകത്വത്തിലായിരുന്നു വിശ്വസിച്ചത്. യേശു ത്രിത്വത്തിൽ വിശ്വസിച്ചിരിക്കുകയും അത് പ്രബോധനം ചെയ്യുകയും ചെയ്തിരുന്നുവെങ്കിൽ (ഇപ്പോഴത്തെ ഭൂരിപക്ഷ ക്രിസ്ത്യാനികളും അങ്ങനെയാണല്ലോ കരുതുന്നത്) തീർച്ചയായും അദ്ദേഹം കോടതിക്കു മുമ്പിൽ കുറ്റക്കാരനാകുമായിരുന്നു. കാരണം യഹൂദികളുടെ ഏകദൈവവിശ്വാസത്തിനെതിരെ ത്രിത്വം പ്ര.ബോധിച്ചു എന്നതിന് സാക്ഷികളെ എളുപ്പത്തിൽ ലഭിക്കുമായിരുന്നു. എന്നാൽ അദ്ദേഹത്തിനെതിരെ യഹൂദികൾ ആരോപിച്ച കുറ്റം തെളിയിക്കപ്പെട്ടിട്ടില്ല. മാത്രമല്ല കോടതിയിൽ ഹാജരാക്കിയ സകല സാക്ഷികളും വ്യാജന്മാരും കള്ളന്മാരുമാണെന്ന് തെളിയുകയും ചെയ്തു. യോഹന്നാൻ സുവിശേഷത്തിലുള്ളതുപോലെ.

യേശു: ഞാൻ ലോകത്തോട് പരസ്യമായി സംസാരിച്ചിരുന്നു. (യോഹന്നാൻ 18:20)

ത്രിത്വമാണ് യേശു പ്രചരിപ്പിച്ചിരുന്നതെങ്കിൽ ആയിരക്കണക്കിന്

***(ശേഷം 23-ൽ)***

ലേഖനം

ഏ.എം. മുഹമ്മദ് സലീം

ഖിലാഫത്ത് : നൂറ്റാണ്ടുകളിലൂടെ - 7

# ഉഥ്മാനിയാ ഖിലാഫത്തും അസ്മതിക്കുന്നു

**പതിമൂന്ന് നൂറ്റാണ്ടുകൾ ആഗോള മുസ്‌ലിം ഉമ്മത്തിനെ നയിച്ച ഖിലാഫത്ത് റസൂൽ തിരുമേനി (സ) പ്രവചിച്ചത് പോലെ ചരിത്രത്തിൽ നിന്നും നിഷ്ക്രമിച്ചു.**

## വഹാബികളുടെ ഖിലാഫത്ത് വിരുദ്ധ സമരങ്ങൾ

പതിനെട്ടാം നൂറ്റാണ്ടിൽ അറേബ്യയിൽ ഉയർന്നു വന്ന മതതീവ്രവാദ ഭീകരപ്രസ്ഥാനമായിരുന്നു വഹാബിസം. ശിആക്കളുടേയും സൂഫിസത്തിന്റേയും സ്വാധീനത്താൽ പല ദുഷിപ്പുകളും അന്ധവിശ്വാസങ്ങളും കബറാരാധനയും ഹിജാസിൽ മുഴുവൻ നടമാടിയിരുന്നു. ഇത്തരം അന്ധവിശ്വാസങ്ങൾക്കെതിരെയും കബർ കെട്ടിപ്പൊക്കുന്നതിനെതിരെയും രൂക്ഷമായ എതിർപ്പുമായിട്ടാണ് മുഹമ്മദ്ബ്നു അബ്ദിൽ വഹാബ് എന്ന തീവ്രവാദി പണ്ഡിതൻ അറേബ്യയിലെ നജ്ദിൽ രംഗപ്രവേശനം ചെയ്തത്. ഹംബലി മദ്ഹബ്കാരനായ അബ്ദിൽ വഹാബ് 14ാം നൂറ്റാണ്ടിലെ ഇബ്നുതൈമിയ്യയുടെ സിദ്ധാന്തങ്ങളിൽ ആകൃഷ്ടനായിരുന്നു. കബറ് പൊളിക്കുക, അന്ധവിശ്വാസങ്ങളോട് വളരെ അസഹിഷ്ണുതാപരമായും സംഹാരത്മാകമായും പ്രതികരിക്കുക എന്നീ കർമ്മപരിപാടികളൊഴികെ ചിന്താമണ്ഡലത്തിൽ യാതൊരു സംഭാവനയും നൽകാത്ത ഒരു തീവ്രവാദപ്രസ്ഥാനമായിരുന്നു വഹാബിസം. തുർക്കി ഖിലാഫത്തിനെതിരെ അറബ് ദേശീയത ഉണർത്തിവിടാനുള്ള ഒരു ചിന്താപ്രസ്ഥാനം എന്ന നിലക്ക് ബ്രിട്ടീഷുകാരും ക്രിസ്ത്യാനികളും വഹാബിസത്തിന് പരിപൂർണ്ണ പിന്തുണ നൽകി. വഹാബി കലാപകാരികളെ പ്രോത്സാഹിപ്പിച്ചു. 1218/1803ൽ വഹാബികൾ അക്രമത്തിലൂടെ ഉഥ്മാനികളിൽ നിന്നും മക്ക പിടിച്ചെടുക്കുകയുണ്ടായി.

ഉഥ്മാനികളുടെ ഈജിപ്തിലെ വൈസ്രോയിയായിരുന്ന മുഹമ്മദലി പാഷ മക്കത്തുനിന്നും വഹാബികളെ തുരത്തുകയാണുണ്ടായത്. പിന്നീട് അറേബ്യയിലെ നജ്ദ് പ്രവിശ്യയിൽ ദിരിയയിലെ ഇബ്നു സഊദ് അബ്ദിൽ വഹാബിന്റെ വഹാബിസം ഉപയോഗിച്ച് ഉഥ്മാനികൾക്കെതിരെ പോരാടി തന്റെ സഊദി സാമ്രാജ്യം സ്ഥാപിക്കാനാണ് ശ്രമിച്ചത്. ഇബ്നു സഊദ് ആഭ്യന്തരകുഴപ്പങ്ങൾ നിമിത്തം പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ കുവൈത്തിലേക്ക് പിൻവാങ്ങിയെങ്കിലും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ സഊദി കുടുംബത്തിലെ അബ്ദുൽ അസീസ് ഇബ്നു സഊദ് വഹാബി ഇമാമായി. അദ്ദേഹമാണ് ഉഥ്മാനികളിൽ നിന്നും റിയാദ് പിടിച്ചടക്കിയത്. ഒന്നാം ലോകമഹായുദ്ധം പൊട്ടിപുറപ്പെട്ടപ്പോൾ ഉഥ്മാനിയാ ഖിലാഫത്തിനെതിരെ ബ്രിട്ടീഷുകാരെ സഹായിക്കാൻ മാസം തോറും 25,000 ഡോളർ ഇബ്നു സഊദ് കൈപറ്റിയിരുന്നതായി ബ്രിട്ടീഷ് രേഖകളിൽ കാണാം. (The middle east a history - Sidney Nettleton Fisher P. 575)


## ഫലസ്തീനും ഉഥ്മാനികളും

ഫലസ്തീൻ പ്രശ്നത്തിൽ ധീരോദാത്തമായ നിലപാടാണ് ഉഥ്മാനീ ഖലീഫമാർ കൈക്കൊണ്ടത്. ജൂതന്മാരുടെ കുടിലതന്ത്രങ്ങളെപറ്റി അറിയാവുന്ന ഉഥ്മാനി ഖലീഫമാർ സ്പെയിനിൽ നിന്ന് ജൂതന്മാർ അളവറ്റ പീഡനങ്ങൾക്ക് വിധേയമാവുകയും യൂറോപ്പിലെ നഗരങ്ങൾ അവർക്ക് വിലക്കേർപ്പെടുത്തുകയും ചെയ്തപ്പോൾ ഉഥ്മാനീ ഖലീഫമാരാണ് അവർക്ക് തങ്ങളുടെ സാമ്രാജ്യത്തിന്റെ വാതിൽ മലർക്കെ തുറന്നിട്ടത്. അപ്പോഴും ഫലസ്തീനിൽ കുടിയേറിപ്പാർക്കാൻ അവരെ ഉഥ്മാനികൾ അനുവദിച്ചില്ല. സിയോണിസ്റ്റുകൾ യൂറോപ്യൻ രാജ്യങ്ങളിലെ അംബാസിഡർമാർ മുഖേന ഫലസ്തീനിൽ കുടിയേറിപാർക്കാനായി ഖലീഫാ അബ്ദുൾ ഹമീദിനെ സ്വാധീനിക്കാൻ ശ്രമിച്ചു. പക്ഷേ ഖലീഫ

അത് തള്ളിക്കളയുകയാണുണ്ടായത്.തീർത്ഥാടനത്തിനു വേണ്ടിയല്ലാതെ സ്ഥിരതാമസത്തിന് യഹൂദികളെ ഉഥ്മാനികൾ അനുവദിച്ചിരുന്നില്ല. ബൈത്തുൽ മുഖദ്ദസ് അടങ്ങുന്ന ജെറുസലേം വളരെ സൗഹൃദത്തിലും സംതൃപ്തിയിലും ഇസ്‌ലാമിന്റെ രണ്ടാം ഖലീഫ ഹദ്റത്ത് ഉമർ (റ)ന് ക്രിസ്ത്യാനികളാണ് നൽകിയതെന്നും ഇസ്‌ലാമിന്റെ ഈ പൈതൃകസ്വത്ത് യഹൂദർക്ക് ഉഥ്മാനിയാ ഖിലാഫത്ത് നിലനിൽക്കുവോളം നൽകില്ലെന്നും അദ്ദേഹം പറഞ്ഞു. ഫലസ്തീൻ സംരക്ഷണത്തിന് ഉഥ്മാനികളുടെ ഈ ദൃഢമായ നിലപാടു കാരണം ഉഥ്മാനിയാ ഖിലാഫത്ത് തകർക്കാൻ സയണിസ്റ്റുകളുടെ ഗൂഢമായി ശ്രമിച്ചുകൊണ്ടിരുന്നു. ഉഥ്മാനി ആധിപത്യ പ്രദേശങ്ങളിൽ അറബ് ദേശീയവാദം കുത്തിപ്പൊക്കി ഛിദ്രതയുണ്ടാക്കാൻ സയണിസ്റ്റുകൾ പലവിധ ശ്രമങ്ങളും നടത്തുകയുണ്ടായി. 1892ൽ ജർമ്മനിയിലെ ജൂത നേതാവായിരുന്ന ഫ്രീഡ്മേൻ അർദ്ധ സൈനിക സ്വഭാവമുള്ള ഒരു സംഘം ജൂതന്മാരുമായി ഫലസ്തീന്റെ പ്രാന്തപ്രദേശങ്ങളിൽ വന്നിറങ്ങി കോളനി സ്ഥാപിക്കാൻ ശ്രമിച്ചുവെങ്കിലും ഉഥ്മാനീ ഖലീഫ അവരെ അവിടെനിന്നും തിരിച്ചയക്കുകയാണുണ്ടായത്. സയണിസ്റ്റ് പ്രസ്ഥാന സ്ഥാപകനായിരുന്ന തിയോഡർ ഹെർസൽ ഫലസ്തീനാണ് ജൂതഗേഹമെന്ന് അംഗീകരിക്കുകയും പുസ്തകമെഴുതുകയും തന്ത്രങ്ങൾ മെനയുകയും ചെയ്തയാളാണ്. സാമ്പത്തിക കടം കൊണ്ട് വലഞ്ഞ തുർക്കിയുടെ എല്ലാ സാമ്പത്തിക ബാധ്യതകളും ഞങ്ങൾ തീർത്തുതരാമെന്നും പകരം ഫലസ്തീനിൽ ജൂതകുടിയേറ്റം അനുവദിക്കണമെന്നും ഹെർസൽ ഉഥ്മാനി ഖലീഫയോടു പറഞ്ഞുനോക്കി. തുർക്കി കുത്തുപാളയെടുത്താലും അത് അനുവദിക്കില്ല എന്നും അത് ഇസ്‌ലാമിന്റെ അഭിമാന സ്തംഭമാണ് എന്നും പറഞ്ഞ് ഖലീഫ സയണിസ്റ്റുകളുടെ വാഗ്ദാനം നിരാകരിക്കുകയാണ് ചെയ്തത്. പല പ്രലോഭനങ്ങളും ഉഥ്മാനിയാ ഖലീഫമാർക്കു നേരെ വെച്ചുനീട്ടിയിട്ടും അവർ ജൂതന്മാരുടെ ആ തന്ത്രങ്ങളിലൊന്നും വീണില്ല.

## ഉഥ്മാനീ ഖിലാഫത്തിന്റെ പതനം

ഇസ്‌ലാമിക ചരിത്രത്തിൽ ഏറ്റവും ദീർഘകാലം കെട്ടുറപ്പോടുകൂടി ഭരിച്ച ഖിലാഫത്താണ് ഉഥ്മാനികളുടേത്. ക്രി. വ. 1288 മുതൽ 1700 വരെ രാഷ്ട്രീയമായി പ്രതാപത്തോടുകൂടിയും 1700 മുതൽ 1924 വരെ ക്ഷയോന്മുഖമായിക്കൊണ്ടും ഉഥ്മാനികൾ ഖിലാഫത്തിന് നേതൃത്വം നൽകി. ഇത്രയും വൈവിധ്യങ്ങളുള്ള ജനതയെ ഖിലാഫത്താകുന്ന ചരടിൽ കോർത്തിണക്കിക്കൊണ്ട് ആത്മീയവും ഭൗതികവുമായ ഭരണം നിർവ്വ



*ഇസ്തംബൂളിലെ ഉഥ്മാനിയ്യാ രാജധാനിയുടെ കവാടം*

ഹിക്കുക എന്നത് ഒരു ഭാരിച്ച ഉത്തരവാദിത്വമാണ്. തീർച്ചയായും വൈകല്യങ്ങളും അപാകതകളുമുണ്ടാകാം. പക്ഷേ ഉഥ്മാനികൾ ഉയർത്തിപ്പിടിച്ച ഇസ്‌ലാമിക മൂല്യങ്ങൾ നിസ്തുലമാണ്. ആക്രമണത്തോടുള്ള വെറുപ്പ്, സമാധാനത്തോടുള്ള ഉൽക്കടമായ ആഗ്രഹം വിജ്ഞാനത്തോടുള്ള ആദരവ്, ഇസ്‌ലാമിക ധാർമ്മികതയോടു ഭയഭക്തിയോടെയുള്ള സമീപനം, സഹിഷ്ണുത നിയമവാഴ്ചയോടുള്ള വിധേയത്വം, വിനയം മുതലായവ ഉഥ്മാനികളുടെ ഇസ്‌ലാമിന്റെ അഭിമാനസ്തംഭങ്ങളാക്കി മാറ്റി. അനേകം മഹനീയ ഗുണങ്ങളുടെ കേദാരങ്ങളായിരുന്നു അവർ. മതദേശീയ വൈവിധ്യങ്ങളോട് ഉഥ്മാനികൾ കാണിച്ച സഹൃദയത്വം ആദരണീയങ്ങളാണ്. ജൂതന്മാർ യൂറോപ്പിൽ പീഡിപ്പിക്കപ്പെട്ടപ്പോൾ അവർക്ക് അഭയം നൽകിയത് ഉഥ്മാനികളാണ്. അവർ മറ്റേതൊരു ഭരണാധികാരിയേക്കാളും കൂടുതൽ കടപ്പെട്ടത് ഉഥ്മാനികളോടാണെന്ന് ചരിത്രം പരിശോധിച്ചാലറിയാം. അഹങ്കാരവും അഹന്തയും ഉഥ്മാനീ ഖലീഫമാരിൽ അണുമണിതൂക്കം പോലുമുണ്ടായിരുന്നില്ല എന്നത് അവരുടെ ഏറ്റവും വലിയ മഹനീയതയായിരുന്നു.

ഭൗതികതയോടും പുറംപകിട്ടുള്ള അന്തസ്സാര ശൂന്യമായ യൂറോപ്യൻ രീതികളോടുമുള്ള അന്ധമായ അനുകരണവും ഇസ്‌ലാമിക ജീവിതത്തിൽ നിന്നക

ന്നതും ഖിലാഫത്തിന്റെ ആന്തരികചൈതന്യത്തെ കെടുത്തിക്കളഞ്ഞു. പഴയ കുരിശുയുദ്ധ പ്രതിയോഗികളായ യൂറോപ്യന്മാർ ഉഥ്മാനികളെ നാനാവിധത്തിലും ദുർബലമാക്കാൻ പത്തൊമ്പതാം നൂറ്റാണ്ടിൽ തള്ളിക്കയറി കരുക്കൾ നീക്കുകയായിരുന്നു. ഈ സിയോണിസ്റ്റുകളും ഇതിനെല്ലാറ്റിനുമുപരി അറബികളുടെ എതിർപ്പും ഉഥ്മാനികളെ തളർത്തി. ശാസ്ത്രരംഗത്തും വൈജ്ഞാനിക രംഗത്തും ഉഥ്മാനികൾ കാട്ടിയ ആലസ്യം അവരെ യൂറോപ്യന്മാരെ അപേക്ഷിച്ച് പിന്നോക്കകാരാക്കി മാറ്റി.

ഒന്നാം ലോകമഹായുദ്ധത്തിന്റെ പശ്ചാത്തലത്തിൽ തുർക്കികൾക്കിടയിൽ തന്നെയുണ്ടായ ദേശീയ വികാരം ഖിലാഫത്തിനെതിരെയുള്ള മുറവിളിയായി മാറി. 'തൻളീമാത്' എന്ന് വിളിക്കപ്പെട്ടിരുന്ന യൂറോപ്യൻ രീതിയുള്ള പരിഷ്ക്കരണങ്ങളുമായി യുവതുർക്കികൾ രംഗത്തെത്തി. ഇസ്ലാമിന്റെ ഹൃദയഭൂമിയിൽ ബ്രിട്ടന്റെ പക്ഷത്തു നിന്ന് അറബികൾ ഖിലാഫത്തിനെതിരെ കലാപം മുഴക്കി. ഉള്ളിൽ നിന്ന് തുർക്കി ദേശീയതയും അറബ് ദേശീയതയും പുറമെ നിന്ന് യൂറോപ്യരും ഖിലാഫത്തിനെ സമ്മർദ്ദത്തിൽപ്പെടുത്തി. ബാൾക്കൻ മേഖലയിലെ യുദ്ധങ്ങളും പരാജയങ്ങളും ഖിലാഫത്തിനെ കടക്കെണിയിലേക്കും അധോഗതിയിലേക്കും നയിച്ചു. ഇതിനെല്ലാം പുറമെ ഖലീഫ എന്ന ഉന്നതസ്ഥാനത്തിരുന്നുകൊണ്ട് പലരും ഇസ്ലാമിന്റെ അന്തഃസത്തക്ക് നിരക്കാത്തതും കുത്തഴിഞ്ഞതുമായ ജീവിതമാണ് നയിച്ചത്. യൂറോപ്യൻ സ്ത്രീകളെ വിവാഹം കഴിക്കുക എന്നത് പലരുടേയും ഒരു ദൗർബല്യമായി മാറി. ഈ ബലഹീനതകളെല്ലാം ഖിലാഫത്തിനെ തകർത്തുകൊണ്ടിരുന്നു.

എല്ലാറ്റിനും പുറമെ ഒന്നാം ലോകമഹായുദ്ധത്തിൽ ജർമ്മൻ പക്ഷത്ത് ചേർന്ന തുർക്കിക്ക് യുദ്ധപരാജയത്തോടൊപ്പം ഖിലാഫത്തിന്റെ പതനം ഏറ്റുവാങ്ങേണ്ടി വന്നു. ഉഥ്മാനീ ഖിലാഫത്തിനെ തകർക്കാൻ തുർക്കി ദേശീയവാദികളിൽ നിന്നും പാശ്ചാത്യർ ഉയർത്തിക്കൊണ്ടുവന്ന വീരനായകനായിരുന്നു അത്താതൂർക്ക് കമാൽപാഷ. 1923ൽ കമാൽപാഷ തുർക്കി റിപ്പബ്ലിക്കിന്റെ പ്രസിഡണ്ടായി. പിന്നീട് അദ്ദേഹം സൽത്വനത്തും ഖിലാഫത്തും തമ്മിലുള്ള ബന്ധം വേർപ്പെടുത്തി. അന്നത്തെ ഖലീഫ വഹീദുദ്ദീനെ മാൾട്ടയിലേക്ക് നാടുകടത്തി. തുടർന്ന് അബ്ദുൾ മജീദിബ്നു അബ്ദിൽ അസീസിനെ നാമമാത്ര ഖലീഫയായി വാഴിച്ചു. 1924 മാർച്ച് 3ന് കമാൽപാഷ ഉഥ്മാനിയ ഖിലാഫത്ത് പൂർണ്ണമായും നിർത്തലാക്കി. അവസാനത്തെ ഉഥ്മാനി ഖലീഫ സുൽത്താൻ അബ്ദുർ മജീദിനെ സ്വിറ്റ്സർലണ്ടിലേക്ക് നാടുകടത്തി. അങ്ങിനെ 625 വർഷക്കാലത്തെ ഉഥ്മാനിയ്യാ ഖിലാഫത്ത് ശോകനിർഭരമായ അന്ത്യത്തിൽ കലാശിച്ചു.

## ഉപസംഹാരം

ഖിലാഫത്തിന്റെ അന്ത്യം മുസ്ലിം ലോകത്ത് സൃഷ്ടിച്ച നേതൃശൂന്യത വമ്പിച്ചതായിരുന്നു. ഖുലഫ ഉർറാശിദയുടെ കാലം മുതൽ ഏതൊരു നേതൃത്വത്തിനു കീഴിലാണോ ഇസ്ലാം നൂറ്റാണ്ടുകളായി ചരിത്രം സൃഷ്ടിച്ചത് ആ നേതൃത്വം ഇല്ലാതായപ്പോൾ നട്ടുച്ചക്കിരുട്ടായ പ്രതീതിയായിരുന്നു. മുസ്ലിംകളിൽ അത് സൃഷ്ടിച്ച വേദനയും നിരാശയും പറഞ്ഞറിയിക്കാൻ സാധ്യമല്ല. മൗലാനാ മുഹമ്മദലിയെപോലെ ധീരന്മാരിൽ ധീരന്മാരായ സമുദായസ്നേഹികൾ പോലും ഈ വാർത്ത സൃഷ്ടിച്ച ദുഃഖപാരവശ്യത്തിൽ ആത്മഹത്യക്കൊരുങ്ങി എന്ന വസ്തുത തന്നെ ഖിലാഫത്തിന്റെ അഭാവം മുസ്ലിംകളിൽ സൃഷ്ടിച്ച പ്രത്യാഘാതം ഊഹിക്കാവുന്നതാണ്. മുസ്ലിം ഖിലാഫത്തിനെതിരെ യുദ്ധം ചെയ്ത ബ്രിട്ടൺ ഭരിക്കുന്ന ഇന്ത്യ 'ദാറുൽ ഹർബ്' ആണെന്ന് ഉലമാക്കന്മാർ ഫത്വ കൊടുത്തു. അതുകൊണ്ട് ഇന്ത്യയിൽ നിന്നും മുസ്ലിം രാജ്യത്തേക്ക് മുസ്ലിംകൾ ഹിജ്റ പോകണമെന്ന് ആഹ്വാനം ചെയ്തു. വടക്കേ ഇന്ത്യയിലെ മുസ്ലിംകൾ കൂട്ടംകൂട്ടമായി തൊട്ടടുത്ത മുസ്ലിം അയൽരാജ്യമായ അഫ്ഗാനിസ്ഥാനിലേക്ക് കാബൂളിനെ ലക്ഷ്യം വെച്ച് കൃഷിസ്ഥലവും, കച്ചവടം കുടിപ്പാടവും ഉപേക്ഷിച്ച് ഹിജ്റ പോയി. കാബൂൾ അമീർ തിരയിളകി വരുന്ന മുസ്ലിം ജനസഞ്ചയത്തെ കണ്ട് അതിർത്തിയടച്ചുകളഞ്ഞു. കാബൂൾ മുതൽ പെഷവാർ വരെയുള്ള പെരുവഴിയിൽ കടുത്ത കാലാവസ്ഥയിലും പട്ടിണിയിലും പെട്ട് ആയിരക്കണക്കിന് മുസ്ലിംകൾ മരിച്ചുവീണു. ബാക്കിയുള്ളവർ വഴിയാധാരവുമായി. മലബാറിൽ മുസ്ലിംകളുടെ ഖിലാഫത്ത് പുനഃസ്ഥാപനത്തിനുവേണ്ടിയുള്ള പോരാട്ടങ്ങൾ രക്തരൂക്ഷിതമായി. അതുവരെ ദേശീയ സ്വാതന്ത്ര്യസമരം നിർജ്ജീവമായിരുന്ന മലബാറിൽ മുസ്ലിംകളുടെ ഖിലാഫത്ത് പ്രശ്നം ഏറ്റെടുത്തപ്പോഴാണ് സജീവമായത്. ഖിലാഫത്തിന്റെ അഭാവത്തിൽ വെള്ളിയാഴ്ച ജുമുഅ നമസ്കാരം പോലും ആവശ്യമില്ലെന്ന് ആഗോളതലത്തിൽ ഒരുകൂട്ടം ഉലമാക്കൾ അഭിപ്രായപ്പെട്ടു. അങ്ങിനെ ഖിലാഫത്തിന്റെ തിരോധാനം സൃഷ്ടിച്ച പ്രകമ്പനവും പ്രളയവും ആഗോള മുസ്ലിം സമൂഹത്തെ പിടിച്ചുകുലുക്കി. ഖിലാഫത്ത് പുനസ്ഥാപനത്തിനു

വേണ്ടി മുസ്‌ലിംകൾ നടത്താത്ത ശ്രമങ്ങളില്ല. എത്രയെത്ര കൂടിയാലോചനകൾ, എന്തെന്ത് പ്രക്ഷോഭണങ്ങൾ, എത്രയെത്ര ബലിദാനങ്ങൾ. പക്ഷേ ഖിലാഫത്ത് മാത്രം പുനസ്ഥാപിതമായില്ല. പിന്നീട് നേതൃത്വമില്ലാത്ത നിരാശജനകമായ ആ അവസ്ഥയുമായി മുസ്‌ലിം ലോകം സമരസപ്പെട്ടു. മുസ്‌ലിം സമുദായത്തിന്റെ അവിഭാജ്യഘടകമായ ഖിലാഫത്ത് ഇല്ലാത്ത എട്ട് പതിറ്റാണ്ടുകൾ ഭൂരിപക്ഷ മുസ്‌ലിം സമുദായത്തിൽ കടന്നുപോയി. അപ്പോഴേക്കും ആഗോള മുസ്‌ലിം സമുദായം ദുഃഖങ്ങളുടേയും ദുരിതങ്ങളുടേയും നിലയില്ലാക്കയത്തിൽ പെട്ടു ദിശാബോധമില്ലാത്ത വെറും ഒരു ആൾകൂട്ടമായി മാറിക്കഴിഞ്ഞിരുന്നു.

ഖുലഫാ ഉർറാശിദക്ക് ശേഷമുള്ള ഖിലാഫത്തിന്റെ ചരിത്രം ഇസ്‌ലാമിന്റെ തനത് മാതൃകയിൽ നിന്നുള്ള വ്യതിയാനമായിരുന്നു. ഇസ്‌ലാമികേതാരമായ ലൗകിക ധാരകളുടേയും ലോകസമ്പ്രദായങ്ങളുടേയും സ്വാധീനങ്ങളിൽപ്പെട്ട് വിരൂപണം സംഭവിച്ച ഒരു അദ്ധ്യാത്മിക സ്ഥാപനമായി ഖിലാഫത്ത് മാറി. എങ്കിലും ഇസ്‌ലാമികമായ മൂല്യസങ്കല്പവും ചൈതന്യവുമാണ് ഖിലാഫത്തിനെ മുന്നോട്ടു നയിച്ചതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. റസൂൽ തിരുമേനി (സ) ഖിലാഫത്തിന്റെ ഗതിവ്യതിയാനത്തെപറ്റിയും അതിന്റെ തിരോധാനത്തെ സംബന്ധിച്ചും അതിന്റെ പുനരുദയത്തെ സംബന്ധിച്ചും മുസ്‌ലിം ലോകത്തോടു അർത്ഥശങ്കക്കിടയില്ലാത്തവിധം പ്രവചിച്ചതാണ്. ആയതിനാൽ ഖിലാഫത്തിന്റെ തിരോധാനത്തിന് മനുഷ്യകൃതമായ എന്തെല്ലാം നിമിത്തങ്ങളുണ്ടെങ്കിലും അതൊരു ദൈവദത്തമായ വിധിനിശ്ചയമാണ്. ഖിലാഫത്ത് നുബുവ്വത്തിന്റെ മാർഗ്ഗത്തിൽ വീണ്ടും പുനർജ്ജീവിപ്പിക്കപ്പെടുമെന്ന അല്ലാഹുവിന്റെ അലംഘനീയ വാഗ്ദാനം മുസ്‌ലിംകൾക്കുള്ള ഒരു സുവിശേഷം കൂടിയാണ്. വാഗ്ദത്ത മഹ്ദി മസീഹ് ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ)യെ അയച്ചുകൊണ്ട് അല്ലാഹു ആ വാഗ്ദാനം പൂർത്തിയാക്കിയിരിക്കുന്നു. ഇസ്‌ലാമിക സാമൂഹികജീവിതത്തിന്റെ എല്ലാമെല്ലാമായ ഖിലാഫത്ത് ഇല്ലാതാവുക എന്നതിനർത്ഥം ഇസ്‌ലാം ഇല്ലാതാവുക എന്നതാണ്. ഉഥ്മാനിയാ ഖിലാഫത്തിന്റെ അവസാനഘട്ടത്തിൽ തന്നെ വാഗ്ദാനം ചെയ്യപ്പെട്ട അഹ്മദിയ്യാ ഖിലാഫത്തിന്റെ സംസ്ഥാപനവും സംഭവിച്ചിരിക്കുകയാണ്. ആയതിനാൽ ഇസ്‌ലാമിക ഖിലാഫത്തിന്റെ ചരിത്രം അവസാനിക്കുന്നില്ല. ചരിത്രത്തിന് നൂതനവിസ്മയങ്ങൾ സമ്മാനിച്ചുകൊണ്ട് അത് ഇനിയും ചരിത്രം സൃഷ്ടിക്കാനിരിക്കുന്നു. ഒരു നൂറ്റാണ്ട് പൂർത്തിയാക്കിയ അഹ്മദിയ്യാ ഖിലാഫത്തിന്റെ ഭാവി ചരിത്രം ഇസ്‌ലാമിന്റെ വിജയസാഫല്യങ്ങളുടെ ചരിത്രമായിരിക്കും. (അവസാനിച്ചു)

---

*(19 - ൽ നിന്ന് തുടർച്ച)*

സാക്ഷികളെ എളുപ്പത്തിൽ സംഘ ടിപ്പിക്കുവാൻ കഴിയുമായിരുന്നു. എല്ലാറ്റിനുമുപരിയായി യാതൊരു വളച്ചുകെട്ടുമില്ലാതെ തുറന്നു സം സാരിക്കുന്ന ആളായിരുന്നു അദ്ദേഹം. യേശു ത്രിത്വമാണ് പ്രബോധി ച്ചിരുന്നതെങ്കിൽ യഹൂദികൾക്ക് കള്ളസാക്ഷികളെ കോടതിയിൽ ഹാജരാക്കേണ്ട യാതൊരു ആവശ്യവുമില്ലായിരുന്നു. യേശുവിനെതിരെ ഒരു സാക്ഷിയേയും ഹാജരാക്കാൻ അവർക്കായില്ല എന്നതിൽ നിന്നു നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത് യഹൂദികളുടെ ഏകദൈവസങ്കല്പത്തിൽ നിന്നു വിഭിന്നമായി ഒരക്ഷരം പോലും അദ്ദേഹം പറഞ്ഞിരുന്നില്ല എന്നാണ് യേശു പ്രവാചകന്മാരുടെ പാരമ്പര്യം മുറുകെ പിടിക്കുകയും ദൈവത്തിന്റെ ഏകത്വത്തെ ഊന്നിപ്പറയുകയുമാണ് ചെയ്തത്. മാത്രമല്ല യേശുവിന്റെ കാലത്ത് ത്രിത്വസിദ്ധാന്തം എന്താണെന്ന് പോലും ആർക്കും അറിയില്ലായിരുന്നു. യേശുവിന്റെ മരണശേഷം കണ്ടെത്തിയ ഒരു കൃത്രിമ വിശ്വാസമാണ് ത്രിത്വ ദൈവസങ്കല്പം. അഹ്മദിയ്യാ പ്രസ്ഥാന സ്ഥാ പകരും വാഗ്ദത്ത മഹ്ദിമസീഹുമായ മിർസാ ഗുലാം അഹ്മദ് (അ) പറഞ്ഞു.

"ത്രിത്വ സിദ്ധാന്തം ഖുർആൻ മാത്രമല്ല തോറയും (പഴയനിയമം) നിരാകരിച്ചിരിക്കുന്നു. ത്രിത്വ സിദ്ധാന്തത്തെപറ്റി ഒരു പരാമർശമോ സൂചനയോ പോലും മോസസിൽ നിന്നു ലഭിച്ച തോറയിലില്ല. യാഥാർ ത്ഥ്യമെന്താണെന്ന് വെച്ചാൽ ത്രിത്വ ത്തെ പറ്റി ഇരു ബൈബിളിലും പരാമർശമില്ല. ബൈബിളിൽ ദൈവത്തെപറ്റിയുള്ള അദ്ധ്യാപനങ്ങൾ എവിടെയെല്ലാം ഉണ്ടോ അവിടെയെല്ലാം ത്രിത്വത്തെ പറ്റിയല്ല പങ്കുകാരനില്ലാത്ത ഏക ദൈവത്തെ പറ്റിയാണ് പരാമർശിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് ബൈബിളിൽ പരാമർശിക്കപ്പെടാത്ത ത്രിത്വത്തിന്റെ പേരിൽ കടുത്ത എതിരാളികളായ പാതിരിമാർ പശ്ചാത്തപിക്കട്ടെ. യേശു എവിടെയും ത്രിത്വം പ്രബോധിച്ചിട്ടില്ല. മറിച്ച് അദ്ദേഹത്തിന്റെ ജീവിതകാലത്തുടനീളം പങ്കുകാരനില്ലാത്ത ഏകദൈവത്തെ പറ്റിയാണ് പ്രബോധിച്ചിരുന്നത്. (ചശ്മയെ മസീഹ്)

ലേഖനം

ഐ.കെ. അഹ്മദ് കുട്ടി

# റസൂൽ തിരുമേനി(സ) 'അന്ത്യപ്രവാചക'നോ?

**റസൂൽ തിരുമേനി(സ)ക്ക് അന്ത്യപ്രവാചകൻ എന്ന വിശേഷണം അപകീർത്തികരമാണ് - ഖാത്തമുന്നബിയ്യീൻ എന്ന പരമോന്നത വിശേഷണത്തിന്റെ നാനാവശങ്ങളും പരിശോധിക്കുകയാണ് ലേഖകൻ**

പ്രവാചകന്മാരിൽ വെച്ച് ഏറ്റവും ശ്രേഷ്ഠനാണ് മുഹമ്മദ് നബി(സ). മുസ്‌ലിംകൾ റസൂൽ തിരുമേനി (സ)യെപറ്റി ഇങ്ങനെ വിശ്വസിക്കുന്നതിന്നാധാരം **'ഖാത്തമുന്നബിയ്യീൻ'** എന്ന അഭിധാനത്തിൽ അല്ലാഹു വിശുദ്ധ ഖുർആനിൽ നടത്തിയ ആധികാരിക പ്രഖ്യാപനമാണ്. അതായത് പ്രവാചകന്മാരാണ് മനുഷ്യരിൽ വെച്ച് ശ്രേഷ്ഠന്മാർ. ആ ശ്രേഷ്ഠരായ പ്രവാചകന്മാർക്കിടയിൽ ഏറ്റവും ശ്രേഷ്ഠനാണ് മുഹമ്മദ് നബി(സ) എന്ന വിശേഷണമാണ് ഇസ്‌ലാം മതസ്ഥാപകരായ മുഹമ്മദ് നബി(സ)ക്ക് നൽകപ്പെട്ടത്. എന്നാൽ ഖേദകരമെന്ന് പറയട്ടെ അല്ലാഹു നൽകിയ ഈ വിശേഷണത്തിനു തികച്ചും കടകവിരുദ്ധവും ആ മഹനീയ വിശേഷണത്തെ നിരർത്ഥകമാക്കുന്നതുമായ രീതിയിലുള്ള അർത്ഥ കല്പനയാണ് ഭൂരിപക്ഷ മുസ്‌ലിംകൾ 'ഖാത്തമുന്നബിയ്യീൻ' എന്ന പദത്തിന് നൽകുന്നത്. 'ഖാതം' എന്ന പദം 'ഖത്മ്' എന്ന ധാതുവിൽ നിന്നും നിഷ്പന്നമായതാണ്. വ്യാകരണപരമായി 'ഇസ്മ ആല' (സാമഗ്രി നാമമാണ്). അതിനാൽ അതിന്റെ അർത്ഥം 'മുദ്രവെക്കാനുള്ള ഉപകരണം' എന്നാകുന്നു. 'താ'ക്ക് 'ഇ' കാരത്തോടെ 'ഖാതിം' എന്നായാൽ അതിന് 'മുദ്ര' എന്നും 'മുദ്രവെക്കുന്നവൻ' എന്നും അർത്ഥമാകും. 'ഖാതം' എന്ന് മുദ്രമോതിരത്തിന് പറയുന്നത് അതിന്മേൽ മുദ്ര അടയാളമുള്ളത് കൊണ്ടും അത് മുദ്ര വെക്കുന്നതിന് ഉപയോഗിക്കുന്നത് കൊണ്ടുമാണ്. 'ഖാതം' എന്ന പദം ഒരു ബഹുവചന വാചകത്തോടു ചേർത്തു ആളുടെ സ്തുതിയായി പറയുകയാണെങ്കിൽ അറബിഭാഷാ പ്രയോഗമനുസരിച്ച് ഒരിക്കലും തന്നെ 'അന്ത്യൻ' എന്ന അർത്ഥം ലഭിക്കില്ല. ഇത്തരം പ്രയോഗത്തിന് അറബി സാഹിത്യത്തിൽ നിന്ന് ഒരുദാഹരണമെങ്കിലുമെടുത്തു കാണിക്കാൻ സാധ്യവുമല്ല. കഴിഞ്ഞ നൂറുവർഷമായി പണ്ഡിതലോകത്തെ ഇത് തെളിയിക്കാൻ അഹ്മദിയ്യാ ജമാഅത്ത് വെല്ലുവിളിച്ചുകൊണ്ടിരിക്കുകയാണ്. ഖാതമുൽ മുഹാജിരീൻ (ഹിജ്റ ചെയ്തവരിൽ ശ്രേഷ്ഠൻ) ഖാതമുൽ ഔലിയ (ഔലിയാക്കളിൽ ശ്രേഷ്ഠൻ). 'ഖാതമുശ്ശുഅറാ' (കവികളിൽ ശ്രേഷ്ഠൻ) എന്നീ അറബിഭാഷാപ്രയോഗങ്ങളിലൊന്നും വിശേഷ്യത്തിന് 'അന്ത്യൻ' എന്ന അർത്ഥമല്ല വരുന്നത്. മറിച്ച് 'ശ്രേഷ്ഠൻ' എന്നാണെന്ന് വ്യക്തമാണല്ലോ. പിന്നെ റസൂൽ തിരുമേനി (സ)യുടെ കാര്യത്തിൽ മാത്രം എന്തിനാണ് ഭാഷാപരമായി സാധുകരണമില്ലാത്ത ഈ പിടിവാശി. അവർ ഇതിന് 'അന്ത്യപ്രവാചകൻ' എന്നാണ് മലയാളത്തിൽ അർത്ഥം നൽകിയിരിക്കുന്നത്. 'അന്ത്യൻ' എന്ന മലയാളപദത്തിന് നിഖണ്ഡുക്കൾ നൽകിയ അർത്ഥം നോക്കുന്നതിന് മുമ്പായി മുസ്‌ലിം പണ്ഡിതന്മാർ ഒരു ചോദ്യത്തിന് ഉത്തരം പറയേണ്ടതുണ്ട്. 'ഖാത്തമുന്നബിയ്യീൻ'എന്ന പദത്തിന് 'അന്ത്യപ്രവാചകൻ' എന്ന് അർത്ഥം കൊടുത്താൽ പിന്നെ പ്ര വാചകന്മാരിൽ ഏറ്റവും ശ്രേഷ്ഠനാണ് എന്ന മുഹമ്മദ് നബി(സ)യെപറ്റിയുള്ള ഏറ്റവും വലിയ വിശേഷണത്തിന് ഖുർആനിൽ നിന്നും എന്ത് തെളിവാണ് ലഭിക്കുക? ബഹുഭൂരിപക്ഷം മുസ്‌ലിംകൾ അങ്ങനെ വിശ്വസിക്കുന്നത് പിന്നെയെന്തിന്റെ അടിസ്ഥാനത്തിലാണ്.

റസൂൽ തിരുമേനി(സ)യെ മഹത്വപ്പെടുത്തി 'അന്ത്യപ്രവാചകൻ' എന്ന വ്യാജ അർത്ഥം നൽകുമ്പോൾ അന്ത്യൻ എന്ന പദത്തിന് നിഘണ്ടുക്കൾ എന്ത് അർത്ഥമാണ്

നൽകിയത് എന്ന് കൂടി നാം നോക്കണം. മലയാളത്തിലെ ഏറ്റവും ആധികാരിക ഗ്രന്ഥമായ ശ്രീകണ്ഠേശ്വരം ടി. പത്മനാഭപിള്ളയുടെ 'ശബ്ദതാരാവലി'യിൽ 'അന്ത്യ' എന്ന പദത്തിന് കൊടുത്ത അർത്ഥം നോക്കുക. **അന്ത്യ** – (ന്ത്യൻ, ന്ത്യ, ന്തം) ഒടുവിലുള്ള, താണ; മോശപ്പെട്ട (വിശേഷണം) അവസാനത്തെ ജാതിയിൽപ്പെട്ട (നാമമായി വരുമ്പോൾ). 'അന്ത്യ' ഉപസർഗ്ഗവും, വിശേഷണവുമായി വരുന്ന വാക്കുകളുടെ അർത്ഥവും ഇപ്രകാരമാണ്. **അന്ത്യഗമനം** (അന്ത്യഗമന) ഉയർന്ന ജാതി സ്ത്രീ ഏറ്റവും താണ ജാതി പുരുഷനെ പ്രാപിക്കൽ, **അന്ത്യജ** (അന്ത്യ-ജ) (അന്ത്യ-ജൻ) ജ, ജം) = ഒടുവിൽ ജനിച്ച ഏറ്റവും താണ ജാതിയിലുള്ള. **അന്ത്യജ** (നാമം) = ശൂദ്ര, അന്ത്യജാതി – ശൂദ്രൻ, **അന്ത്യജൻ** (അന്ത്യ-ജ) ശൂദ്രൻ, ചണ്ഡാലൻ ഏറ്റവും താണജാതിയിൽപ്പെട്ടവൻ – അന്ത്യ എന്ന വിശേഷണത്തോടെ ഒരു പദം പ്രയോഗിക്കുമ്പോൾ നല്ല അർത്ഥമല്ല ലഭിക്കുന്നത് എന്ന് മലയാള ഭാഷാപ്രയോഗത്തിൽ നിന്നും വ്യക്തമാണ്. അപ്പോൾ 'ഖാത്തമുന്നബിയ്യിൻ' എന്ന് അല്ലാഹു പ്രയോഗിച്ച ഈ പ്രയോഗത്തിന് മലയാളത്തിൽ പ്രവാചകന്മാരുടെ അന്ത്യൻ' അഥവാ 'അന്ത്യപ്രവാചകൻ' എന്ന് പരിഭാഷപ്പെടുത്തുമ്പോൾ ഭാഷയിൽ അത് ഉല്പാദിപ്പിക്കുന്ന ദുരർത്ഥങ്ങളെ സംബന്ധിച്ച് നാം ഗൗരവപൂർവ്വം ചിന്തിക്കേണ്ടിയിരിക്കുന്നു. പ്രവാചകത്വം എന്ന അനുഗ്രഹത്തെ ഒടുക്കിക്കളഞ്ഞ ആൾ എന്ന അർത്ഥമാണ് അന്ത്യപ്രവാചകൻ അഥവാ 'പ്രവാചകന്മാരുടെ അന്ത്യൻ' എന്ന വിശേഷണത്തിൽ നിന്നും ലഭിക്കുക. അന്ത്യൻ എന്നത് ഒടുവിൽ വരുന്നത് എന്നാണ് അർത്ഥമാക്കുന്നതെങ്കിൽ ഒടുവിൽ വരുന്നത് കൊണ്ട്മാത്രം യാതൊരു ശ്രേഷ്ഠതയും മേന്മയുമുണ്ടാകുന്നില്ല. അതുകൊണ്ട് 'അന്ത്യപ്രവാചകൻ' എന്ന അർത്ഥം തികച്ചും അപകീർത്തികരമാണ് എന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.

'ഖാതമുന്നബിയ്യിന്' 'പ്രവാചകന്മാരുടെ അന്ത്യൻ' എന്ന അർത്ഥം കല്പിക്കുന്ന ഭൂരിപക്ഷ പണ്ഡിതന്മാരിൽ ചിലർ 'പ്രവാചകന്മാരുടെ മുദ്ര' എന്ന അർത്ഥം വാചികാർത്ഥത്തിൽ അംഗീകരിക്കുന്നുവെങ്കിലും അത് കൊണ്ടുള്ള വിവക്ഷ പ്രവാചകന്മാരുടെ അന്ത്യൻ എന്നുതന്നെയാണെന്നാണ് അവരുടെ പക്ഷം.

ആദം നബി(അ) മുതൽ ഇടതടവില്ലാതെ നിരന്തരം ദൈവനിയോഗിതർ വന്നുകൊണ്ടിരിക്കുന്ന ദൈവത്തിന്റെ മാറ്റമില്ലാത്ത നടപടിക്രമങ്ങൾ ആയിരത്തിനാനൂറു വർഷങ്ങൾക്ക് മുമ്പ് പൊടുന്നനെ അല്ലാഹു നിർത്തൽ ചെയ്തിരിക്കുന്നുവെന്നാണ് അവർ വാദിക്കുന്നത്. യഥാർത്ഥത്തിൽ പ്രവാചകന്മാരുടെ കാര്യത്തിൽ ഇത്രയും വലിയ ഒരു ഗതിമാറ്റം സംഭവിച്ചിരിക്കുന്നു എന്നും അതിന്നു തെളിവായി **'ഖാത്തം'** അഥവാ മുദ്ര എന്ന വിശേഷണമാണ് എന്ന് പറയുന്നതും വിചിത്രം തന്നെ.

നബി തിരുമേനി(സ) ഇസ്ലാമിക പ്രചരണാർത്ഥം ഇസ്ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് വിവിധ രാഷ്ട്രത്തലവന്മാർക്കും സാമുദായിക നേതാക്കൾക്കും എഴുത്തുകൾ അയക്കാറുണ്ടായിരുന്നു. അത്തരം എഴുത്തുകളിലെല്ലാം തന്നെ 'മുഹമ്മദ് റസൂലുല്ലാഹ്' എന്ന് ഉല്ലേഖനം ചെയ്ത തന്റെ മോതിരം കൊണ്ട് മുദ്രവെച്ചായിരുന്നു അയച്ചിരുന്നത്. ആ എഴുത്തുകളുടെ ആധികാരികതക്ക് മൂല്യം ചാർത്തായികൊണ്ടാണ് മുഹമ്മദ് നബി (സ) ഇങ്ങനെ മുദ്ര പതിപ്പിച്ചത്. ഗവർമ്മെണ്ടിൽ നിന്നും ലഭിക്കുന്ന ഏതൊരു രേഖയും അതിന്റെ ആധികാരികതയും സത്യതയും തെളിയിക്കുന്നതിന്നു വേണ്ടി അതി ന്റെ മേലധികാരികളുടെ മുദ്ര ആ രേഖകളിൽ പതിച്ചിരിക്കും. അത് പാസ്പോർട്ടോ, ജനനമരണ സർട്ടിഫിക്കറ്റുകളോ എന്തുതന്നെയായിരുന്നാലും മുദ്രയുണ്ടായിരിക്കും. ഒരു പാർസൽ ബാഗോ ബാലറ്റ് പെട്ടികൾ സൂക്ഷിച്ച മുറിയോ അടച്ചു ഭദ്രമാക്കി മുദ്ര (സീൽ) വെക്കുന്നത് അത് സുരക്ഷിതമാണ് എന്ന ആധികാരിക സാക്ഷ്യത്തിനു വേണ്ടിയാണ്. കാലാകാലം അത് തുറക്കാതിരിക്കാനോ അതിനകത്തേക്ക് പ്രവേശിക്കാതിരിക്കാനോ അല്ല.

ലോകത്ത് നിരവധി പ്രവാചകന്മാർ വന്നിട്ടുണ്ട്. അതെല്ലാം സത്യപ്രവാചകന്മാരാണെന്ന് മുസ്ലിംകൾ വിശ്വസിക്കുന്നത് മുഹമ്മദ് നബി (സ) പറഞ്ഞത് കൊണ്ടാണ്. അതിന് കാരണം 'ഖാത്തമുന്നബിയ്യീൻ' എന്ന സവിശേഷ ഗുണമാണ്. റസൂൽ തിരുമേനി(സ) സാക്ഷ്യപ്പെടുത്തിയ ഒരു പ്രവാചകനെ നമുക്ക് നിഷേധിക്കാൻ സാധ്യമല്ല എന്ന അർത്ഥത്തിലു മാണ്. നബിതിരുമേനി(സ) സർവ്വചരാചരങ്ങൾക്കും കാരുണ്യവും അനുഗ്രഹവുമാണെങ്കിൽ നബിത്വം അനിവാര്യമായ എല്ലാ അവസ്ഥകളിലും സന്ദർഭങ്ങളിലും നബിതിരുമേനി(സ) മുഖേന തന്നെ അത് ലഭ്യമാകേണ്ടിയിരിക്കുന്നു.

ഖുർആനിൽ 'ഖാതമുന്നബിയ്യീൻ' എന്ന് പ്രയോഗിച്ചതിന്റെ യഥാർത്ഥ വിവക്ഷ എന്താണെന്ന് നോക്കാം. ***മുഹമ്മദ് (സ) നിങ്ങളിൽ ഒരു പുരുഷന്റെയും പിതാവല്ല പക്ഷെ അല്ലാഹുവിന്റെ ദൂതനാണ് മാത്രമല്ല പ്രവാചകന്മാരുടെ മുദ്രയുമാണ്'*** എന്നാണ് ആ ആയ

ത്തിന്റെ പദാർത്ഥം. അവിശ്വാസിക ളോടാണ് നിങ്ങളിൽ ആരുടെയും അഥവാ ഒരു പുരുഷന്റെയും പിതാ വല്ല എന്ന് പറഞ്ഞിട്ടുള്ളത്. നബി തിരുമേനി(സ)യുടെ ഭാര്യമാരെ ക്കുറിച്ച് വിശ്വാസികളുടെ മാതാക്ക ളാണെന്ന് വിശുദ്ധ ഖുർആനിൽ പറ ഞ്ഞിരിക്കെ നബി തിരുമേനി(സ) വിശ്വാസികളുടെ ആത്മീയ പിതാ വാണെന്നതിൽ സംശയിക്കാനെന്തി രിക്കുന്നു. നിങ്ങളിൽ ഒരു പുരു ഷന്റെയും പിതാവല്ല എന്നതിൽ ഏതെങ്കിലും തരത്തിലുള്ള പോരാ യ്മ കാണുകയാണെങ്കിൽ തന്നെ ആ പോരായ്മയെ കവച്ചുവെക്കുന്ന ഗുണവിശേഷങ്ങളാകുന്നു അടുത്ത വാക്കുകളിൽ 'വലാകിൻ' എന്നതി ന്നുശേഷം പറയുന്നത്. റസൂൽ എന്ന സ്ഥാനം നബി തിരുമേനി(സ) ക്ക് മാത്രമല്ല മറ്റു നബിമാർക്കും ഉള്ളതാണെങ്കിലും 'ഖാത്തമുന്നബി യ്യീൻ' എന്ന പ്രയോഗത്തിലൂടെ എല്ലാതരം പോരായ്മകളെയും ഇല്ലാ താക്കിക്കൊണ്ടു ആ സ്ഥാനമാഹാ ത്മ്യത്തിനു തിലകച്ചാർത്തണിയിക്കു കയാണ്. ആ അസുലഭ സൗഭാഗ്യ ത്തിന്റെ സമാനതയില്ലാത്ത തങ്കക്കി രീടം റഹ്മത്തുലിൽആലമീനായ റസൂൽ തിരുമേനി (സ)ക്കാണ്. ഇത്രയും വ്യക്തമായ സ്ഥാനമാന ങ്ങൾ അല്ലാ ഹു തന്നെ നബിതിരു മേനിയെ അണിയിച്ചിരിക്കെ അതിൽ നിന്നും മാറിനിന്നുകൊണ്ടു ഖാത്തം എന്ന പദത്തിന്നു അന്ത്യൻ എന്ന അർത്ഥവികല്പം നൽകുന്നത് എത്രമാത്രം ദൗർഭാഗ്യകരമാണ്. നബിതിരുമേനി(സ)യുടെ സ്ഥാനമാ ഹാത്മ്യത്തെ അല്ലാഹു പ്രകീർത്തി ച്ചതിനെ സ്വീകരിക്കാത്തത് മാത്രമല്ല ഈ അർത്ഥവികല്പം കൊണ്ടു സംഭവിക്കുന്നത്, കോടാനുകോടി ജനങ്ങൾക്ക് ഇനി വരാനിരിക്കുന്ന ദൈവനിയോഗിതരെ സ്വീകരിക്കാതി രിക്കാൻ അത് കാരണമാകുന്നുവെ ന്നത് അത്യന്തം ദൗർഭാഗ്യകരം തന്നെയാണ്. ജനങ്ങൾ വഴികേടിലാ വുമ്പോൾ അവരെ സന്മാർഗത്തി ലേക്ക് നയിക്കാൻ അല്ലാഹു നടപ്പാ ക്കിയ ഒരു സംവിധാനം മുഹമ്മദ് നബി(സ)ക്കുശേഷം അല്ലാഹു തന്നെ എടുത്തുകളയണമെങ്കിൽ തീർച്ചയായും ഖുർആനിൽ അത് വ്യക്തമായും പറഞ്ഞിരിക്കണം. അല്ലെങ്കിൽ പ്രവാചകന്റെ സാന്നിധ്യ ത്തിൽ ആളുകൾ സന്മാർഗികളായ ത്പോലെ റസൂൽ തിരുമേനിക്ക് ശേഷം ഇനിയൊരു പ്രവാചകന്റെ ആവശ്യകത ഇല്ലാത്തവിധം ലോക ജനത ആത്മീയപൂർ ണ്ണത പ്രാപിച്ച വരും ധർമ്മച്യുതി പറ്റാത്തവരുമാ യിരിക്കണമെന്ന് തെളിയിക്കേണ്ടിവ രും. കാലാകാലങ്ങളിലായി നടന്നു വരുന്ന ഒരു ദൈവികസമ്പ്രദായം നിലച്ചുപോയി എന്ന് ഊഹാപോഹ ങ്ങളുടേയും വ്യാജസങ്കല്പങ്ങളു ടേയും അടിസ്ഥാനത്തിൽ പറയുന്ന തെങ്ങനെ? ദൈവത്തിന്റെ നടപടി ക്രമങ്ങളിൽ യാതൊരു മാറ്റവും ഇല്ലെന്നു ഖുർആനിൽ ദൈവം തന്നെ വെളിവാക്കിയിരിക്കെ എവി ടെയാണ് തെറ്റുപറ്റിയത്? മാത്രമല്ല ഇങ്ങനെ ഒരു പ്രവാചകന്റേയും ആവശ്യമില്ല എന്നു പറയുന്നത് പ്രവാചകനിഷേധികളുടെ ന്യായമാ യിട്ടാണ് ഖുർആൻ പലസ്ഥലങ്ങ ളിലും വിവരിച്ചിട്ടുള്ളത്.

'ഖാത്തം' എന്നതിന് അന്ത്യൻ എന്ന് അർത്ഥം കൊടുക്കുന്നത് നബി തിരുമേനി(സ)ക്ക് ദൈവം നൽകിയ റഹ്മത്തുല്ലിൽ ആലമീൻ എന്ന സ്ഥാന മാഹാത്മ്യത്തിന് ഒട്ടും അനുയോജ്യമായിരിക്കില്ല . കാരണം തിരുമേനി(സ)യുടെ വരവോടെ പര മമായ അനുഗ്രഹമായ പ്രവാചകത്വ ത്തിന്നാണ് അറുതിവരുക. അ പ്പോൾ സർവ്വ ചരാചരങ്ങൾക്കും അനുഗ്രഹമായിട്ടാണ് നബിതിരു മേനി വന്നത് എന്ന പരമാർത്ഥ സത്യത്തോട് ഒട്ടും സമരസപ്പെടുക യില്ല. ഈ അന്ത്യൻ എന്ന അർത്ഥ കല്പന. നബിതിരുമേനി മുഖാന്തിരം നബിത്വം എന്ന മഹാനുഗ്രഹം നില ച്ചുപോകുകയാണെങ്കിൽ റഹ്മത്തു ല്ലിൽ ആലമീൻ എന്നതിന് അർത്ഥ മില്ലാതാകും.

ഖാത്തമുന്നബിയ്യീൻ എന്ന പദ ത്തിന് അന്ത്യപ്രവാചകൻ എന്ന അർത്ഥമാണുള്ളതെന്ന് സ്ഥാപി ക്കാൻ ഖാത്തമുൽ മുഹാജിറീൻ എന്ന പ്രയോഗം ഹദീസുകളിൽ നിന്ന് ചില പണ്ഡിതന്മാർ എടുത്തു പ്രയോഗിക്കാറുണ്ട്. വാസ്തവത്തിൽ അവിടെയും ഹിജറത്ത് ചെയ്തവ രിൽ ശ്രേഷ്ഠൻ എന്ന് തന്നെയാണ് അർത്ഥം വരിക. അവസാനം ഹിജ് റത്ത് ചെയ്തയാൾ എന്നല്ല. ഹിജ്റ ത്ത് വീണ്ടും എത്രയോ സംഭവിച്ചി ട്ടുണ്ടല്ലോ? ഇനി തിരുമേനി(സ) അന്ത്യനായ കാരണത്താൽ മറ്റെല്ലാ വരെക്കാൾ ശ്രേഷ്ഠനാണെന്നു പറ യാമോ? അല്ലെങ്കിൽ അനുഗ്രഹ പൂർണ്ണമായ പ്രവാചകത്വത്തെ അവ സാനിപ്പിച്ച ആൾ എന്ന നിലക്ക് റസൂൽ തിരുമേനി (സ)ക്ക് എന്ത് ശ്രേഷ്ഠതയാണ് വകവെച്ചുകൊടു ക്കുക.

അല്ലാഹുവാണ് നബിതിരുമേ നി(സ)യെ ഖാത്തം എന്ന പ്രയോഗ ത്തിലൂടെ ബഹുമാനിതനും സമാന തയില്ലാത്ത ശ്രേഷ്ഠവാനുമായി പരി ഗണിക്കുന്നത്. മനുഷ്യൻ ഉപയോഗി ക്കുന്ന അർത്ഥകല്പന എത്ര തന്നെ യുക്തിഭദ്രമാണെങ്കിലും അതിന് പരി മിതിയുണ്ട്. മറിച്ച് അല്ലാഹുവിന്റെ പരിഗണനപ്രകാരം പ്രവാചകത്വ ത്തിന്റെ സകല ഗുണവിശേഷ ങ്ങളും പൂർത്തീകരിച്ച് പ്രവാചകന്മാ രിൽ സർവ്വശ്രേഷ്ഠനായിരിക്കുന്ന വ്യക്തിയാണെന്നാണ് അർത്ഥം കിട്ടുക. ഖാത്തം എന്ന പദത്തിന്

***(ശേഷം 28-ൽ)***

ലേഖനം

**അൽഖുർആൻ എക്സിബിഷൻ - 12**

ഏ.ക്യു മഹ്ദി

# മുഹമ്മദ്നബി (സ) ഒരു പരിപൂർണ്ണ മനുഷ്യൻ; ഇസ്‌ലാം ആത്മീയപരിണാമത്തിന്റെ സമ്പൂർണ്ണത!

## മനുഷ്യസമൂഹത്തിന് തികവുറ്റ മാതൃകയായി മുഹമ്മദ് നബി(സ) നിലകൊള്ളുന്നു

***'ഇന്നേദിവസം ഞാൻ നിങ്ങളുടെ മതത്തെ പൂർത്തിയാക്കിത്തരികയും തന്റെ അനുഗ്രഹം ഞാൻ നിങ്ങളിൽ സമ്പൂർണ്ണമാക്കിത്തരികയും ചെ യ്തിരിക്കുന്നു.'***

തുടർന്ന് നബിതിരുമേനിയെ സംബോധന ചെയ്തുകൊണ്ട് ഒരു പ്രസ്താവന കൂടിയുണ്ട് ഖുർആനിൽ. 'നാം നിന്നെ എല്ലാ ജനതകൾക്കുമുള്ള ദൂതനായി അയച്ചിരിക്കുന്നു.'

മാനവരാശിയുടെ ആത്മീയപരിണാമത്തിന്റെ ഏകീകൃതമായ പൂർണ്ണത ഇസ്‌ലാം മതത്തിലൂടെ സാക്ഷാത്കരിക്കപ്പെട്ടിരിക്കുന്നുവെന്ന് ഈ ഖുർആനിക സൂചനകളിലൂടെ വ്യക്തമാണ്. പ്രായേണ ഒരു സമ്പൂർണ്ണ ലോകക്രമം വഹിക്കാനുള്ള കഴിവും ബുദ്ധിയും മനുഷ്യനു സ്വായത്തമായപ്പോൾ ദൈവം എല്ലാ വേദസാരങ്ങളും ഒരൊറ്റ ഗ്രന്ഥത്തിൽ ഉദ്ഗ്രഥിക്കയും ഒരു സാർവ്വലൗകിക മാർഗ്ഗദർശനം - വിശുദ്ധ ഖുർആൻ - ഒരു പരിപൂർണ്ണ മനുഷ്യനിലൂടെ - മുഹമ്മദ് നബി(സ) - വെളിപ്പെടുത്തുകയുമുണ്ടായി. അത് ഇസ്‌ലാം എന്നു നാമകരണവും ചെയ്യപ്പെട്ടു. മനുഷ്യന്റെ ആത്മീയപ്രയാണം ഇസ്‌ലാ മിന്റെ ആവിർഭാവത്തോടെ പരിപൂർണ്ണത പ്രാപിക്കയും ചെയ്തു.

മുഹമ്മദ് നബി(സ) പ്രവാചകന്മാരുടെ 'മുദ്ര' എന്നു പരിശുദ്ധ ഖുർആൻ. വേദഗ്രന്ഥം നബിതിരുമേനി (സ)യെ അഭിസംബോധന ചെയ്തുകൊണ്ട് പറയുന്നു:

'നീ (മുഹമ്മദ്) ഉദാത്തവും സമ്പൂർണ്ണവുമായ ധാർമ്മിക ഗുണങ്ങളുടെ ഉടമയാണ്'

ഇപ്രകാരം കൂടി പറയപ്പെട്ടിട്ടുണ്ട്,

'അല്ലാഹുവിനേയും അന്ത്യദിനത്തേയും ആഗ്രഹിക്കുകയും ദൈവത്തെ ഏറ്റവും കൂടുതലായി സ്മരിക്കുകയും ചെയ്യുന്നവർക്ക് ദൈവദൂതനിൽ ഉത്തമ മാതൃകയുണ്ട്'

ഈ വചനങ്ങൾ ഇങ്ങനെകൂടി സംഗ്രഹിക്കപ്പെടുന്നു. 'അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചകന്മാരുടെ മുദ്രയുമാണ്.'

മനുഷ്യന്റെ ധാർമ്മികവും ആദ്ധ്യാത്മികവുമായ ഗുണങ്ങളുടെ പാരമ്യമാണ് മുഹമ്മദ് നബി(സ).



## മുഹമ്മദ് നബി(സ): പ്രവാചകന്മാരുടെ മുദ്ര

**Muhammad(PBUH): The Seal of the Prophets**



وَإِنَّكَ لَعَلَى خُلُقٍ عَظِيمٍ

**നീ (മുഹമ്മദ്) ഉദാത്തവും സമ്പൂർണ്ണവുമായ ധാർമ്മിക ഗുണങ്ങളുടെ ഉടമയാണ്. (വി.ഖു. 68: 5)**

لَقَدْ كَانَ لَكُمْ فِي رَسُوْلِ اللّٰهِ أُسْوَةٌ حَسَنَةٌ لِّمَنْ كَانَ يَرْجُوْ اللّٰهَ وَالْيَوْمَ الْآخِرَ وَذَكَرَ اللّٰهَ كَثِيرًا

**അല്ലാഹുവിനേയും അന്ത്യദിനത്തേയും ആഗ്രഹിക്കുകയും ദൈവത്തെ ഏറ്റവും കൂടുതലായി സ്മരിക്കുകയും ചെയ്യുന്നവർക്ക് ദൈവദൂതനിൽ ഉത്തമമാതൃകയുണ്ട് (വി.ഖു.33:22)**

رَسُوْلَ اللّٰهِ وَخَاتَمَ النَّبِيِّيْنَ

**അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചകന്മാരുടെ മുദ്രയുമാണ് (വി.ഖു.33:41).**

a\p-jysâ [mÀan-Ihpw B²ym-ßn-I-hp-amb KpW-§-fpsS ]mc-ay-amWv apl½Zv _n(-k). kzÀ¤o-b-amb A\p-{K-l-§Ä Hcp hrjvSn IWs¡ Xncpta\n(-k)bpsS taÂ

71

സ്വർഗ്ഗീയമായ അനുഗ്രഹങ്ങൾ ഒരു വൃഷ്ടി കണക്കെ തിരുമേനി(സ)യുടെ മേൽ പെയ്തിറങ്ങി. മാനവ കുലത്തിന്ന് ഏറ്റവും ഉദാത്ത മാതൃകയായ മുഹമ്മദ് നബി(സ)യുടെ അവതാരത്തോടെ പ്രപഞ്ചസൃഷ്ടിയുടെ ഉദ്ദേശ്യം പൂർത്തിയാവുകയും ചെയ്തു.

മുഹമ്മദ് നബി(സ) ഒരു ചരിത്രപുരുഷൻ തന്നെയായിരുന്നു. ആത്മീയതയുടെ സമ്പൂർണ്ണ തികവായ റസൂൽ തിരുമേനി(സ) ചരിത്രത്തിൽ സൂര്യനെപോലെ വെട്ടിത്തിളങ്ങി നിൽക്കുന്നു. അവിടുത്തെ ചെറുചലനങ്ങൾ പോലും രേഖപ്പെടുത്തപ്പെട്ട ചരിത്രം തന്നെയാണ്. കേവലം ഇതിഹാസരൂപിയായ ഒരു മതപുരുഷൻ മാത്രമായിരുന്നില്ല അദ്ദേഹം, പ്രത്യുത മനുഷ്യകുലത്തിനാകമാനം പ്രചോദനാത്മകമായ ഒരു കർമ്മമാതൃക തന്നെയായിരുന്നു.

സത്യസന്ധത, കാരുണ്യം, മാപ്പുകൊടുക്കൽ, ദാനശീലം, ധൈര്യം, ചാരിത്ര്യം, ആത്മനിയന്ത്രണം, പ്രസാദാത്മകത.... അങ്ങനെ എല്ലാ ശ്രേഷ്ഠഗുണങ്ങളുടെയും സമ്പൂർണ്ണ മാതൃകയായിരുന്നു അദ്ദേഹം. (തുടരും)

---

***(26-ൽ നിന്ന് തുടർച്ച)***

പൊതു മുസ്‌ലിംകൾ കൊടുക്കുന്ന അന്ത്യൻ എന്ന അർത്ഥത്തെ സാധൂകരിക്കുന്ന ഖുർആനിൽ നിന്നുള്ള ഏതെങ്കിലും വാക്യങ്ങൾ അവർ നൽകേണ്ടിയിരിക്കുന്നു.

മനുഷ്യൻ ഭൂമിയിൽ ഉണ്ടായ കാലം മുതൽ അവന്റെ ആത്മീയ സംസ്കരണത്തിന്നായി തുടർന്നുവരുന്ന ഒരു സമ്പ്രദായം ഇനിമേലാൽ പ്രാവർത്തികമല്ലെന്നതിന്ന് തെളിവായി ദൈവം ഒന്നും തന്നെ പറഞ്ഞു കാണുന്നുമില്ല. പ്രവാചക നിയോഗങ്ങൾ നിലനിന്നുവന്നതിൽ നിന്നും അതൊരു അനിവാര്യമായ ദൈവിക നടപടിക്രമമാണെന്നിരിക്കെ അത്തരം നിയോഗങ്ങളുടെ ആവശ്യമില്ലാത്തവിധം ജനങ്ങളുടെ അവസ്ഥകളിൽ ഗുണപരമായ ഒരു ആത്മീയ സമൂലമാറ്റം സംഭവിച്ചതായി അറിവില്ല. അപ്പോൾ പ്രവാചകനെ അയക്കുന്ന സമ്പ്രദായം അല്ലാഹു നിർത്തൽ ചെയ്തെങ്കിൽ അത് വ്യക്തമായി ഖുർആനിൽ പ്രതിപാദിക്കേണ്ടതല്ലേ. മുദ്രകൊണ്ടുള്ള ഉദ്ദേശവും ആവശ്യവും ആധികാരികതയും ശ്രേഷ്ഠതയും പ്രകടിപ്പക്കാൻ തന്നെയാണെന്നതിനാൽ ഖാത്തമുന്നബിയ്യീൻ എന്നതിലെ ഖാത്തം കൊണ്ടുദ്ദേശിക്കുന്നത് മുൻകഴിഞ്ഞ പ്രവാചകന്മാർക്ക് റസൂൽ തിരുമേനി(സ) സാക്ഷ്യമുദ്ര നൽകിയതുപോലെ ഇനി വരുന്ന പ്രവാചകന്മാരും നബി തിരുമേനിയുടെ ദർബാറിൽ നിന്നുള്ള ആധികാരിക സാക്ഷ്യപത്രത്തോടെയായിരിക്കും വരുക എന്ന അർത്ഥത്തിലുമാണ്. ഖുർആനിൽ പേരെടുത്തു പറഞ്ഞ പ്രവാചകന്മാരെയും പേരെടുത്ത് പറയാത്ത ഒരു ലക്ഷത്തി ഇരുപത്തിനാലായിരത്തോളം പ്രവാചകന്മാരെയും നാം സത്യവാന്മാരാണെന്നു വിശ്വസിക്കുന്നത് നബിതിരുമേനിയുടെ സാക്ഷ്യപത്രപ്രകാരമല്ലെന്നു പറയാൻ കഴിയുമോ? മാത്രമല്ല ഇനി വരാനുള്ള ഇമാം മഹ്ദിയെയും അഥവാ ഇബ്നുമർയമിനെയും അടയാളസഹിതം പ്രവചിച്ചിരിക്കുകയും ചെയ്തിരിക്കുന്നു. അതായത് മുദ്രകൊണ്ടുള്ള പ്രയോജനം നബിതിരുമേനിയാൽ നിവൃത്തിയായിരിക്കുന്നു.

ഖാത്തം എന്ന പദം ഒരു സമൂഹനാമത്തോടു ചേരുമ്പോൾ 'അന്ത്യൻ' എന്നാണ് അർത്ഥം എന്നു ഇവർ പറയുന്നു. അതിന്നാധാരമായി ഖുർആനിൽ നിന്നോ മറ്റു അറബി സാഹിത്യഗ്രന്ഥങ്ങളിൽ നിന്നോ ബലവത്തായ തെളിവുകൾ ഹാജരാക്കുന്നില്ലതാനും. വെറുതെ ഖാത്തം എന്നതിന്ന് അന്ത്യൻ എന്ന് അർത്ഥം നൽകുകയും അതുകാരണം കോടിക്കണക്കിനു ജനങ്ങളെ സത്യമാർഗ്ഗത്തിൽ നിന്ന് അകറ്റുകയും ചെയ്യുകയാണിവർ.

ലേഖനം

ഫരീദ് അഹ്മദ് യു.കെ.

# വിശുദ്ധരുടെ നായകത്വം

**സച്ചരിതരായ ഖലീഫമാർ റസൂൽ തിരുമേനി(സ)യുടെ അനുചരന്മാരും അതീവ ഭക്തരുമായിരുന്നു. ഇസ്‌ലാമിക സാമ്രാജ്യം വികസിച്ചപ്പോൾ വിദൂര ദിക്കുകളിലുള്ള ശിക്ഷണം ലഭിക്കാത്തവരായിരുന്നു കുഴപ്പക്കാർ**

## അനുഗൃഹീതമായ ഖിലാഫത്തെ റാശിദ (ക്രി. 632-661)

ഈ അനുഗൃഹീതകാലഘട്ടത്തിൽ ഉണ്ടായ നേട്ടങ്ങൾ വിശദീകരിക്കാൻ ഇവിടെ ഉദ്ദേശിക്കുന്നില്ല. മുസ്‌ലിംകൾക്ക് എന്നെന്നും നിലനില്ക്കുന്ന പരിശീലനവും വ്യവസ്ഥയും എങ്ങനെ പ്രായോഗികമാക്കാമെന്നും വിഷമഘട്ടങ്ങൾ ഖലീഫമാർ നേരിട്ടതെങ്ങനെയെന്നും ഈ കാലഘട്ടത്തിൽ എങ്ങനെ ദൈവികാനുഗ്രഹം നേടിയെന്നും കാണിക്കാൻ സംക്ഷിപ്തമായ ഒരു നിരൂപണം മാത്രം മതി.

ആദ്യത്തെ നാലു ഖലീഫമാർ നേരിടേണ്ടി വന്ന വെല്ലുവിളികൾ കാരൻ ആംസ്ട്രോങ്ങ് രേഖപ്പെടുത്തുന്നു:

'അവരെല്ലാവരും തന്നെ പ്രവാചകന്റെ ഏറ്റവും[7] അടുത്ത ശിഷ്യന്മാരായിരുന്നു മാത്രമല്ല, മക്കയിലും മദീനയിലും അവർ മുഖ്യ പങ്കു വഹിച്ചവരുമായിരുന്നു. അവർ 'റാശിദൂൻ' ('ശരിയായ മാർഗ്ഗദർശനം സിദ്ധിച്ചവർ') ഖലീഫമാർ എന്നറിയപ്പെടുന്നു. അവരുടെ ഭരണകാലവും പ്രവാചകന്റേതുപോലെ തന്നെ ഇസ്‌ലാമിന്റെ രൂപീകരണഘട്ടമായിരുന്നു. ഈ വർഷങ്ങളിലെ പ്രക്ഷുബ്ധവും പ്രതാപപൂർണ്ണവും ദുരന്തപൂർണ്ണവുമായ സംഭവങ്ങളെ ഖലീഫമാർ വിലയിരുത്തിയ അതേരീതിയിൽ തന്നെയാണ് മുസ്‌ലിംകൾ, തങ്ങളെയും തങ്ങളുടെ മതശാസ്ത്രത്തേയും നിർവ്വചിക്കുന്നത്.

ഈ നാലു ഖലീഫമാർ തങ്ങളുടെ വ്യക്തിപരമായ മാതൃകകൾ മുഖേന മുസ്‌ലിംകളുടെ ഭാവിതലമുറകൾക്ക് കൂടി പ്രചോദനവും മാർഗ്ഗദർശനവും നല്കി.

പ്രവാചകന്റെ കരങ്ങളാൽ ഇസ്‌ലാം സ്വീകരിച്ച ആദ്യത്തെ സുഹൃത്ത് എന്നതടക്കമുള്ള നിരവധി ബഹുമതികൾ ഉള്ള ആളായിരുന്നു ഹദ്റത്ത് അബൂബക്കർ(റ).

പേരുകൊണ്ടല്ലെങ്കിലും സൂചന മുഖേന വിശുദ്ധ ഖുർആനിൽ പറയപ്പെട്ട 'ഖുലഫാഉർറാശിദീനിലെ ഏക വ്യക്തിയെന്ന മഹത്തായ ബഹുമതിയും ഹ: അബൂബക്ക(റ)റിന്ന് ഉണ്ട്. മക്കയിൽ നിന്ന് പലായനം ചെയ്യുമ്പോൾ തിരുനബി(സ)യെ അനുഗമിച്ച അദ്ദേഹം തങ്ങളെ പിന്തുടരുന്ന മക്കക്കാരിൽ നിന്നു രക്ഷപ്പെടാൻ ഒരു ഗുഹയിൽ അഭയം തേടി.[8]

നബിതിരുമേനി(സ)യുടെ ചരമം മുഖേനയുണ്ടായ നിതാന്ത ശൂന്യതക്ക് മുസ്‌ലിംകളെ ഐക്യത്തിൽ ഒരുമിച്ചുകൂട്ടാൻ രണ്ടുവർഷം മാത്രം ഖിലാഫത്ത് പദവിയിൽ ഇരുന്ന ഹദ്റത്ത് അബൂബക്കറി(റ)ന് സാധിച്ചിരുന്നു. അദ്ദേഹം റിദ്ദ (മതപരിത്യാഗം) യുദ്ധങ്ങൾ മുഖേന മുസ്‌ലിം ലോകത്ത് ശാന്തി കൈവരിക്കാൻ യത്നിച്ചു. യുദ്ധങ്ങൾ മുഴുവൻ രാഷ്ട്രീയവും സാമ്പത്തികവുമായിരുന്നു. എന്നാൽ വിമതന്മാർ അതിന് മതപരമായ ന്യായീകരണം നടത്തി. ഇതുമുഖേന അദ്ദേഹം അറേബ്യൻ ഉപദ്വീപിനെ സുരക്ഷിതമാക്കി. പേർഷ്യക്കാരുടെ ആക്രമണങ്ങളെ അദ്ദേഹം പ്രതിരോധിച്ചു. അതിന്റെ ഫലമായി പേർഷ്യൻ സാമ്രാജ്യത്തിന്റെ ഒരു പ്രധാന ഭാഗം അദ്ദേഹത്തിന്റെ ഭരണത്തിൻ കീഴിൽ വന്നു.

അദ്ദേഹം ഔദാര്യവാനായി അറിയപ്പെട്ടു. ശത്രുക്കൾക്കെതിരെ ക്രൂരമായ പ്രതികാരങ്ങൾ അദ്ദേഹം നടത്തിയിരുന്നില്ല. ചിന്നിച്ചിതറാൻ പോയ ഗോത്രങ്ങളെ 'പുതുക്കിയ സത്യപ്രതിജ്ഞ' മുഖേന ഇസ്‌ലാമിൽ നിലനിർത്താൻ അദ്ദേഹത്തിനു സാധിച്ചു. ഇസ്‌ലാമിന്റെ ചരിത്രത്തിലെ നിർണ്ണായകഘട്ടത്തിൽ ഇത് അദ്ദേഹത്തിന്റെ മഹത്തായ നേട്ടമായിരുന്നു.

രണ്ടാമത്തെ ഖലീഫ ഹദ്റത്ത് ഉമർ ഇബ്നു ഖത്താബ് (റ) ആയിരുന്നു. അദ്ദേഹത്തിന്റെ ഖിലാഫത്ത് പത്തുവർഷം നിലനിന്നു. (ക്രി. വ. 634 - 644) അദ്ദേഹത്തിന്റെ മഹത്തായ ഭരണത്തിൻ കീഴിൽ ഇസ്‌ലാം അറേബ്യക്കപ്പുറം വ്യാപിച്ചു. പ്രത്യേകിച്ചും പേർഷ്യൻ, ബൈസാന്തിയൻ സാമ്രാജ്യങ്ങൾ മുസ്‌ലിം ഭരണത്തിൻ

കീഴിലായി. അങ്ങനെ നബിതിരുമേനി (സ.അ)യുടെ ഒരു പ്രവചനം പുലർന്നു.[10] ബലപ്രയോഗം മുഖേന ഇസ്ലാമിക വിശ്വാസം പ്രചരിപ്പിക്കാനുള്ള ഉദ്ദേശ്യത്തോടുകൂടിയുള്ളതായിരുന്നില്ല ഈ മുന്നേറ്റങ്ങൾ എന്നത് വളരെ പ്രാധാന്യമർഹിക്കുന്നു. ഇസ്ലാമിന്റെ ഉഗ്രമായ ശക്തി കണ്ട് അറബികൾ നിർബന്ധിതരായതല്ല, അഥവാ വാൾമുന കൊണ്ട് ജനങ്ങളിൽ ഇസ്ലാം അടിച്ചേൽപിക്കപ്പെട്ടതായിരുന്നില്ല.[11] രാജ്യത്തിന്റെ വളർച്ച 'അതിന്റെ സഹജമായ വിപുലീകരണങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നു. ആദ്യഘട്ടങ്ങളിൽ ഖലീഫ മുസ്ലിംകളുടെ ആത്മീയവും രാഷ്ട്രീയവുമായ നേതാവായതിനാൽ സ്വാഭാവികമായും ഈ വിപുലീകരണത്തിന്റെ ഉത്തരവാദിത്തം ഖലീഫയുടെ ചുമലിലായിരുന്നു. വ്യത്യസ്തമായ ഗോത്രങ്ങളുമായും സാമ്രാജ്യങ്ങളുമായും ഉണ്ടാക്കിയ കരാറുകൾ പാലിക്കേണ്ട ബാദ്ധ്യത ഖലീഫക്കുണ്ടായിരുന്നു. അതിനാൽ അവരുടെ കരാറുകൾ പാലിക്കുകയും മുസ്ലിം രാജ്യങ്ങളെ സംരക്ഷിക്കുകയും ചെയ്തു. നിരവധി ജനങ്ങൾ ഇസ്ലാം ആശ്ലേഷിച്ചു. വളരെ വേഗം ഇസ്ലാം വ്യാപിച്ചു. അതേ സമയം കൂടുതൽ ആളുകൾ ഇസ്ലാമിനെക്കുറിച്ച് ബോധവാന്മാരാകുകയും പരിപൂർണ്ണമായ മത സ്വാതന്ത്ര്യം അനുവദിച്ചതിന് മുസ്ലിംകളെ ബഹുമാനിക്കുകയും ചെയ്തു. തീർച്ചയായും ഗ്രന്ഥാനുസാരികളായ ജനങ്ങൾക്ക് മുസ്ലിംകൾക്കൊപ്പം പ്രത്യേക സംരക്ഷണം നൽകിയിരുന്നു.

വിപുലീകരണത്തിന്റെ ഈ കാലഘട്ടത്തിൽ ഇസ്ലാമിനെ നയിച്ച ഹദ്റത്ത് ഉമറി(റ)ന്റെ വിജയം അദ്ദേഹത്തിനു ഒരു അഭിധാനം കൂടി നൽകി. 'അമീറുൽ മുഅ്മിനീൻ' (വിശ്വാസികളുടെ സേനാപതി) എന്നായിരുന്നു. അദ്ദേഹം തന്റെ നേതൃത്വത്തിൽ നീതിയോടെയും വിവേകത്തോടെയുമാണ് ഭരിച്ചത്. ഉദാഹരണമായി 637ൽ ജറൂസലേം യുദ്ധത്തിൽ ജയിച്ച ശേഷം വിശുദ്ധ കല്ലറയുടെ ചർച്ചിൽ പ്രാർത്ഥനയ്ക്കായി ക്ഷണിക്കപ്പെട്ടു. തീർച്ചയായും അത് മുസ്ലിംകൾക്ക് വിജയത്തിന്റെ അടയാളവും ക്രിസ്ത്യാനികൾക്ക് പരാജയത്തിന്റെ നിമിഷവുമായി വ്യാഖ്യാനിക്കാമായിരുന്നു. എന്നിട്ടും ക്രിസ്ത്യാനികൾക്ക് അതൊരു പ്രകോപനവുമായിത്തീരരുതെന്ന് വെച്ച് മാത്രം ആ ക്ഷണം അദ്ദേഹം നിരസിച്ചു. പ്രാർത്ഥനയ്ക്കായി മറ്റൊരിടത്തുപോയി. ജനങ്ങളുടെ ക്ഷേമകാര്യങ്ങൾ അദ്ദേഹത്തിന് ആവേശമായിരുന്നു.

ഇന്നും മുസ്ലിം ലോകം അനുകരിക്കുന്ന നിരവധി

**ഇസ്ലാമിലെ മുജദ്ദിദുമാർ**

താഴെ കൊടുത്തിരിക്കുന്നത് ഹദ്റത്ത് അലി(റ)ക്ക് ശേഷം പ്രത്യക്ഷപ്പെട്ട മുജദ്ദിദുമാ (പരിഷ്കർത്താക്കൾ)രുടെ പട്ടികയാണ്. അവസാന വ്യക്തിയൊഴികെ ആരും തന്നെ പ്രവാചകനെന്നോ നബി(സ) തിരുമേനിയുടെ ഖലീഫയെന്നോ അവകാശപ്പെടാത്തവരാണ്.

| നൂറ്റാണ്ട് | പേര് | ഹിജ്റ വർഷം | ക്രിസ്തുവർഷം |
|---|---|---|---|
| 1. | ഹദ്റത്ത് ഉമർ:ഇബ്നുഅബ്ദിൽ അസീസ് | 60-61 | 717-720 |
| 2. | ,, അഹ്മദ് ഇബ്നുഹംബൽ | 164-241 | 780-855 |
| 3. | ,, അബുൽ ഹസൻ അശ്അരി | 260-324 | 873-935 |
| 4. | ,, അബൂബക്കർ ബക്ലാനി | ? - 403 | ? - 1013 |
| 5. | ,, അൽ ഗസ്സാലി | 450-505 | 1058-1111 |
| 6. | ,, ഖാജാ അബ്ദുൽ ഖാദിർ ജീലാനി | 470-561 | 1077-1766 |
| 7. | ,, ഇബ്നുതീമിയ്യ | 661-728 | 1263-1328 |
| 8. | ,, ഇബ്നു ഹജ്ർ അസ്കലാനി | 773-852 | 1372-1449 |
| 9. | ,, ജലാലുദ്ദീൻ അസ്സുയൂത്തി | 849-911 | 1445-1505 |
| 10. | ,, മുഹമ്മദ് ത്വാഹിർ ഗുജറാത്തി | 963-1014 | 1556-1605 |
| 11. | ,, അഹ്മദ് സർഹിന്ദി അൽഫസാനി | 971-1034 | 1564-1624 |
| 12. | ,, ഷാ വലിയുല്ലാഹ് ദഹ്ലവി | 1113-1175 | 1702-1762 |
| 13. | ,, അഹ്മദ് ബറേൽവി | 1201-1246 | 1786-1831 |
| 14. | ,, മിർസാ ഗുലാം അഹ്മദ് (അ) | 1251-1326 | 1835-1908 |

സ്ഥാപനങ്ങൾ അദ്ദേഹമാണ് സ്ഥാപിച്ചത്.

* ആലോചനാസമിതി (മജ്‌ലിസ് ശൂറ)
* ഭരണം സുഗമമാക്കാൻ സംസ്ഥാനത്തെ പ്രൊവിൻസുകളായി പുനഃസംഘടിപ്പിച്ചത്.
* ധനവും വിഭവങ്ങളും സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും അദ്ദേഹം സ്ഥാപിച്ച ഖജനാവ്.
* ഇസ്‌ലാമിക ഹിജ്‌റി കലണ്ടർ.
* നീതിപീഠങ്ങളും സംസ്ഥാന അലവൻസുകളും ശിശു അലവൻസുകളും സ്ഥാപിച്ചു.
* സംസ്ഥാന കെട്ടിടങ്ങളും പാലങ്ങളും നിർമ്മിച്ചു.
* കൃഷിയുടെ ഔദ്യോഗികമായ വികസനം.

ഇവയെല്ലാറ്റിലും വെച്ച് അർത്ഥപൂർണ്ണവും പ്രാധാന്യമുളളതും അടുത്ത ഖലീഫയെ തിരഞ്ഞെടുക്കാനുള്ള കമ്മിറ്റിയുടെ നിയമനമാണ്. ജനങ്ങൾ സാത്വികന്മാരായിരിക്കുന്നേടത്തോളം ഖിലാഫത്ത് നിലനിൽക്കണം എന്നദ്ദേഹം ആഗ്രഹിച്ചു.

ഹദ്റത്ത് ഉമറി(റ)ന്റെ പിൻഗാമിയായത് ഹദ്റത്ത് ഉസ്മാൻ (റ) ആയിരുന്നു. അദ്ദേഹത്തിന്റെ ഖിലാഫത്ത് കാലത്താണ് (644-656) ക്രമീകൃതമായ വിശുദ്ധ ഖുർആൻ പ്രതികൾ തയ്യാറാക്കപ്പെട്ടത് (ഹദ്റത്ത് അബൂബക്കർ (റ) ഇത് ഒരിക്കൽ നിർവ്വഹിച്ചതാണ്). അതിന്റെ പ്രതികൾ സംസ്ഥാനത്തെ എല്ലാ പ്രൊവിൻസുകളിലേക്കും അയച്ചു. ദരിദ്രരോടുള്ള അദ്ദേഹത്തിന്റെ താല്പര്യം അറിയപ്പെട്ടതാണ്. ഇസ്‌ലാമിക സാമ്രാജ്യത്തിൽ ആദ്യത്തെ നാവികപ്പട സ്ഥാപിച്ചതും അദ്ദേഹമായിരുന്നു. സാമ്രാജ്യത്തിന്റെ തുടർച്ചയായ വൈപുല്യത്തിന് മേൽനോട്ടം വഹിച്ചത് അദ്ദേഹമായിരുന്നു. യഥാർത്ഥത്തിൽ അദ്ദേഹത്തിന്റെ ഖിലാഫത്ത് കാലത്താണ് ഇസ്‌ലാമിക സാമ്രാജ്യം ഉച്ചിയിലെത്തിയത്.

സച്ചരിതരായ ഖലീഫമാരിൽ അവസാനത്തേത് ഹദ്റത്ത് അലി(റ) ആയിരുന്നു. അദ്ദേഹം നബിതിരുമേനി(സ)യുടെ പിതൃവ്യപുത്രൻ ആയിരുന്നു. സ്വന്തമായി അധികാരം നേടാൻ ശ്രമിച്ച പലയിടങ്ങളിലുള്ള നിരവധി കക്ഷികൾ അദ്ദേഹത്തിന്റെ ഖിലാഫത്ത് കാലത്ത് (656-661) വെല്ലുവിളികളുയർത്തി. ഉള്ളിലുള്ള മുസ്‌ലിംകൾ ഖലീഫയുടെ കൂടെ ഉറച്ചുനിന്നെങ്കിലും വിപുലമായ സാമ്രാജ്യത്തിന്റെ ദൂരദേശങ്ങളിൽ നിന്നു വെല്ലുവിളിയുയർന്നു. പിരിമുറുക്കം കൂടുതൽ വ്യക്തമായിരുന്നു. യഥാർത്ഥത്തിൽ ഈ വെല്ലുവിളികൾ വിശുദ്ധ ഖുർആനിലെ സൂറഃഅന്നസറിൽ പ്രവചിക്കപ്പെട്ടതാണ്. (അവസാനമായി വെളിപ്പെട്ട അദ്ധ്യായം) അതിൽ ഇസ്‌ലാമിന്റെ വിജയത്തെക്കുറിച്ച് പ്രതിപാദിച്ചതിനോടൊപ്പം ഒരു മുന്നറിയിപ്പ് കൂടി ചേർത്തിരിക്കുന്നു. അതായത് വിജയാവസരത്തിൽ പാപപ്പൊറുതി തേടാനുള്ളതായിരുന്നു. ആ ഖുർആൻ അദ്ധ്യായം ഇപ്രകാരമാണ്.

*"അല്ലാഹുവിന്റെ സഹായവും വിജയവും വരികയും ജനങ്ങൾ അല്ലാഹുവിന്റെ മതത്തിൽ കൂട്ടംകൂട്ടമായി പ്രവേശിക്കുന്നത് നീ കാണുകയും ചെയ്താൽ നീ നിന്റെ നാഥനെ സ്തുതിക്കുന്നതോടൊപ്പം അവനെ പ്രകീർത്തിക്കുകയും അവനോട് പാപമോചനത്തിനായി അർത്ഥിക്കുകയും ചെയ്യുക. തീർച്ചയായും അവൻ വളരെയധികം കനിഞ്ഞു മടങ്ങുന്നവനാകുന്നു."* (വി. ഖുർആൻ 110: 2 - 4)

ഇസ്‌ലാമിന്റെ പ്രതാപവും വിജയവും മുൻകൂട്ടി പറയപ്പെട്ടതാണല്ലോ, പിന്നെ എന്തിനാണ് പാപപ്പൊറുതി തേടുന്നത്? വിജയങ്ങളും വെല്ലുവിളികളും മുഹമ്മദ് മുസ്തഫാ (സ.അ) തിരുമേനിയുടെ ജീവിതകാലത്തുതന്നെ തുടങ്ങിയിരുന്നുവെന്ന് നമുക്കറിയാം. എന്നാൽ വെല്ലുവിളികൾ ഒരു കഠിന യാഥാർത്ഥ്യമായത് ഹദ്റത്ത് അലി(റ)യുടെ ഖിലാഫത്തുകാലത്താണ്. മുസ്‌ലിംകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായതിനാൽ ധാർമ്മികാദ്ധ്യാപനങ്ങളുടെ ശിക്ഷണം അസാധ്യമായി. ഇത് ഇസ്‌ലാമിന്റെ ധാർമ്മിക ഗുണങ്ങൾ ഉൾക്കൊണ്ട് സാമൂഹ്യമായ സമാധാനം കൈവരിക്കാൻ മുസ്‌ലിംകളെ അയോഗ്യരാക്കി. മുസ്‌ലിം സമുദായത്തിൽ ഈയൊരവസ്ഥ വളരെ വിഷമതകൾ സൃഷ്ടിച്ചു. ഇസ്‌ലാമിൽ ചേരുന്നവരുടെ എണ്ണത്തിനനുസരിച്ച് ചുരുങ്ങിയ കാലയളവിൽ ആത്മീയ പരിശീലനം നൽകുന്നതിന്റെ കഴിവുകേടാണ് വിശുദ്ധ ഖുർആൻ ചൂണ്ടിക്കാണിച്ചത്. വളരെ വിപുലമായ സാമ്രാജ്യത്തിൽ ഒരു ഖലീഫയുടെ സ്ഥാനം മറ്റുള്ളവരിൽ നേതൃത്വത്തിനുള്ള ആഗ്രഹം ജനിപ്പിച്ചു. ഈ ദുർമോഹങ്ങൾ ഖിലാഫത്തിന്റെ അനുഗ്രഹങ്ങളിൽ നിന്ന് വഴുതിപ്പോകാൻ ഇടവരുത്തി.

ഈ വ്യതിചലനം ഒടുവിൽ മുആവിയയെ ഹദ്റത്ത് അലി(റ)യിൽ നിന്ന് വേർപ്പെടുത്തി. എന്നിട്ടദ്ദേഹം സ്വന്തം തന്നെ ജറുസലേമിൽ ഖലീഫയായി. ഇതോടൊപ്പം ഖവാരിജീങ്ങളുടെ (സ്വകക്ഷി പരിത്യാഗം ചെയ്തവർ) രംഗപ്രവേശമുണ്ടായി. അവർ ഖലീഫയുടെ അധികാരത്തെ വെല്ലുവിളിക്കുകയും തങ്ങൾ മനസ്സിലാക്കിയവിധമുള്ള നേതൃത്വത്തിനുവേണ്ടി സമ്മർദ്ദം ചെലുത്തുകയും ചെയ്തു. ഐക്യത്തിനും ത്യാഗമനോഭാവത്തിനും പകരം വിരോധത്തിന്റെയും പുച്ഛമനോഭാവത്തിന്റെയും അവസ്ഥയിലെത്തി. ഈ അവസ്ഥകൾ തുടർന്നുവന്നു. ഏതുവരെയെന്നുവച്ചാൽ നബി(സ.അ)യുടെ കാലത്തുണ്ടായിരുന്ന സാഹോദര്യത്തിലേക്ക് മട

ങ്ങാൻ കഴിയാത്തവിധം ചിലരുടെ ആശയറ്റുപോയി.

നബി(സ.അ.)യുടെ ചര്യകളും അദ്ധ്യാപനങ്ങളുമായി ഒട്ടിച്ചേരലും അവരുടെ സ്വഭാവമഹിമയും ഇസ്‌ലാമിനോടുള്ള അതിരറ്റ കൂറും ആയിരുന്നു ഖുലഫായെ റാശിദീങ്ങളെ കോർത്തിണക്കിയ ഓടിയ സ്വർണ്ണനൂൽ. ഖിലാഫത്ത് വ്യവസ്ഥയെ പ്രതിരോധിക്കുന്നതിൽ നിന്ന് തങ്ങളെ തടയുന്ന ഒരു കാര്യവും അവർ ചെയ്തില്ല. അതിന്റെ പ്രതിരോധത്തിനുവേണ്ടി അങ്ങേയറ്റത്തെ ത്യാഗം അവർ ചെയ്തു. ഈ കൂറാണ് മഹത്തായ പുരോഗതി നേടാൻ അവരെ പ്രാപ്തരാക്കിയത്. പക്ഷേ, അവർക്ക് വളരെയധികം വിഷമതകൾ സഹിക്കേണ്ടി വന്നു. എന്നിട്ടും അവർ തങ്ങളുടെ വിശ്വാസത്തോട് സത്യസന്ധത പുലർത്തി. വ്യക്തിപരമായ ആഗ്രഹങ്ങളൊന്നും തങ്ങളുടെ വിശുദ്ധ ദൗത്യത്തിന് ഭംഗം വരുത്താൻ ഇടയാക്കിയില്ല. യഥാർത്ഥത്തിൽ ഖിലാഫത്തെ റാശിദയിൽ ആരും തന്നെ നേതൃത്വം ആഗ്രഹിച്ചിരുന്നില്ല. എന്നാൽ ദൈവം അവർക്ക് ആ പദവി നൽകിയതിനാൽ അവർ ആത്മാർത്ഥതയോടെ നയിച്ചു. തങ്ങളുടെ ഖിലാഫത്ത് കാലത്തെക്കുറിച്ച് അല്ലാഹുവിനോട് ഉത്തരം പറയേണ്ടവരാണ് എന്നവർ മനസ്സിലാക്കിയിരുന്നു.

പക്ഷേ, മുസ്‌ലിംകളുടെ എണ്ണം വർദ്ധിച്ചതോടെ അതിർത്തികൾ വിശാലമായപ്പോൾ ഭൗതികസ്ഥാപനങ്ങൾ ആഗ്രഹിച്ചിരുന്നവരിൽ നേതൃത്വത്തിനുള്ള അഭിവാഞ്ചയും ആഗ്രഹവും അപ്രതിരോധ്യമായി. ഇത് മുആവിയ്യായുടെ വാക്കുകളിൽ പ്രതിബിംബിച്ചതായി ക്കാണാം.

"അബൂബക്കറിനെ സംബന്ധിച്ചേടത്തോളം അദ്ദേഹത്തിന് ഐഹിക ലോകം വേണ്ടായിരുന്നു. ഉമറിനെ സംബന്ധിച്ചേടത്തോളം അദ്ദേഹത്തിന് ഈ ലോകം ആവശ്യമില്ലെങ്കിലും ലോകത്തിന് അദ്ദേഹത്തെ ആവശ്യമായിരുന്നു; ഞങ്ങളെ സംബന്ധിച്ചേടത്തോളം ഞങ്ങളെ അതിന്മേൽ വരിഞ്ഞുകെട്ടിയിരിക്കയാണ് (ഒരു മൃഗത്തെപ്പോലെ).

ആദ്യകാല മുസ്‌ലിംകളുടെ മേന്മാ വൈശിഷ്ട്യമാണ് അവരെ ഖിലാഫത്തിന്നർഹരാക്കിയിരിക്കുന്നതെന്ന കാര്യം സ്മരണീയമാണ്. തിരുനബി(സ) അറബികളിൽ മഹത്തായ വിപ്ലവം വരുത്തി. വിഗ്രഹാരാധകരും ഗോത്രമഹിമയിൽ ഊറ്റം കൊണ്ടവരുമായ അവരെ ദൈവസ്നേഹത്തിലും മനുഷ്യകുലത്തോടുള്ള സ്നേഹത്തിലുമധിഷ്ഠിതമായ സാഹോദര്യത്തിലേക്ക് പരിവർത്തനം ചെയ്യുകയാണ് തിരുമേനി(സ) ചെയ്തത്. സഹാബാക്കളുടെ ത്യാഗങ്ങളും ധാർമ്മികമായ മാതൃകയും കാരണം അതിശയകരമായ ആത്മീയ പുരോഗതി അവരിൽ പ്രതിബിംബിച്ചിരുന്നു. സത്യത്തിന്റെ പ്രതിജ്ഞാബദ്ധരായ ശത്രുക്കൾ, ഇസ്‌ലാമിനെ തുരത്തുവാൻ ദൃഢനിശ്ചയം ചെയ്തിരുന്നവർ, അചഞ്ചലരായ മിത്രങ്ങളും സത്യത്തിനും ഇസ്‌ലാമിനും വേണ്ടി തങ്ങളുടെ ജീവൻ പോലും ബലിയർപ്പിക്കാൻ സന്നദ്ധരുമായി. അങ്ങനെയുള്ളതായിരുന്നു ഈ മുസ്‌ലിംകളുടെ ധാർമ്മികവും ആത്മീയവുമായ നിലവാരം. ഈ അവസ്ഥയിൽ ഖിലാഫത്തിന്റെ കാര്യത്തിലുള്ള ദൈവികപ്രതിജ്ഞ പൂർത്തിയാവേണ്ടത് അനിവാര്യമായിരുന്നു. സഹാബാക്കളുടെ പ്രകൃതിയും ഉന്നതസ്ഥാനവും കൊണ്ടായിരുന്നു ഖിലാഫത്ത് സ്ഥാപിക്കപ്പെട്ടത് പുതിയപോലെ ഒരിക്കൽ ജനങ്ങൾ അധികാരത്തിനുവേണ്ടി സ്വാർത്ഥ താല്പര്യങ്ങൾക്ക് മാർഗ്ഗമൊരുക്കിയപ്പോൾ ഖിലാഫത്ത് ആകുന്ന അനുഗ്രഹം അവരിൽ നിന്ന് എടുത്തു മാറ്റപ്പെട്ടു. ഖിലാഫത്തെ റാശിദയുടെ കീഴിൽ ഇസ്‌ലാമിന് നിസ്സംശയമെന്യേ നേട്ടമുണ്ടായപ്പോൾ അവർക്ക് വിഷമതകൾ നേരിടേണ്ടി വന്നു. ഖലീഫമാരുടെ സവിശേഷതയായ മതമൂല്യങ്ങളെ സംരക്ഷിക്കുന്നതിനുപകരം അവരുടെ ശ്രദ്ധ ഭൗതികതയിലേക്കായി. അതിനാൽ, അവർ ആത്മീയ ഖിലാഫത്തിന്റെ അനുഗ്രഹങ്ങൾക്ക് അനർഹരായി.

വിശ്വസിക്കുകയും സൽക്കർമ്മം ചെയ്യുകയും ചെയ്യുന്നവർക്ക് മാത്രമാണ് അല്ലാഹു ഖിലാഫത്ത് വാഗ്ദാനം ചെയ്തിട്ടുള്ളത്. സംഭവങ്ങൾ മാറിത്തിരിഞ്ഞതും മേൽ വാഗ്ദാനത്തിന്റെ പൂർത്തീകരണം തന്നെയാണ്. അല്ലാഹുവിനും അവന്റെ സന്ദേശത്തിനും അർപ്പിതരായവരുമായ സാത്വികർക്ക് മാത്രമാണ് സോപാധികമായി അവൻ ഖിലാഫത്ത് നൽകുന്നത്. ഒരിക്കൽ അത് നഷ്ടപ്പെട്ടാൽ അനുഗൃഹീതമായ ഖിലാഫത്തും നഷ്ടപ്പെടുന്നു. (തുടരും) ⬢

*Review of Religions. Oct. 2007.*

വിവ: **കെ.വി. ഹസ്സൻകോയ,** കോഴിക്കോട്

---

***(17 - ൽ നിന്ന് തുടർച്ച)***

രാജ്യം മറ്റൊരു മുസ്‌ലിം രാജ്യത്തിന്നെതിരെ ജിഹാദ് നടത്തുക. മറ്റു രാജ്യങ്ങളാകട്ടെ ജിഹാദിന്റെ വക്കിലാണ് അമുസ്‌ലിംകൾക്ക്. മുസ്‌ലിം ലോകത്തെ ഈ കാഴ്ച തീർച്ചയായും ആശ്വാസകരമായ ഒന്നല്ല. മുസ്‌ലിം ഉമ്മത്ത് അഥവാ ആഗോള മുസ്‌ലിം സമൂഹം നാനാവിധത്തിലും ഭിന്നിക്കപ്പെട്ടിരിക്കുന്നു. ഖുർആനിൽ പറഞ്ഞത്പോലെ 'അല്ലാഹുവിന്റെ പാശം മുറുകെ പിടിക്കുക' എന്ന കല്പന പ്രാവർത്തികമാക്കാൻ മുസ്‌ലിംകൾക്ക് ഒരു കേന്ദ്രനേതൃത്വമില്ല. അങ്ങനെ ആയത്തുള്ള ഖൊമേനിയുടെ ഇസ്‌ലാമിക റിപ്പബ്ലിക്ക് ഓഫ് ഇസ്‌ലാം എന്റെ

***(ശേഷം 35 - ൽ))***

കുറിപ്പുകൾ

**മുസാഫിർ**

# ഇസ്രായേലുമായി അമേരിക്ക അകലുമോ?

**1948** മെയ് 14ന് ജാരമാർഗ്ഗത്തിലൂടെ നിലവിൽ വന്ന രാഷ്ട്രമാണ് ഇസ്രായേൽ. അമേരിക്കൻ പ്രസിഡണ്ട് ട്രൂമാന്റെയും ബ്രിട്ടന്റേയും അവിഹിത സമ്മർദ്ദങ്ങൾക്കും, ഭീഷണികൾക്കും, പ്രലോഭനങ്ങൾക്കും വഴങ്ങിയാണ് ഐക്യരാഷ്ട്രസഭയിൽ ഫലസ്തീൻ രാഷ്ട്രം വെട്ടിമുറിച്ച് ഇസ്രയേൽ രൂപീകരണമുണ്ടായത്. ഒന്നാം ലോകമഹായുദ്ധത്തിനുശേഷം ബ്രിട്ടീഷ് മാൻഡേറ്റിനു കീഴിലായിരുന്നു ഫലസ്തീൻ ഭൂമി അങ്ങനെയാണ് വിഭജിക്കപ്പെട്ടത്. ഐക്യരാഷ്ട്രസഭയിലെ വിഭജനചർച്ചയിൽ പാകിസ്താന്റെ പ്രതിനിധിയായി അന്ന് പങ്കെടുത്ത സർ സഫറുല്ലാ ഖാന്റെ ശക്തമായ വാദമുഖങ്ങൾ സൃഷ്ടിച്ച ഫലസ്തീൻ അനുകൂല തരംഗത്തെ അതിജീവിക്കാൻ യു.എന്നിലെ അംഗരാജ്യങ്ങളിൽ വമ്പിച്ച സമ്മർദ്ദങ്ങൾ നടത്തിയായിരുന്നു അമേരിക്ക ഐക്യരാഷ്ട്രസഭയിൽ അന്യായ മാർഗത്തിലൂടെ ഇസ്രയേലിനെ സൃഷ്ടിച്ചത്. വിഭജനാവസരത്തിൽ യഹൂദരുടെ കൈയ്യിലുണ്ടായിരുന്ന ഭൂമി വെറും 5.6 ശതമാനമായിരുന്നു. വിഭജനത്തിനുശേഷം അവരുടെ കൈയ്യിലുണ്ടായിരുന്ന ഭൂമിയുടെ 10 ഇരട്ടി അതായത് 56 ശതമാനം യഹൂദികൾക്കും 43 ശതമാനം ഫലസ്തീനികൾക്കുമായാണ് വീതിക്കപ്പെട്ടത്. ജെറുസലേം ഐക്യരാഷ്ട്രസഭയുടെ മേൽനോട്ടത്തിലുമായി. അതിനുശേഷം അമേരിക്കയിൽ 12 പ്രസിഡണ്ടുമാരും ഇസ്രയേലിൽ 13 പ്രധാനമന്ത്രിമാരും കടന്നുപോയി. ഫലസ്തീൻ പ്രശ്ന ത്തെ സംബന്ധിച്ച് അറബികളും ഇസ്രയേലുമായി ഇതുവരെ നടന്ന ചർച്ചകളിലെല്ലാം അമേരിക്ക വ്യക്തമായും ഇസ്രയേൽ അനുകൂല നിലപാടായിരുന്നു എടുത്തിരുന്നത്. കിരാതമായ അമേരിക്കൻ നയങ്ങൾക്ക് കുപ്രസിദ്ധമായ ബുഷിന്റെ കാലത്താണ് അമേരിക്കയുടെ കൂടുതൽ നഗ്നമായ ഇസ്രയേലി പക്ഷപാതം പ്രകടമായത്. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ബുഷിന്റെ നയങ്ങൾക്കെതിരെ വിധിയെഴുതി അമേരിക്കൻ ജനത തെരഞ്ഞെടുത്ത പ്രസിഡണ്ട് ബാറക്ക് ഹുസൈൻ ഒബാമയുടെ നയങ്ങളിൽ ഇസ്രയേലിനോടുള്ള അനിഷ്ടം പ്രകടമായിവരുന്നു എന്ന് വ്യാപകമായി വിലയിരുത്തപ്പെടുന്നു. ഇത് ഇസ്രയേലിൽ പ്രകോപനവും പ്രതിഷേധവും ഉണ്ടാക്കിയിരിക്കുന്നു. ജൂതമാധ്യമങ്ങൾ ഒബാമക്കെതിരെ കടുത്ത ഭാഷയിലുള്ള വിമർശനങ്ങളാണ് നടത്തുന്നത്. റഷ്യയുടെ അന്തകനായി മാറിയ ഗോർബച്ചോവിനോടുപമിച്ചുകൊണ്ട് അമേരിക്കയുടെ ഗോർബച്ചേവാണ് ഒബാമ എന്നാണ് ജൂതപ്രചരണം.

അതുപോലെ മുസ്ലിം രാജ്യങ്ങളോടും ഇറാനോടുമുള്ള അമേരിക്കയുടെ ഇപ്പോഴത്തെ പുതിയ അഭിനിവേശത്തിന്റേ നാനാർത്ഥങ്ങൾ എന്താണെന്ന് ഭാവിയിൽ മാത്രമേ തെളിഞ്ഞു വരൂ. കാരണം അമേരിക്കൻ നയതന്ത്രം ഇതപര്യന്തം നീതിയുടേയും ന്യായത്തിന്റെയും അടിസ്ഥാനത്തിലായിരുന്നില്ല. അമേരിക്കയുടെ നേട്ടമാണ് എപ്പോഴും അവരുടെ നയത്തിന്റെ അടിസ്ഥാനം. അതുകൊണ്ട് മുസ്ലിം രാജ്യങ്ങളുമായുള്ള ഈ പുതിയ സൗഹൃദബന്ധത്തിന്റെ അടിസ്ഥാനം അവരുടെ നല്ല മനസ്സാക്ഷിയുടെ പ്രേരണയോ അതല്ല മറ്റുവല്ല ലക്ഷ്യവുമാണോ എന്ന് പറയാറായിട്ടില്ല. ന്യൂക്ലിയർ ആയുധങ്ങളുള്ള പാകിസ്താന്റെ അയൽരാജ്യമായ അഫ്ഗാനിസ്ഥാനിൽ നിലയുറപ്പിച്ച അമേരിക്ക പാകിസ്താനുമായി അതിർത്തിപങ്കിടുന്ന ശിയാരാജ്യമായ ഇറാനിലും കാലുറപ്പിച്ച് ഇസ്രായേലിന്റെ നിഗൂഢമായ നിർദ്ദേശപ്രകാരം പാകിസ്താനെ വളയുകയാണോ, അതല്ല ചൈനയുടേയും റഷ്യയുടേയും അധീശത്വമുള്ള ഈ മേഖലയിൽ അമേരിക്ക ചുവടുറപ്പിക്കാനുള്ള ശ്രമമാണോ എന്നും ചില നിരീക്ഷകർ സംശയിക്കുന്നു.

ലോകത്ത് ഏറ്റവും കൂടുതൽ വിദേശസഹായം ലഭിക്കുന്ന രാജ്യമാണ് ഇസ്രയേൽ. ഇതത്രയും അവർക്ക് നൽകുന്നത് അമേരിക്കയാണ്. ഓരോ ഇസ്രയേലുകാരനും 750 ഡോളർ എന്ന തോതിലാണ് അമേരിക്കയുടെ ചിലവ്. ഇസ്രയേലിന്റെ ഏതൊരു അധിനിവേശത്തേയും ആക്രമണങ്ങളേയും വീറ്റോ പ്രയോഗിച്ച് ഐക്യരാഷ്ട്ര സഭയിൽ അവർക്ക് രക്ഷകനായെത്തുന്നത് അമേരിക്കയാണ്. അനവധി ന്യൂക്ലിയർ ആയുധങ്ങൾ സ്വന്തമാക്കി മധ്യപൗരസ്ത്യദേശത്ത് നിലകൊള്ളുന്ന ഇസ്രയേൽ ഒരു ന്യൂക്ലിയർ ഭീഷണിയായി ഇത് വരെ ആരും ചിത്രീകരിക്കാത്തതും അമേരിക്കയുടെ രക്ഷാധികാരിത്വം കൊണ്ടുക്കൂടിയാണ്. മധ്യപൗരസ്ത്യദേശത്ത് തങ്ങളുടെ വിശ്വസ്തനായ കൊളോണിയൻ ഏജന്റ് എന്ന നിലക്കും ആഭ്യന്തരരംഗത്ത് അമേരിക്കയെ സ്വാധീനിക്കാൻ ശേഷിയുള്ള ശക്തി എന്ന നിലക്കും മധ്യപൗരസ്ത്യദേശത്ത് അമേരിക്കയുടെ പര്യായമായിട്ടാണ് ഇസ്രയേൽ അറിയപ്പെടുന്നത്. ആ ഇസ്രയേലിനെയാണ് ഒബാമ പ്രകോപിപ്പിച്ചിരിക്കുന്നത്. മറ്റൊരു കാര്യം കഴിഞ്ഞ പത്തുവർഷമായി അറബ് ലോബി അമേരിക്കയിൽ ശക്തമാണ്. കുതിച്ചുയർന്ന എണ്ണപ്പണത്തിന്റെ വരുമാനം അറബികളെ ജൂത ലോബിയെ കിടപിടിക്കാവുന്ന സ്വാധീനശക്തിയായി വളർത്തിയിരിക്കുന്നു എന്ന് പറയപ്പെടുന്നു.

മുപ്പത് വർഷമായി അമേരിക്ക ഇറാനുമായി ശത്രുതയിലായിരുന്നു. യാതൊരുവിധ നയതന്ത്രബന്ധങ്ങളുമുണ്ടായിരുന്നില്ല. ബുഷ് ഇറാനെ തിന്മയുടെ അച്ചുതണ്ടിൽ പ്പെട്ട രാജ്യമാണെന്നാണ് വിശേഷിപ്പിച്ചത്. ഇറാന്റെ ന്യൂക്ലിയർ നിലയങ്ങൾ ബോംബിട്ടു നശിപ്പിക്കുമെന്ന് ഇസ്രയേലിനോടൊപ്പം നിരന്തരം ഭീഷണി ഉയർത്തി. അന്തർദ്ദേശീയ വേദികളിലെല്ലാം ഇറാനെ ഭീകരരാഷ്ട്രമായി ചിത്രീകരിച്ചു. അങ്ങനെയുള്ള അമേരിക്കയുടെ ഇറാൻ നിലപാടിലെ ഈ നയംമാറ്റത്തോട് സമ്മിശ്രപ്രതികരണമാണ് മുസ്‌ലിം ലോകത്ത് നിന്നുണ്ടായത്. ഇറാന്റെ കഴിഞ്ഞ ദേശീയ വർഷാരംഭദിനമായ 'നൗറൂസ്' ദിനത്തിൽ ഒബാമ ഇറാന് ഒരു ആശംസാ സന്ദേശമയക്കുകയുണ്ടായി. 30 വർഷത്തെ തണുത്തുറഞ്ഞുപ്പോയ നയതന്ത്രബന്ധങ്ങളുടെ മഞ്ഞുരുക്കം ആരംഭിച്ചത് ഇതോടെയാണ്. ഈ സന്ദേശത്തിൽ ഇറാനെ 'ഇസ്‌ലാമിക റിപ്പബ്ളിക്ക്' എന്നാണ് അമേരിക്ക വിശേഷിപ്പിച്ചത്. ഇതോടെ ഖൊമേനിയുടെ നേതൃത്വത്തിൽ ഇറാനിൽ അരങ്ങേറിയ ഇസ്‌ലാമിക വിപ്ലവത്തെയും അനന്തരം വന്ന ഭരണകൂടത്തെയും അമേരിക്ക അംഗീകരിക്കുന്നു എന്നുവരുന്നു. ഇറാനോടുള്ള ഈ പ്രണയം കൊണ്ട് അമേരിക്ക ഉദ്ദേശിക്കുന്നതെന്താണെന്ന് പലവിധത്തിലും വ്യാഖ്യാനിക്കപ്പെടുന്നുണ്ട്. ഏതായാലും ലോകത്തെ എണ്ണയുൽപാദനത്തിൽ 4-ാം സ്ഥാനത്തും പ്രകൃതിവാതകത്തിൽ 2-ാം സ്ഥാനത്തും നിൽക്കുന്ന ഇറാനുമായുള്ള സൗഹൃദം അമേരിക്കക്ക് ലാഭകരമായിരിക്കും എന്ന കാര്യത്തിൽ സംശയമില്ല. ഇറാഖിനെപോലെ ശക്തി ഉപയോഗിച്ച് കീഴടക്കുക എന്നത് പ്രയാസകരമാണെന്ന് അമേരിക്ക അനുഭവത്തിൽ നിന്നും പഠിച്ചിട്ടുണ്ടാവും. ഈ മേഖലയിൽ തുർക്കി, സഊദി അറേബ്യ, സിറിയ, ഇറാൻ എന്നീ രാജ്യങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഒരു പുതിയ നയമാണ് അമേരിക്കയുടെ ലക്ഷ്യമെന്ന് പറയപ്പെടുന്നു. ഒബാമ തുർക്കി സന്ദർശനവേളയിൽ മുസ്‌ലിം രാജ്യങ്ങൾ ക്കനുകൂലമായി പ്രസ്താവന നടത്തുകയുണ്ടായി. തുർക്കി നാറ്റോ സഖ്യത്തിൽപ്പെട്ട രാജ്യമാണ്. തുർക്കി ഇസ്രായേലിന്റെ പ്രഖ്യാതശത്രുവായ സിറിയയുമായി ഏപ്രിൽ അവസാനത്തിൽ നടത്തിയ സൈനിക അഭ്യാസങ്ങൾക്കെതിരിൽ അമേരിക്ക ഒന്നും ഉരിയാടാത്തതും ശ്രദ്ധേയമാണ്.

മാർച്ച് 27ന് അമേരിക്കയുടെയും ഇറാന്റേയും നയതന്ത്രപ്രതിനിധികൾ മോസ്ക്കോവിൽ വെച്ച് നടത്തിയ സംഭാഷണം ഏറെ ശ്രദ്ധേയമാണ്. ഷാങ്ഹായ് കോർപറേഷൻ ഓർഗനൈസേഷന്റെ സമ്മേളനത്തോടനുബന്ധിച്ച് അവിടെയെത്തിയ അമേരിക്കയുടെ മധ്യ, ദക്ഷിണേഷ്യൻ ദൂതൻ പാട്രിക്ക് മൂണം ഇറാനിയൻ ഉപ വിദേശകാര്യമന്ത്രി മഹ്ദി അകുന്ധദേയുമായിരുന്നു പ്രഥമ മഞ്ഞുരുകൻ ചർച്ച നടത്തിയത്. ബ്രിട്ടീഷ് നയതന്ത്രപ്രതിനിധിയുടെ സാന്നിദ്ധ്യവും ചർച്ചയിലുണ്ടായിരുന്നു. അടുത്ത ആറ് വർഷത്തിന്നുള്ളിൽ അഫ്ഗാനിസ്ഥാന്റെ ദേശീയ സൈന്യത്തെ 83,000 ത്തിൽനിന്നും 1,34,000മായി വർദ്ധിപ്പിക്കാനും അഫ്ഗാൻ പോലീസിനെ നവീകരിക്കാനും അമേരിക്ക ഉദ്ദേശിക്കുന്നു. ഈ ആവശ്യാർത്ഥമാണ് അമേരിക്ക ഇറാനെ സമീപിച്ചിരിക്കുന്നത്. ഇറാൻ അമേരിക്കയുടെ ഈ നിർദ്ദേശങ്ങളോട് യോജിച്ചതായാണ് റിപ്പോർട്ട്. അതുപോലെ അഫ്ഗാനിസ്ഥാനിലേക്ക് സൈനികസാമഗ്രികളും മറ്റും കൊണ്ടുപോകാൻ പാകിസ്താൻ വഴിയുള്ള ഖൈബർ ചുരത്തിലെ സുരക്ഷിതത്വം അമേരിക്കക്ക് വളരെയേറെ പ്രയാസങ്ങളു

ണ്ടാക്കുന്നു. അഫ്ഗാനിസ്ഥാനിലേക്ക് കടക്കാൻ റഷ്യയെ ആശ്രയിക്കാനും അമേരിക്കക്ക് സാധ്യമല്ല. ഈ ഒരു സന്നിഗ്ധാവസ്ഥയിലാണ് ഇറാനിലൂടെ അഫ്ഗാനിസ്ഥാനിലേക്കുള്ള ഒരു പാതയെപ്പറ്റി അമേരിക്ക ആലോചിച്ചത്. അറബിക്കടലിലുള്ള ചബാർ തുറമുഖം വഴി ഇറാനിലേക്ക് കടന്നാൽ അഫ്ഗാനിസ്ഥാനിലേക്ക് റോഡ് വഴി പ്രവേശിക്കാൻ എളുപ്പമാകുമെന്ന് അമേരിക്ക കരുതുന്നു. ഇറാനോടുള്ള അമേരിക്കയുടെ സൗഹൃദനീക്കം ഇസ്രായേലിനെ കുറച്ചൊന്നുമല്ല പ്രകോപിപ്പിച്ചിരിക്കുന്നത്. ഒബാമയുടെ എല്ലാ നയതന്ത്രനീക്കങ്ങളും ഇസ്രായേൽ വിരുദ്ധമാണെന്നാണ് ജൂതലോബിയുടെ വിമർശനം.

ബുഷിന്റെ കുപ്രസിദ്ധമായ അറബ് ഫലസ്തീൻ വിരുദ്ധ നിലപാടിൽ നിന്നും ഒബാമയുടെ മറ്റൊരു മാറ്റവും ശ്രദ്ധേയമാണ്. കഴിഞ്ഞ മെയ് 17ന് ഇസ്രായേൽ പ്രധാനമന്ത്രിയും വലത് പക്ഷ തീവ്രവാദിയുമായ ബെഞ്ചമിൻ നെതന്യാഹു വാഷിംഗ്ടൺ സന്ദർശിച്ചപ്പോൾ വളരെ തണുത്ത പ്രതികരണമാണ് ലഭിച്ചത്. ഇറാന്റെ ന്യൂക്ലിയർ സ്ഥാപനങ്ങളുടെ മേൽ ബോംബിടുമെന്ന ഇസ്രായേലിന്റെ പ്രസ്താവനക്കെതിരെ അതിശക്തമായ വിയോജിപ്പാണ് അമേരിക്കയിൽ നിന്നുമുണ്ടായത്. ഒബാമയും ഇസ്രയേൽ പ്രധാനമന്ത്രി നെതന്യാഹുവുമായുള്ള കൂടിക്കാഴ്ചയിൽ വെസ്റ്റ് ബാങ്കിലെ അധിനിവിഷ്ട ഭൂമിയിൽ ഇസ്രയേൽ നിർമ്മിക്കുന്ന പാർപ്പിട പദ്ധതി ഉടൻ നിർ ത്തിവെക്കണമെന്ന് ആവശ്യപ്പെട്ടത് നെതന്യാഹു നിരാകരിക്കുകയുണ്ടായി. അപ്രകാരം പലസ്തീന് സ്വതന്ത്രരാജ്യമാവാൻ വേണ്ടതെല്ലാം ഉടൻ ചെയ്യണമെന്ന നിർദ്ദേശത്തോടും നെതന്യാഹു നിഷേധാത്മകമായാണ് പ്രതികരിച്ചത്.

ഫലസ്തീൻ പ്രശ്നത്തിന് 57 അറബ് മുസ്‌ലിം രാജ്യങ്ങൾ (ഓ.ഐ.സി) 2002ൽ മുന്നോട്ടുവെച്ച നിർദ്ദേശത്തോടു ഒബാമ അനുകൂലിക്കുന്നതായി റിപ്പോർട്ടുണ്ട്. 1967 -ലെ ആറുദിനയുദ്ധത്തിൽ പിടിച്ചെടുത്ത അധിനിവേശ പ്രദേശങ്ങളിൽ നിന്നും ഇസ്രായേൽ പിന്മാറുകയാണെങ്കിൽ അറബ് മുസ്‌ലിം രാജ്യങ്ങൾ ഇസ്രയേലിനെ അംഗീകരിക്കാമെന്നായിരുന്നു ഓ.ഐ.സി.യുടെ നിർദ്ദേശം. ഈ കരാർ ഇസ്രായേൽ അംഗീകരിക്കുകയാണെങ്കിൽ ലോകസമാധാനത്തിന് അത് വമ്പിച്ചൊരു മുതൽക്കൂട്ടാകുമായിരുന്നു. വൈറ്റ് ഹൗസ് വൃത്തങ്ങൾ ഈയൊരു കരാർ ഇസ്രായേലിനെ കൊണ്ട് സ്വീകരിപ്പിക്കാൻവേണ്ടി കഠിനമായി ശ്രമിക്കുന്നുവെന്ന് റിപ്പോർട്ടുണ്ട്. പക്ഷേ ജൂതന്മാർ അന്യായമായി പിടിച്ചെടുത്ത ഭൂമിയിൽ നിന്നും ഒരിഞ്ചെങ്കിലും തിരികെതരുക എന്നത് ഏറെക്കുറെ അസംഭവ്യമാണെന്നാണ് ചരിത്രസാക്ഷ്യം. ഒബാമയുടെ മറ്റൊരു ഞെട്ടിപ്പിക്കുന്ന നീക്കം അമേരിക്കൻ ഭരണകൂടം ഇസ്രായേലിനോട് അണ്വായുധ നിർവ്യാപനകരാറിൽ ഒപ്പിടാൻ വേണ്ടി പറഞ്ഞിരിക്കുന്നു എന്നതാണ്.

അമേരിക്കയും ഇസ്രായേലും തമ്മിലുള്ള ബാന്ധവമാണ് ലോകസമാധാനത്തിന് ഭീഷണിയായി നിലകൊള്ളുന്നത് എന്നത് ഒരു യാഥാർത്ഥ്യമാണ്. അവസാനകാലം ആഗതമായാൽ ഇസ്രായേൽ അമേരിക്കയുമായി തെറ്റിപ്പിരിഞ്ഞ് അമേരിക്കക്കെതിരെ റഷ്യയെ സഹായിക്കുമെന്ന് പ്രവചനങ്ങളിൽ സൂചനയുള്ളതായി അഹ്മദിയ്യ ജമാഅത്തിന്റെ രണ്ടാം ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) പറഞ്ഞിട്ടുണ്ട്. അതോടെ ഫലസ്തീൻ പ്രദേശത്ത് നിന്നും ഇസ്രയേൽ നിഷ്കാസിതമാവുമെന്നും ഇസ്‌ലാമിക പ്രവചനങ്ങളിൽ പറയപ്പെട്ടിട്ടുണ്ട്. അതിന്റെ തുടക്കമാണോ ഈ അമേരിക്കൻ ഇസ്രായേലി ബന്ധങ്ങളിലെ അസ്വാരസ്യം.

സഹസ്രാബ്ദങ്ങളായുള്ള ഫലസ്തീന്റെ ചരിത്രത്തിൽ ദാവീദിനും സോളമനും ശേഷം യഹൂദികളുടെ ഇന്നത്തെ അധിവാസം കുറഞ്ഞ കാലത്തെ പ്രതിഭാസമാണ്. ഫലസ്തീന്റെ മണ്ണിന്റെ മക്കൾ അറബികളായിരുന്നു എന്നാണ് ചരിത്രവസ്തുത. കഴിഞ്ഞ അറുപത് വർഷമായി യഹൂദികൾ എല്ലാ നീതിതത്ത്വങ്ങളേയും കാറ്റിൽ പരത്തി ഭീകരത സൃഷ്ടിച്ച് ഫലസ്തീനിൽ വാഴുന്നത് ചരിത്രത്തിന്റെ സനാതനനിയമങ്ങൾക്കെതിരാണ്. സാവകാശത്തിലാണെങ്കിലും ചരിത്രം അതിന്റെ നീതി നടപ്പാക്കുക തന്നെ ചെയ്യും. ചരിത്രത്തിന്റെ സമവാക്യങ്ങൾ കാത്തിരിക്കുന്ന ആ സന്ദർഭത്തിന് സമയമായോ എന്നത് മാത്രമാണ് പ്രശ്നം.! ⬣

*(32 - ൽ നിന്ന് തുടർച്ച)*

ശ്രദ്ധയിൽപ്പെട്ടു. പാശ്ചാത്യരും കമ്യൂണിസ്റ്റുകാരും ദൈവത്തിന്റെ ശത്രുക്കളാണെന്നായിരുന്നു ഖൊമേനിയുടെ പ്രഖ്യാപനം. ഇതായിരുന്നു ഒരുകാലത്ത് മുഴങ്ങികേട്ടത്. അഹ്മദിയ്യത്തിലേക്ക് വരുന്നതിന് മുമ്പ് ഇതായിരുന്നു എന്റെ മുമ്പിലുണ്ടായിരുന്ന ഇസ്‌ലാമിക ചിത്രം. (തുടരും) ⬣

## കുറിപ്പുകൾ

മുസാഫിർ

# യു.പി.എ. സർക്കാറിന്ന് അഭിനന്ദനങ്ങൾ

പതിനഞ്ചാം ലോകസഭയിലേക്ക് നടന്ന തെഞ്ഞെടുപ്പിൽ ഉജ്ജ്വലവിജയം നേടി കോൺഗ്രസ്സ് നേതൃത്വത്തിലുള്ള യു.പി.എ. മുന്നണി വീണ്ടും അധികാരം നിലനിർത്തിയിരിക്കുന്നു. പ്രാദേശികതക്കും വർഗ്ഗീയതക്കുമെതിരെ ഈ തെരഞ്ഞെടുപ്പിൽ ഇന്ത്യയിലുടനീളം ദർശിച്ച ദേശീയ പ്രവണത അത്ഭുതകരമാണ്. ജീവനുള്ള ഒരു ശരീരം പോലെ പ്രതികരണശേഷിയുള്ള ഒരേകത ഭാരതത്തിന്ന് ഉണ്ടെന്ന കാര്യം വിസ്മയകരം തന്നെ. ജനാധിപത്യത്തിനും മതേതരത്വത്തിനും ഹാനികരമായ വിഘടന വിഭാഗീയതയുടെ ജീർണ്ണതകൾക്ക് നടുവിലും ഉദ്ഗ്രഥിതമായ ഒരു ജനാധിപത്യ ദേശീയ ഗാത്രം ഭാരതത്തിൽ ഇപ്പോഴും സജീവമാണെന്ന് കോൺഗ്രസ്സ് തെളിയിച്ചിരിക്കുന്നു. ഒരുപക്ഷേ കോൺഗ്രസ്സിനു മാത്രം വീണ്ടെടുക്കാൻ കഴിയുന്ന ഒരു രാഷ്ട്രീയ പ്രതിഭാസത്തിന്നാണ് നാമിപ്പോൾ സാക്ഷ്യം വഹിച്ചത്. ദരിദ്രരും നിരക്ഷരുമായ മൂകലക്ഷങ്ങൾ പങ്കെടുക്കുന്ന ലോകത്തിലെ ഏറ്റവും ബൃഹത്തായ ഈ തെരഞ്ഞെടുപ്പ് ഔചിത്യബോധത്തിന്റേയും രാഷ്ട്രീയ വിവേകത്തിന്റെയും ലോകോത്തര മാതൃക കൂടിയായിതീർന്നിരിക്കുന്നു. ഈ വിജയത്തിലേക്ക് കോൺഗ്രസ്സിനെയും യു.പി.എ.യും നയിച്ചതിന് കോൺഗ്രസ്സ് അദ്ധ്യക്ഷ ശ്രീമതി സോണിയാഗാന്ധിയും പ്രധാനമന്ത്രി ശ്രീ മൻമോഹൻ സിങ്ങും കോൺഗ്രസ്സിന്റെ യുവതാരം ശ്രീ. രാഹുൽഗാന്ധിയും അഭിനന്ദനമർഹിക്കുന്നു. ഈ സർക്കാർ ക്ഷേമകരമായി പ്രവർത്തിക്കാൻ സർവ്വശക്തൻ തുണക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഒരു ദേശീയ പാർട്ടി എന്ന നിലയിൽ കോൺഗ്രസ്സിന്റെ പ്രതിയോഗിയായ ബി.ജെ.പി.യുടെ വർഗ്ഗീയ രാഷ്ട്രീയം ഭാരതത്തിന്റെ ദേശീയ മനസ്സാക്ഷിക്ക് ചേർന്നതോ ഭാരതീയ ജനതയെ ഉദ്ഗ്രഥിച്ചു നിർത്താനോ ഉതകുന്നതല്ല. മതേതര ജനാധിപത്യ ബോധവും ദേശീയാടിത്തറയുമുള്ള കക്ഷികൾ ഇന്ത്യൻ രാഷ്ട്രീയത്തിൽ ഇനിയും ഉദയം ചെയ്യേണ്ടിയിരിക്കുന്നു. ദേശീയൈക്യം ഏറ്റവും ഉത്തരവാദിത്വത്തോടെയും സൂക്ഷ്മമായും കൈകാര്യം ചെയ്യേണ്ട വിഷയമാണ്. തെരഞ്ഞെടുപ്പിന്റെ താൽക്കാലിക നേട്ടത്തിന്റെ ബലതന്ത്രങ്ങൾ ഇന്ത്യയുടെ ഐക്യത്തിനും ജനസമൂഹങ്ങളുടെ ഉദ്ഗ്രഥനത്തിനും ഹാനികരമാവാതെ നോക്കേണ്ട ഭാരിച്ച ഉത്തരവാദിത്വം രാഷ്ട്രീയ പാർട്ടികൾക്കുണ്ട്. നമ്മുടെ ദേശീയൈക്യത്തിന് വിരൂപണം സംഭവിച്ചിട്ട് നാളേറെയായിരിക്കുന്നു. പ്രാദേശിക വാദക്കാരായ ചെറുകക്ഷികളുടെ പങ്ക് ഇതിൽ വളരെ നിർണ്ണായകമാണ്. കോൺഗ്രസ്സ് ദുർബലമായതും അതുപോലെ ശക്തരായ ദേശീയകക്ഷികൾ ഉണ്ടാവാത്തതുമാണ് ഇതിന് കാരണം. ഭരിക്കാനുള്ള ഭൂരിപക്ഷം കിട്ടാതെ നമ്മുടെ ദേശീയ പാർട്ടികൾ മാന്ത്രികനമ്പറിനു താഴെ നിൽക്കുമ്പോൾ അസുരയുദ്ധത്തിൽ രഥത്തിന്റെ അച്ചാണി ഊരിത്തെറിച്ചപ്പോൾ ദശരഥനെ സഹായിച്ച കൈകേയിയെപോലെ ചേരുംപടി ചേരാത്ത ചെറുപ്രാദേശിക കക്ഷി കൾ വന്ന് സഹായിക്കുകയും വരം വാങ്ങി പിന്നീട് ബുദ്ധിമുട്ടിക്കുകയും ചെയ്യുന്നു. ദൗർഭാഗ്യകരമായ ഈ അവസ്ഥ ഇന്ത്യയുടെ സമതുലിതമായ പുരോഗതിയേയും ദേശീയൈക്യത്തേയും താളം തെറ്റിക്കുന്നു. സങ്കുചിതമനസ്കരായ പ്രാദേശിക കക്ഷികൾക്ക് മുമ്പിൽ മസ്തകം താഴ്ത്തി. ദേശീയ ഭീമന്മാർ നിന്നു കൊടുക്കേണ്ടി വരുന്ന അവസ്ഥയിൽ നിന്നും അല്പം ആശ്വാസം നൽകുന്നതാണ് ഈ തിരഞ്ഞെടുപ്പ്.

കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഹിന്ദി ഹൃദയഭൂമിയിൽ കോൺഗ്രസ്സ് കാഴ്ചവെച്ച മികച്ച പ്രകടനം ആവേശകരമായിരുന്നു. കോൺഗ്രസ്സും ബി.ജെ.പി.യും മാത്രം മത്സരിച്ച രാജസ്ഥാനിലും മധ്യപ്രദേശിലും കോൺഗ്രസ്സ് വൻനേട്ടമാണ്

കൈവരിച്ചത്. യു.പി.യിൽ 21 സീറ്റുകൾ നേടി ഭരണകക്ഷിയായ ബി.എസ്.പി. (20)യേക്കാൾ മുന്നിലെത്തി. ജാതിരാഷ്ട്രീയത്തിന്റെ പറുദീസയായ യു.പി. ഇന്ത്യയിലെ ഏറ്റവും കൂടുതൽ എം.പിമാരെ (80) നൽകുന്ന സംസ്ഥാനമാണ്. കോൺഗ്രസ്സ് ഇവിടെ ജീവച്ഛവമായിട്ട് വർഷങ്ങളേറെയായി. രാഹുൽ ഗാന്ധിയുടെ ജനസമ്പർക്ക പരിപാടിയുടെ പിൻബലത്തിൽ അദ്ദേഹത്തിന്റെ ഉറച്ച തീരുമാനപ്രകാരമാണ് യു.പി.യിൽ കോൺഗ്രസ്സ് ഒറ്റക്ക് മത്സരിച്ച് 21 സീറ്റ് നേടിയത്. കോൺ ഗ്രസ്സിന്റെ പുനരുജ്ജീവന സ്വപ്നങ്ങൾക്ക് ശക്തി പകരുന്നതും ഈ യു.പി. വിജയമാണ്. നെഹ്റുവിന്റേയും രാജീവ്ഗാന്ധിയുടേയും മനുഷ്യസ്നേഹത്തിന്റെ മുഖമാണ് രാഹുലിന്നുള്ളത്. രാഹുൽ അതിൽ നിന്നും വഴിതെറ്റാതിരിക്കട്ടെ. മൊത്തം 206 സീറ്റ് നേടി കോൺഗ്രസ്സ് ഒന്നാം സ്ഥാനത്തെത്തി. 2004നേക്കാൾ 61 സീറ്റ് അധികം. 116 സീറ്റ് നേടിയ ബി.ജെ.പി.ക്ക് നഷ്ടപ്പെട്ടത് 22 സീറ്റും.

ഡോ. മൻമോഹൻ സിങ്ങിനെ 'ദുർബലനായ പ്രധാനമന്ത്രിയെന്നും' എനിക്ക് അദ്ദേഹത്തോട് സഹതാപം തോന്നുന്നു' എന്നെല്ലാം പറഞ്ഞ് പരിഹസിച്ചും വ്യക്തിഹത്യ നടത്തിയും താഴ്ന്ന രീതിയിലുള്ള പ്രചാരണമാണ് പ്രതിപക്ഷ നേതാവ് എൽ.കെ. അദ്വാനി നടത്തിയത്. പ്രധാനമന്ത്രി കുപ്പായവും തയ്ച്ച് കാത്തിരുന്ന ബി.ജെ.പി.യുടെ ഈ ലോഹപുരുഷന്റെ സ്വപ്നങ്ങൾ മെഴുക് പോലെ ഉരുകിയൊലിച്ചുപോയി. തെരഞ്ഞെടുപ്പ് ഫലത്തിൽ ആധി പൂണ്ട അദ്ധ്വാനി രാജിക്കൊരുങ്ങിയതും വാർത്തയായിരുന്നു.

കേരളത്തിൽ ഇടത് കക്ഷികൾക്കേറ്റ പരാജയം കനത്തതായിരുന്നു. വിഭാഗീയതയും വിഴുപ്പലക്കലും, നേതാക്കളുടെ അഴിമതിയാരോപണങ്ങളും അതിനെ നേരിടാൻ അവർ കാണിക്കുന്ന ഭീരുത്വവും മാധ്യമങ്ങൾ ജനകീയാഘോഷമാക്കി മാറ്റിയപ്പോൾ ജനങ്ങൾ ഇടതുപക്ഷത്തിനെതിരെ വിധിയെഴുതി.

മാർക്സിസത്തിന്റെ ഭാരം തലയിലുള്ളത് കൊണ്ട് മാർക്സിസ്റ്റു പാർട്ടിക്ക് അനായാസം സഞ്ചരിക്കാനോ ചലനാത്മകമാകാനോ ഒരു കാലത്തും സാധ്യമല്ല. അങ്ങനെ അവർ ചലിക്കാൻ തുടങ്ങിയാൽ തത്വങ്ങളുടെ ഭാണ്ഡക്കെട്ടുകൾ തലയിൽ നിന്നും വീഴും. അത് ആദർശവ്യതിയാനമായി അനുയായികൾ തെറ്റിദ്ധരിക്കും. ഈയൊരു സന്നിഗ്ദ്ധാവസ്ഥയിലാണ് മാർക്സിസ്റ്റ് പാർട്ടി അനുഭവിക്കുന്നുണ്ട്.

എന്തുതന്നെയായാലും കേരളത്തിലെ പ്രശസ്തമായ മതേതര പാരമ്പര്യത്തിന് മാർക്സിസ്റ്റ് പാർട്ടി നല്ല സംഭാവനകളായിരുന്നു നൽകിയത് എന്ന കാര്യം നിസ്തർക്കമാണ്. ഇത്തവണ നേർവിപരീതമായ ഒരു നിലപാടാണ് പാർട്ടി സ്വീകരിച്ചത്. ഇത്തവണ ഇന്നലെ വരെ മതതീവ്രവാദിയായി അറിയപ്പെട്ടിരുന്ന ഒരു നേതാവിന്റെ ആജ്ഞാനുവർത്തിയായി സ്ഥാനാർത്ഥിയെ നിർത്തുകയും അദ്ദേഹവുമായി വേദി പങ്കിടുകയും ചെയ്തത് കേരളത്തിലെ മതേതര രാഷ്ട്രീയത്തിന്നേറ്റ കനത്ത പ്രഹരമാണ്. ഭൗതികവാദത്തിന്റെ അങ്ങേതലക്കലിരുന്ന് മതമൗലിക വാദത്തേയും, മതതീവ്രവാദത്തേയും എതിർക്കേണ്ട പാർട്ടി അധികാരത്തോടുള്ള ആർത്തിയിൽ മതപാർട്ടികളുടെ ചൊൽപടിക്ക് നിന്നുകൊടുത്തത് സെക്കുലർ പൊളിറ്റിക്സിന് വിപരീതമായ നിലപാടാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കെ.പി.സി.സി. ഭാരവാഹികൾ വോട്ട് ചോദിക്കാൻ മതരാഷ്ട്രമൗലികവാദികളായ ജമാഅത്തെ ഇസ്ലാമിയുടെ ഓഫീസ് സന്ദർശിച്ചതും അപലപനീയമാണ്. ആദർശധീരതയില്ലാത്ത ഭീരുക്കളായ ഈ രാഷ്ട്രീയ നേതാക്കന്മാരേക്കാൾ വിവരവും വിവേകവുമുള്ളവരാണ് പൊതുജനങ്ങൾ എന്ന് ഈ തിരഞ്ഞെടുപ്പ് തെളിയിച്ചിരിക്കുന്നു.

ഇസ്ലാം മതരാഷ്ട്രത്തിനു വേണ്ടി നിലകൊള്ളുന്ന ജമാഅത്തെ ഇസ്ലാമി ആളില്ലാതെ ഒച്ചയുണ്ടാക്കുന്ന ഒരു കാലിപാട്ടയാണെന്നും വർഗ്ഗീയതയുടെ രോഗാണുക്കൾ പരത്തുന്ന മലിനജലമാണ് അതിലുള്ളതെന്നും കേരളത്തിലെ രാഷ്ട്രീയപാർട്ടികൾക്ക് വ്യക്തമായിട്ടുണ്ടാകും. അടിയന്തിരാവസ്ഥയിൽ തങ്ങളുടെ നേതാക്കന്മാരെ ജയിലിലടച്ചതിന്റെ വിദ്വേഷമാണ് ജമാഅത്തെ ഇസ്ലാമിയുടെ കോൺഗ്രസ് വിരോധത്തിന്റെ അടിസ്ഥാനം. രണ്ടിടത്തൊഴികെ കേരളത്തിലെല്ലായിടത്തും കോൺഗ്രസ്സിനെതിരെ ഇടതുപക്ഷത്തിനനുകൂലമായി അരയും തലയും മുറുക്കി രംഗത്തിറങ്ങിയ ജമാഅത്തെ ഇസ്ലാമി ഇടതുപക്ഷ ബാന്ധവത്തിലൂടെ തങ്ങൾ ഒരു വർഗ്ഗീയ പാർട്ടിയാണെന്ന ദുഷ്പേര് മാറ്റിയെടുക്കാമെന്ന് വ്യാമോഹിക്കുന്നു. ആണവക്കരാറിനെ അനുകൂലിച്ചതിന്റെ പേരിൽ മഞ്ചേരിയിൽ ഇ. അഹമ്മദ് സാഹിബിനെ എതിർത്തവർ വയനാട്ടിൽ ആണവകരാറിനെ ഏറ്റവും കൂടുതൽ ന്യായീകരിച്ച ഷാനവാസിനെ പിന്തുണക്കുകയാണുണ്ടായത്. ഇസ്ലാം മതരാഷ്ട്രവാദികളായ ജമാഅത്തെ ഇസ്ലാമി ശശി തരൂരിനെതിരെ നേരിട്ട് പ്രചരണം നടത്തിയത് കൊണ്ടാണ് ഹിന്ദുവോട്ടുകൾ തരൂരിനനു

കൂലമായി കേന്ദ്രീകരിച്ച് റിക്കാർഡ് ഭൂരിപക്ഷത്തിന് അദ്ദേഹം ജയിച്ചതെന്നും ചൂണ്ടികാണിക്കപ്പെടുന്നു. തിരഞ്ഞെടുപ്പ് കഴിഞ്ഞതിനുശേഷം ഇന്ത്യയിലെ 223 മണ്ഡലങ്ങളിൽ കോൺഗ്രസ്സിനാണ് തങ്ങൾ പിന്തുണ നൽകിയത്. അതുകൊണ്ട് ഈ തെരഞ്ഞെടുപ്പ് ജമാഅത്ത് നയത്തിന്റെ വിജയമാണെന്ന് ഒരു വിദ്വാൻ 'പ്രബോധന'ത്തിൽ അവകാശപ്പെടുന്നു. ഏതായാലും തെരഞ്ഞെടുപ്പ് കാലത്ത് ജമാഅത്തെ ഇസ്‌ലാമിയുടെ പിന്തുണ കോൺഗ്രസ്സിനുണ്ടെന്ന് ആ 223 മണ്ഡലങ്ങളിൽ അറിയാത്തത് ഭാഗ്യമായി. അറിഞ്ഞിരുന്നെങ്കിൽ മറുപക്ഷത്തുള്ള മതമൗലികവാദികൾ കോൺഗ്രസ്സിനെ പരാജയപ്പെടുത്തിയേനെ. ദയവ് ചെയ്ത് ജമാഅത്തെ ഇസ്‌ലാമി ഇവിടെ സ്ഥാനാർത്ഥികൾക്ക് പിന്തുണ നൽകി അവരെ ദ്രോഹിക്കരുത്. ജമാഅത്തെ ഇസ്‌ലാമിയുടെ രാഷ്ട്രീയം കേരളത്തിന്റെ സെക്കുലർ രാഷ്ട്രീയത്തെ കളങ്കിതമാക്കുമെന്നും മുസ്‌ലിം സമൂഹത്തിൽ അത് വിപരീതഫലമായിരിക്കും ഉണ്ടാക്കുക എന്നും നാം തിരിച്ചറിയണം.

യു.പി.ഐ. സർക്കാറിൽ രണ്ട് കാബിനറ്റ് മന്ത്രിമാരടക്കം ആറ് മലയാളികളുണ്ട്. വളരെയേറെ അവഗണനകൾക്ക് വിധേയമായ കേരളത്തിന് ന്യായമായ അവകാശങ്ങൾ ലഭിക്കാൻ ഇവരുടെ ഭാഗത്ത് നിന്നും ശ്രമങ്ങളുണ്ടാകുമെന്ന പ്രത്യാശയോടെ പ്രധാനമന്ത്രി മൻമോഹൻ സിങ്ങിനും കേരളത്തിലെ മന്ത്രിമാർക്കും ഒരിക്കൽ കൂടി അഭിനന്ദനങ്ങൾ! ⬣

കുറിപ്പുകൾ

# കമലാസുരയ്യ ഓർമ്മയായി

മലയാളത്തിലെ പ്രിയപ്പെട്ട എഴുത്തുകാരി കമലാ സുരയ്യ മെയ് 31ന് ഞായറാഴ്ച രാവിലെ അന്തരിച്ചു. ഇന്നാലില്ലാഹി.... അവരുടെ സ്മരണക്ക് മുമ്പിൽ ആദരാഞ്ജലികളർപ്പിക്കുന്നു. എഴുത്തിലും ജീവിതത്തിലും കടിഞ്ഞാണില്ലാത്ത സ്നേഹമായിരുന്നു പ്രതിഭാശാലിയായ ഈ കഥാകാരിയെ നയിച്ചത്. അതുതന്നെയായിരുന്നു അവരെ വിവാദങ്ങളുടെ തോഴിയാക്കി മാറ്റിയതും. എല്ലാം തന്റേതായ ധാർമ്മികയുക്തിയിലൂടെ അവർ ന്യായീകരിച്ചു. പ്രശസ്തിയുടെ ഉന്നതിയിൽ വെച്ച് ഭയലേശമന്യേ ഇസ്‌ലാം മതം സ്വീകരിക്കാനും അതിന്റെ ചിഹ്നങ്ങൾ അണിയാനും അവർ കാട്ടിയ ധീരത അതുല്യമാണ്. ഭൂകമ്പവും കൊടുങ്കാറ്റും സൃഷ്ടിക്കപ്പെടുമെന്ന് ആശങ്കപ്പെടുന്ന മതം മാറ്റം അക്ഷോഭ്യയായി ലളിതമായ ഒരു പ്രസ്താവനയിലൂടെ അവർ വിളംബരപ്പെടുത്തുകയായിരുന്നു. അവർ ഇസ്‌ലാം മതം സ്വീകരിച്ചതിന് ശേഷം ശ്രീകൃഷ്ണനെ വാഴ്ത്തിയപ്പോഴും പ്രശ്നങ്ങളുണ്ടായി. മതമൗലികവാദികളുടേയും അസഹിഷ്ണുക്കളുടേയും പിറുപിറുപ്പുകളൊന്നും അവർ ഗൗനിച്ചില്ല. തന്റെ നിഷ്കളങ്കമായ ബോദ്ധ്യങ്ങളുടെ ബലത്തിൽ സാധാരണക്കാർക്കും ബുദ്ധിജീവികൾക്കും അചിന്ത്യമായ പരിണാമങ്ങളിലൂടെ അവർ ധീരമായി കടന്നുപോയി. അവരുടെ സ്നേഹസന്ദേശം ഒരളവോളം അവരുടെ മരണാനന്തര ചടങ്ങിലും പ്രതിഫലിച്ചു. തിരുവനന്തപുരം പാളയം പള്ളിയിലെ അവരുടെ ജനാസയിൽ കമലാസുരയ്യയെ സ്നേഹിച്ച ആയിരങ്ങൾ പങ്കെടുത്തു. മതം മാറിയാലും മനുഷ്യബന്ധങ്ങളിൽ അത് ആഘാതമൊന്നുമുണ്ടാക്കുന്നില്ല എന്നതിന്റെ നിരവധി രംഗങ്ങൾ പാളയം പള്ളിയുടെ കബർസ്ഥാൻ സാക്ഷിയായി. ഇത് കേരളത്തിന്റെ സംസ്കാരത്തിന്റെ ഭാഗമായിരിക്കട്ടെ എന്ന് ആഗ്രഹിക്കുന്നു. കമലാ സുരയ്യക്ക് അല്ലാഹു ജന്നത്തും മഅ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ. അവരുടെ കുടുംബാംഗങ്ങൾക്ക് അവരുടെ വിയോഗമുണ്ടാക്കിയ ദുഃഖത്തിൽ നിന്ന് ആശ്വാസമുണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ⬣

## വൃദ്ധന്റെ യൗവനം

അബുഹുറൈറ (റ) യിൽ നിന്നും നിവേദനം: തിരുമേനി (സ) ഇങ്ങനെ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. രണ്ട് കാര്യങ്ങളിൽ വൃദ്ധന്റെ ഹൃദയം എപ്പോഴും യുവത്വം നിലനിർത്തിക്കൊണ്ടേയിരിക്കും. ഐഹിക സുഖത്തിലുള്ള ആഗ്രഹവും ദീർഘായുസ്സിലുള്ള മോഹവുമാണത്. ***(ബുഖാരി)***

## വാർത്തകൾ

# 117 –ാമത് വാർഷിക ജൽസ സമാപിച്ചു

ഖാദിയാൻ : 2009 മെയ് 25, 26, 27 തിയ്യതികളിൽ ഖാദിയാനിൻ ചേർന്ന ത്രിദിന ദേശീയ സമ്മേളനം ഖലീഫത്തുൽ മസീഹിന്റെ ലണ്ടനിൽ നിന്നുള്ള ഉപസംഹാര പ്രസംഗത്തോടെ വിജയകരമായി സമാപിച്ചു.

അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് അഖിലേന്ത്യാ മുഖ്യകാര്യദർശി മൗലാനാ മുഹമ്മദ് ഇനാം ഗോറി സാഹിബ് പതാക ഉയർത്തിയതോടെ ജൽസ ആരംഭിച്ചു. സമ്മേളനത്തിന്റെ വിജയത്തിനായി പ്രവർത്തകന്മാർ സമർപ്പണബോധത്തോടെ രംഗത്തിറങ്ങണമെന്നും ഈ ആത്മീയ വിരുന്നിൽ നിന്നും ഫലമെടുക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. തുടർന്ന് സദർ അഞ്ചുമൻ അഹ്മദിയ്യ പ്രസിഡണ്ട് ഡോ: സാലേ മുഹമ്മദ് അലാദിൻ സാഹിബ് പ്രസംഗിച്ചു. ദൈവത്തിന്റെ ഏകത്വം പ്രചരിപ്പിക്കാനും ആത്മീയമായ അനുഗ്രഹങ്ങൾക്കും വേണ്ടി അഹ്മദിയ്യാ ജമാഅത്ത് കൈക്കൊണ്ട നിരവധി പദ്ധതികളെ സംബന്ധിച്ച് അദ്ദേഹം വിശദീകരിച്ചു. "ദൈവത്തിന്റെ ഏകത്വവും ഖിലാഫത്തും' എന്ന വിഷയത്തെ അധികരിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. പിന്നീട് മുഹമ്മദ് നബി (സ) 'ജീവിതവും പ്രവർത്തനവും' എന്ന വിഷയത്തിൽ ഇസ്ലാഹോ വ ഇർശാദ് സിക്രട്ടറി മൗലാന മുഹമ്മദ് ഉമർ സാഹിബ് സംസാരിച്ചു. മനുഷ്യന്റെ സമത്വത്തെയും അവന്റെ അന്തസ്സിനെയും വില കല്പിക്കുന്ന മതമാണ് ഇസ്ലാം. യാതൊരുവിധ സാമൂഹ്യവി




*ജൽസാ സാലാനായെ അഭിസംബോധന ചെയ്തുകൊണ്ട് സദർ അഞ്ചുമൻ അഹ്മദിയാ പ്രസിഡണ്ട് ഡോ. സാലേ മുഹമ്മദ് അലാദിൻ പ്രസംഗിക്കുന്നു. ദേശീയ മുഖ്യകാര്യദർശി മൗലാനാ മുഹമ്മദ് ഇനാം ഗോറിയാണ് സമീപം.*

വേചനവും കൂടാതെ മനുഷ്യർക്ക് അവസരസമത്വം നൽകണമെന്നുള്ള റസൂൽ തിരുമേനി (സ)യുടെ അദ്ധ്യാപനങ്ങളെ പറ്റി അദ്ദേഹം വിശദീകരിച്ചു. അതുപോലെ സ്ത്രീകളുടെ പദവി ഉയർത്താൻ റസൂൽ തിരുമേനി (സ) സ്വീകരിച്ച നടപടികളും അദ്ദേഹം വിശദീകരിച്ചു. ജേതാവായി മക്കയിലേക്ക് മടങ്ങിവന്ന റസൂൽ തിരുമേനി (സ) തന്റെ എതിരാളികൾക്ക് മാപ്പരുളിയ സംഭവം അനുകരണീയ മാതൃകയാണെന്നും അദ്ദേഹം പറഞ്ഞു.


ആദ്യദിവസത്തെ രണ്ടാം സെഷനിൽ അഹ്മദിയ്യാ വിശ്വാസങ്ങളെ പരിചയപ്പെടുത്തിക്കൊണ്ട് മൗലാന



*ജൽസാ സാലാന സദസ്സ് ഒരു ദൃശ്യം*

# അഹ്മദിയത്തിന്റെ വളർച്ച മറുപക്ഷത്തെ പ്രകോപിതരാക്കുന്നു

## ഖലീഫത്തുൽ മസീഹ്



ഖാദിയാൻ : ഇന്ന് ദൈവാനുഗ്രഹത്താൽ അഹ്മദിയ്യാ ജമാഅത്തിലേക്ക് നിരവധി ആളുകൾ കടന്നുവരികയാണ്. യൂറോപ്പിലും അമേരിക്കയിലും ജമാഅത്ത് അടിവെച്ചടിവെച്ച് വളരുകയാണെന്നും ആഫ്രിക്കയിൽ ജമാഅത്തിന്റെ വളർച്ച ദ്രുതഗതി പ്രാപിച്ചിരിക്കുകയാണെന്നും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് പറഞ്ഞു. ഖാദിയാനിലെ 117-ാമത് ദേശീയ വാർഷിക ജൽസയുടെ ഉപസംഹാര പ്രസംഗം ലണ്ടനിൽ നിന്നും ഉപഗ്രഹം വഴി നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം.

ഖാദിയാനിലെ ജൽസാ സാലാനായുടെ പ്രാധാന്യം ഖലീഫത്തുൽ മസീഹ് അനുസ്മരിച്ചു. വാഗ്ദത്ത മസീഹ് ആരംഭിച്ച ഈ സമ്മേളനം അനുഗ്രഹീതമാണ്. വാഗ്ദത്ത മസീഹിന്റെ ജന്മഗൃഹമായ ഖാദിയാനിൽ വസിക്കുന്നവർക്ക് വമ്പിച്ച ഉത്തരവാദിത്വങ്ങളാണ് ഭരമേൽപ്പിക്കപ്പെട്ടത് എന്ന് അദ്ദേഹം പറഞ്ഞു.

അഹ്മദിയ്യത്തിന്റെ ശത്രുക്കൾ അഹ്മദിയ്യാ പ്രസ്ഥാനം വളരുന്നില്ല എന്ന് പ്രചരിപ്പിക്കുന്നു. ഇത് അഹ്മദിയത്തിന്റെ അഭൂതപൂർവ്വമായ വളർച്ച കണ്ടുകൊണ്ട് ശത്രുക്കൾക്കുണ്ടായ ഭീതിയുടെ ജൽപ്പനമല്ലാതെ മറ്റൊന്നുമല്ല. മതതീവ്രവാദികൾ പാക്കിസ്താനിൽ മാത്രമല്ല അഹ്മദികളെ ലക്ഷ്യമിട്ടിരിക്കുന്നത്. ലോകം മുഴുവൻ അഹ്മദികളെ വേട്ടയാടാൻ അവർ ശ്രമിക്കുകയാണ്. നിർഭാഗ്യകരമെന്നു പറയട്ടെ ഇപ്പോൾ ഇന്ത്യയിലും വലിയ പ്രയാസങ്ങൾ അഹ്മദികൾ അനുഭവിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. അവരുടെ വീടുകൾ ആക്രമിക്കപ്പെടുകയും ബഹിഷ്ക്കരിക്കപ്പെടുകയും ചെയ്യുന്ന പ്രവണത ഇന്ത്യയിലും ശക്തിപ്പെട്ടു വരികയാണ്. ഈ പീഢനങ്ങളെല്ലാം അഹ്മദിയത്ത് സത്യമാണെന്നതിലേക്കുള്ള തെളിവുകൾ കൂടിയാണെന്നും അത്തരം എല്ലാ പീഢനങ്ങളേയും അഹ്മദിയത്ത് അതിജയിക്കുമെന്നും ഖലീഫത്തുൽ മസീഹ് പറഞ്ഞു.

ശത്രുക്കളുടെ പീഢനങ്ങളും വിധ്വംസക പ്രവർത്തനങ്ങളും തുടരുന്നുവെങ്കിലും അഹ്മദികൾ സ്ഥിരചിത്തരായി അതിനെ നേരിടുമെന്നും ഒരിക്കലും എതിരാളികൾ ജയിക്കാൻ പോകില്ലെന്നും ഖലീഫത്തുൽ മസീഹ് വീണ്ടും ഓർമ്മിപ്പിച്ചു. ഒരു വർഷം മുമ്പ് നിർബന്ധമായും ജനങ്ങൾക്ക് ഇടയിൽ അഹ്മദിയാ സന്ദേശം പ്രചരിപ്പിക്കണമെന്ന് താൻ ജമാഅത്തംഗങ്ങളോട് വാഗ്ദാനം വാങ്ങിയ കാര്യം ഖലീഫത്തുൽ മസീഹ് അനുസ്മരിച്ചു. കഴിഞ്ഞ ഡിസംബറിൽ കേരളം സന്ദർശിച്ചെങ്കിലും പല പ്രശ്നങ്ങൾ കാരണമായി ഖാദിയാനിലേക്ക് വരാൻ സാധ്യമായില്ല എന്ന കാര്യം ഖലീഫത്തുൽ മസീഹ് പ്രസംഗ മദ്ധ്യേ പരമാർശിക്കുകയുണ്ടായി. ⬣

---

ഹമീദ് കൗസർ സാഹിബ് സംസാരിച്ചു. 'ലോക പ്രശ്നങ്ങൾക്ക് ഇസ്‌ലാമിക പരിഹാരം' എന്ന വിഷയത്തെ സംബന്ധിച്ച് വഖഫ് ജദീദ് ദേശീയ സെക്രട്ടറി മൗലാനാ കരീമുദ്ദീൻ സാഹിബ് ശാഹിദ് പ്രസംഗിച്ചു.

രണ്ടാം ദിവസത്തെ സമ്മേളനത്തിൽ ജംഇയ്യത്തുൽ മുബശ്ശിരീൻ പ്രിൻസിപ്പാൾ സുൽത്താൻ അഹ്മദ് സഫർ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദിന്റെ നേതൃത്വത്തിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് കൈവരിച്ച നേട്ടങ്ങൾ വിവരിച്ചു. പിന്നീട് മുഖ്യകാര്യദർശി മൗലാനാ ഇനാം ഗോറി സാഹിബ് വാഗ്ദത്ത മസീഹിന്റെ സേവനങ്ങളെക്കുറിച്ചു പ്രസംഗിച്ചു. സയ്യിദ് കരീമുദ്ദീൻ സാഹിബ്, മുനീർ അഹ്മദ് ഖാദിം സാഹിബ് എന്നിവരും സംസാരിച്ചു. മൂന്നാം ദിവസം ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ ഉപസംഹാരപ്രസംഗത്തോടെ ജൽസാ സാലാനാ അവസാനിച്ചു. പരിപാടി മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യായിലൂടെ സംപ്രേക്ഷണം ചെയ്യപ്പെട്ടിരുന്നു. ⬣

## താഴേക്ക് നോക്കുക

അബൂ ഹുറൈറ(റ)യിൽ നിന്നും നിവേദനം: തിരുമേനി (സ) അരുളി: 'തന്നേക്കാൾ ധനവും ശാരീരികമേന്മയുമുള്ള ഒരാളിലേക്ക് നിങ്ങളിലാരെങ്കിലും നോക്കിക്കഴിഞ്ഞാൽ തന്നേക്കാൾ ആ രണ്ടു വിഷയങ്ങളിലും താഴ്ന്ന നിലയിലുള്ളവരേയും അവൻ നോക്കിക്കൊള്ളട്ടെ.

***(ബുഖാരി)***

## വാർത്തകൾ

# ഏകദിന തർബിയ്യത്ത് ക്യാമ്പ്

മൂവാറ്റുപ്പുഴ: അർബൻ ബാങ്ക് ഓഡിറ്റോറിയത്തിൽ മെയ് 26-ാം തിയ്യതി ഏകദിന തർബിയ്യത്ത് ക്യാമ്പ് നടന്നു. മേഖലാ നാസിം പി. കെ. ശാഹുൽ ഹമീദ് സാഹിബിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ ഖലീഫ തിരുമനസ്സിന്റെ ഖുത്ബകളെ ആസ്പദമാക്കി മൗലവി നജ്മുദ്ദീൻ സാഹിബ് പ്രസംഗിച്ചു. തുടർന്ന് 'വെളിപാട്, യുക്തി, ജ്ഞാനം, സത്യം' എന്ന പുസ്തകത്തെ ആസ്പദമാക്കി എറണാകുളം മേഖലാ ഖായിദ് മുഹമ്മദ് സഫ്‌വാൻ പ്രസംഗിച്ചു. എറണാകുളം മേഖലാ അമീർ അഹ്‌മദ് കബീർ സാഹിബിന്റെ ഉപദേശപ്രസംഗത്തോടെ ക്യാമ്പ് സമാപിച്ചു. മൗലവി ഉസ്മാൻ സാഹിബ് തിലാവത്തും ടി. പി. ഷൗക്കത്ത് സാഹിബ് പദ്യാലാപനവും നടത്തി. ⬣

# സെമിനാർ

മൂവാറ്റുപുഴ: അർബൻ ബാങ്ക് ഓഡിറ്റോറിയത്തിൽ മെയ് 26ന് ഞായറാഴ്ച വൈകുന്നേരം Revelation Rationality Knowledge & Truth എന്ന പുസ്തകത്തെ ആധാരമാക്കി ഒരു സെമിനാർ നടക്കുകയുണ്ടായി. മേഖല അമീർ ബി.ബി. അഹ്‌മദ് കബീർ സാഹിബ് അദ്ധ്യക്ഷത വഹിച്ചു. പ്രശസ്ത സാഹിത്യകാരൻ പായിപ്ര രാധാകൃഷ്ണൻ സെമിനാർ ഉദ്ഘാടനം ചെയ്തു. സത്യദൂതൻ പത്രാധിപർ എ.എം. മുഹമ്മദ് സലിം സാഹിബ് വിഷയം അവതരിപ്പിച്ചു. തുടർന്ന് എറണാകുളം ജില്ലാ ഭാരതീയ വിചാരകേന്ദ്രം സെക്രട്ടറി ശ്രീ അപ്പു പ്രസംഗിച്ചു. ഖുദ്ദാമുൽ അഹ്‌മദിയ്യാ നോർത്ത് സോൺ ഖാഇദ് ഇ.എച്ച്. നജീബ് സാഹിബ് സ്വാഗതഭാഷണം നടത്തി. എറണാകുളം മേഖലാ അൻസാറുല്ലാഹ് നാസിം പി.കെ. ശാഹുൽ ഹമീദ് സാഹിബ് നന്ദി പറഞ്ഞു. മൗലവി മുഹമ്മദ് സലിം സാഹിബ് തിലാവത്ത് നിർവ്വഹിച്ചു. ⬣




*എറണാകുളം മസ്ജിദ് ഉമറിൽ നടന്ന സെമിനാർ സോണൽ അമീർ ബി.ബി. അഹ്‌മദ് കബീർ സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. സത്യദൂതൻ പത്രാധിപർ എ.എം. മുഹമ്മദ് സലിം സാഹിബ്, ദക്ഷിണ കേരള ഖുദ്ദാമുൽ അഹ് മദിയ്യാ ഖാഇദ് ഇ.എച്ച്. നജീബ് സാഹിബ്, റഹീം ആപ്പാഞ്ചിറ സാഹിബ് എന്നിവർ പ്രസംഗിച്ചു.*

### ഇത് എന്റെ കഴിവിൽ പെട്ടതാണോ?

വാളും കുന്തവുമൊന്നുമില്ലാതെ വർത്തമാനകാലം നമ്മെ എങ്ങനെ ആകർഷിച്ചുവെന്നും ഹൃദയങ്ങളെ നാമെങ്ങനെ വശീകരിച്ചുവെന്നും നിങ്ങൾ കാണുന്നില്ലേ? ഇതു മനുഷ്യന്റെ കഴിവിൽപ്പെട്ടതാണോ? ആകാശത്തിൽ നിന്നുള്ള ഒരാകർഷണം! കണ്ണുള്ളവരെല്ലാം അതു കാണുന്നു. പ്രദോഷത്തിൽ നിഷേധിയായവൻ പ്രഭാതത്തിൽ വിശ്വാസിയായി മാറുന്നു. ഇതു മനുഷ്യന്റെ കഴിവിൽ പെട്ടതാണോ? റമളാനിൽ സൂര്യചന്ദ്രന്മാർ സാക്ഷി പറയാൻ ഇറങ്ങിവന്നു. ഇതു മനുഷ്യന്റെ കഴിവിൽ പെട്ടതാണോ? ഞാനൊറ്റക്കായിരുന്നു. അപ്പോൾ, സഹായികളുടെ ഒരു പട തന്നെ നിനക്കുവേണ്ടി തയ്യാറാക്കുമെന്നുള്ള സന്ദേശം ലഭിക്കുന്നു. റഹ്‌മാനായ റബ്ബ് പറഞ്ഞതുപോലെ അതിന്റെ പുലർച്ചയുണ്ടാകുന്നു. ഇതു മനുഷ്യന്റെ കഴിവിൽപെട്ടതാണോ?

**ഹദ്റത്ത് അഹ്‌മദ് (അ)**
**(മവാഹിബുർ റഹ്‌മാൻ)**

## സെമിനാർ

എറണാകുളം: ചാൾസ് ഡാർവിന്റെ ഇരുനൂറാം ജന്മവാർഷികത്തിന്റെ പശ്ചാത്തലത്തിൽ 'വെളിപാട്, യുക്തി, ജ്ഞാനം, സത്യം' എന്ന വിശ്രുതഗ്രന്ഥത്തെ ആധാരമാക്കി 'ജീവോൽപത്തിയും പരിണാമസിദ്ധാന്തവും വിശുദ്ധ ഖുർആന്റേയും ശാസ്ത്രത്തിന്റെയും അടിസ്ഥാനത്തിൽ' എന്ന വിഷയത്തിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ യുവജനസംഘടനയായ ദക്ഷിണ കേരള ഖുദ്ദാമുൽ അഹ്മദിയ്യാ എറണാകുളം മസ്ജിദ് ഉമറിൽ വെച്ച് ഏപ്രിൽ 4ന് സെമിനാർ സംഘടിപ്പിച്ചു. എറണാകുളം സോണൽ അമീർ ബി.ബി. അഹ്മദ് കബീർ സാഹിബ് സെമിനാർ ഉദ്ഘാടനം ചെയ്തു. കേവലം ഒരു സ്ഫോടനത്തിൽ നിന്ന് യാദൃശ്ചികമായാണ് പ്രപഞ്ചവും ജീവജാലങ്ങളും സൃഷ്ടിക്കപ്പെട്ടതെന്ന വാദം യുക്തിയ്ക്ക് നിരക്കാത്തതാണെന്ന് അദ്ദേഹം പറഞ്ഞു. ഒരു പ്രിന്റിംഗ് പ്രസ്സിൽ സ്ഫോടനമുണ്ടായപ്പോൾ അവിടെ നിന്ന് ഒരു ഡിക്ഷണറി രൂപം കൊണ്ടു എന്നു പറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമോ? അറിവിന്റെ വിശാലലോകത്തേക്കുള്ള വാതായനമാണ് റെവലേഷൻ എന്ന ഗ്രന്ഥം തുറന്നു തരുന്നതെന്നും അദ്ദേഹം പറഞ്ഞു. സത്യദൂതൻ പത്രാധിപരും വിവർത്തകനുമായ എ.എം. മുഹമ്മദ് സലീം സാഹിബ് മുഖ്യപ്രഭാഷണം നിർവ്വഹിച്ചു. ഭൗതിക ലോകത്തേയും ആദ്ധ്യാത്മിക ലോകത്തേയും പരസ്പരം ബന്ധിപ്പിക്കുക എന്നതാണ് റെവലേഷൻ എന്ന ഗ്രന്ഥത്തിന്റെ ലക്ഷ്യമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. സ്വതന്ത്ര ഓക്സിജൻ ഇല്ലാത്ത അവസ്ഥയിലാണ് ജീവന്റെ ആദ്യസ്ഫുരണമുണ്ടാകുന്നത്. പിന്നെ ഓക്സിജൻ എവിടെ നിന്ന് ലഭിച്ചുവെന്നത് ശാസ്ത്രജ്ഞനെ കുഴക്കുന്ന പ്രശ്നമാണ്. അദ്ദേഹം പറഞ്ഞു. കുരങ്ങിൽ നിന്നാണ് മനുഷ്യനുണ്ടായതെന്ന വാദത്തെ ഇസ്‌ലാം അംഗീകരിക്കുന്നില്ലന്നു മൗലവി നാസിർ അഹ്മദ് സാഹിബ് പറഞ്ഞു. പരിണാമം എന്നത് പൂർണ്ണതയിലെത്തുവാനുള്ള ദൈവീക സംവിധാനമാണെന്നും മരണാനന്തരജീവിതം മറ്റൊരു പരിണാമഘട്ടമാണെന്നും സെമിനാറിൽ അധ്യക്ഷത വഹിച്ച ദക്ഷിണ കേരള ഖുദ്ദാമുൽ അഹ്മദിയ്യാ ഖാഇദ് ഇ.എച്ച്. നജീബ് സാഹിബ് പ്രസ്താവിച്ചു. മൗലവി സലീം സാഹിബ് കൊടുങ്ങല്ലൂർ അഹ്മദ് ഷാഫി സാഹിബ്, മുഹമ്മദ് സഫ്‌വാൻ സാഹിബ് എന്നിവരും സംസാരിച്ചു. വിഷയത്തെ അധികരിച്ച് ചോദ്യോത്തരവുമുണ്ടായിരുന്നു. ⬣

**– ബി.എ. മുഹമ്മദ് നജീബ്, എറണാകുളം**

# വിദ്യാർഥി ജാഗരണ ശില്പശാല നടത്തി

മണ്ണാർക്കാട് : ഖിലാഫത്തിന്റെ രണ്ടാം ശതകം വിദ്യാഭ്യാസത്തിന്നായി സമർപ്പിക്കപ്പെട്ടതാണെന്ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് തിരുമനസ്സിന്റെ ആഹ്വാനത്തിന്റെ വെളിച്ചത്തിൽ പാലക്കാട് / തൃശൂർ മേഖലാ ഏകദിന വിദ്യാർഥി ജാഗരണ ശില്പശാല സംഘടിപ്പിച്ചു.

മെയ് 5ന് മണ്ണാർക്കാട് ജി.എം. യു.പി. സ്കൂളിൽ സംഘടിപ്പിച്ച ശില്പശാലയിൽ മേഖലയിലെ ജമാഅത്തുകളിൽ നിന്ന് ഇരുനൂറോളം വിദ്യാർഥി വിദ്യാർഥിനികളും രക്ഷിതാക്കളും പങ്കെടുത്തു. അമീർ പ്രൊഫ. എം.കെ. അബ്ദുൽ കരീം സാഹിബ് ഔപചാരികമായ ഉദ്ഘാടനം നിർവ്വഹിച്ചു. മൂസവി മസീഹിന്റെ അനുയായികൾ എല്ലാ ഭൗതികമണ്ഡലത്തിലും ഉന്നതി കൈവരിച്ചിരിക്കുകയാണെന്നും മുഹമ്മദീ മസീഹിന്റെ അനുയായികളായ അഹ്മദികൾ അതിനേക്കാൾ ഉന്നതിയിലേക്കുയരേണ്ടവരാണെന്നും അദ്ദേഹം പറഞ്ഞു. അഹ്മദി വിദ്യാർത്ഥികൾ മനുഷ്യനന്മയെ ലക്ഷ്യമാക്കിയാവണം വിദ്യ അഭ്യസിക്കേണ്ടത്. ഭൗതിക അഭിവൃദ്ധികൾ അതിനെ പിന്തുടർന്നു ലഭ്യമായിക്കൊള്ളുമെന്ന് ഹുസൂർ തിരുമനസ്സിനെ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം ഓർമ്മിപ്പിച്ചു.

മേഖലാ ഖാഇദ് കെ. ഉണ്ണീൻ സാഹിബ് സ്വാഗതം പറഞ്ഞു. കുട്ടികൾക്കും രക്ഷിതാക്കൾക്കും വിവിധ സെഷനുകളായി നടത്തിയ ക്യാമ്പിൽ സിറാജ്, സാബിക് എന്നിവർ ക്ലാസെടുത്തു. വ്യക്തിത്വവികസനം, നേതൃത്വ പരിശീലനം, കരിയർ ഗൈഡൻസ്, പേരൻറ് ഇഫക്ടീവ്നെസ് ട്രെയിനിംഗ് ക്ലാസുകളാണ് നടത്തിയത്. ചെറിയ കുട്ടികൾക്ക് പി. സെയ്തുട്ടി മാസ്റ്റർ, കെ. അയമു മാസ്റ്റർ, എച്ച്. സുലൈമാൻ മാസ്റ്റർ, അമീർ പ്രൊഫ. അബ്ദുൽ കരിം സാഹിബ് എന്നിവരും ക്ലാസെടുത്തു. ⬣

**തിരുത്ത്**

2009 മേയ് ലക്കം ഉള്ളടക്കപേജിലെ 'ഈസാ നബി: അദ്ദേഹം..... വരുമോ?' എന്ന ലേഖനത്തിന്റെ കർത്താവിന്റെ പേര് 'ഖലീഫത്തുൽ മസീഹ്' എന്നതിനു പകരം 'സി.എൻ. അഹ്മദ് മൗലവി' എന്ന് തിരുത്തി വായിക്കുക. – എഡിറ്റർ